# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 52

വാല്യം - 16 ലക്കം - 9 ചിങ്ങം - 1200 സെപ്റ്റംബർ 2024






*2024ലേ എറണാകുളം കരയോഗത്തിന്റെ ഓണം വിപണനമേള എറണാകുളം ജില്ലാ സി ഡി ആർ സി. പ്രസിഡണ്ട് അഡ്വ.ഡി. ബി. ബിനു ഉദ്ഘാടനം ചെയ്തു.*




*നവീകരിച്ച ഗംഗാഹാളിനെകുറിച്ച് വിവിധമാധ്യമങ്ങളിൽ വന്ന റിപ്പോർട്ട്*



## എഡിറ്റോറിയൽ

# പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കട്ടെ

**ക**ഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ ഇടവിട്ടിടവിട്ട് ഓരോരോ തരത്തിൽ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ദുരന്തമുണ്ടായി കഴിയുമ്പോൾ കുറെ അനുശോചനപ്രസ്ഥാവനകളും, സഹായങ്ങളും ഒക്കെ മുറപോലെ നടത്തും. അതോടെ കഴിഞ്ഞു, ദുരന്തനിവാരണം. എന്നാൽ ഇനിയും ദുരന്തങ്ങളുണ്ടാകാതിരിക്കാൻ, വിലപ്പെട്ട മനുഷ്യജീവനും, സ്വത്തും നശിക്കാതിരിക്കാൻ വേണ്ട മുൻകരുതലെടുക്കുകയോ, പ്രകൃതി നശീകരണത്തിനെതിരെയുള്ള ബോധവത്കരണം മതിയാം വണ്ണം ചെയ്യുകയോ ചെയ്യുന്നില്ല എന്ന സത്യം അല്പം ഹൃദയവേദനയോടുകൂടി തന്നെ പ്രസ്താവിച്ചുകൊള്ളട്ടെ.

സഹ്യാദ്രിയുടെ തലോടലും അറബിക്കടലിന്റെ താരാട്ടുമേറ്റ്, നിലകൊള്ളുന്ന അതീവ സുന്ദരിയായ, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച, സസ്യശ്യാമളകോമളഭൂമിയായ നമ്മുടെ ഈ കൊച്ചു കേരളത്തിൽ എന്തേ അടിക്കടി ഇങ്ങനെ ദുരന്തങ്ങളുണ്ടാകാൻ കാരണം? പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ കൊച്ചു കേരളത്തിൽ നടക്കുന്ന പ്രകൃതിനശീകരണപ്രവർത്തികളല്ലേ? പശ്ചിമഘട്ടമലനിരകളിലെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പാടില്ലയെന്നും, ചില പ്രദേശങ്ങളിൽ ഒരു തരത്തിലുള്ള പ്രവർത്തനങ്ങളും ഉണ്ടാകരുതെന്നും ഡോ. മാധവ്ഗാഡ്ഗിൽ കമ്മറ്റി വളരെ വ്യക്തമായി അവരുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

2010-ൽ പശ്ചിമഘട്ട മലനിരകളും അതിനോട് ചേർന്ന് കിടക്കുന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളും നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതിയാണ് മേൽ പറഞ്ഞ റിപ്പോർട്ട് സമർപ്പിച്ചത്.

ശ്രീ മാധവഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള 14 അംഗസമതി പശ്ചിമഘട്ട മലനിരകളിലെ

# ഉള്ളടക്കം

വാല്യം 16 | ലക്കം 9 | സെപ്റ്റംബർ 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| യാത്രാ വിവരണം | 12 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം | 14 |
| മറിയ മാണ്ടി സോറി | 18 |
| നവരാത്രി | 20 |
| ചേർക്കുകില്ലേ കണ്ണാ | 32 |
| നമഃശിവായ | 33 |
| ആഗോളതാപനവും കൂട്ടവംശനാശവും | 35 |
| ദൃക്ക്ദൃശ്യ വിവേകം | 38 |
| പുകയിലും ശ്വാസകോശരോഗങ്ങളും | 43 |
| എന്റെ അമ്മയുടെ കഥ - എന്റെയും | 45 |
| ആരാണ് അമ്മ | 47 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ഓരോ പ്രദേശത്തെയും പറ്റി വിശദമായി പഠിച്ച് സമഗ്രമായ ഒരു റിപ്പോർട്ടാണ് സർക്കാറിന് നല്കിയത്, പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, അതുണ്ടാവുന്നില്ലെങ്കിൽ ഉണ്ടായേക്കാവുന്ന അപകടങ്ങളും ദുരനുഭവങ്ങളും എല്ലാം റിപ്പോർട്ടിൽ വിശദമായി പറഞ്ഞിട്ടുണ്ട്. കേരളം ഉൾപ്പെടെ 6 സ്ഥാനങ്ങളിലായി ഏതാണ്ട 1600 കി.മി നീണ്ടുകിടക്കുന്ന ഈ മലനിരകളെ പ്രധാനമായും മൂന്ന് മേഖലകളായിട്ടാണ് ഗാഡ്ഗിൽ കമ്മറ്റി വിഭജിച്ചത്. അതിൽ ആദ്യത്തേത് പാരിസ്ഥിതികമായി അതിലോല പ്രദേശം. ഈ പ്രദേശങ്ങളിൽ വലിയ നിർമ്മാണപ്രവർത്തനങ്ങൾ, വലിയ ഹൈവേകൾ, മൈനിങ്ങ് ക്വാറി പ്രവർത്തനങ്ങൾ, താപനിലയങ്ങൾ ഇങ്ങനെയുള്ളവയൊന്നും പാടില്ല എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുപോലെ 30 ശതമാനത്തിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ വാർഷികവിളകൾ കൃഷി ചെയ്യാൻ പാടില്ല. ഗാഡ്ഗിൽ കമ്മറ്റിയുടെ റിപ്പോർട്ട് വന്നപ്പോൾ മുതൽ ഒരു വിഭാഗം ആളുകൾ ഈ റിപ്പോർട്ടിനെതിരെ ഉറഞ്ഞുതുള്ളുന്ന കാഴ്ചയാണ് നാം കണ്ടത്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ ടൂറിസത്തിന്റെ പേരിൽ വൻകിട ഹോട്ടലുകളും, അനുബന്ധവ്യവസായസ്ഥാപനങ്ങളും ധാരാളം ഉയർന്നുവന്നു. അതുപോലെ, അനധികൃതകുടിയേറ്റങ്ങളും ഏറെയുണ്ടായി. ഇവരൊക്കെ ആയിരുന്നിരിക്കാം ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ സമരവുമായി രംഗത്തെത്തിയത്. അതിനെ പിന്തുണയ്ക്കാൻ സ്വാർത്ഥമതികളായ ചില രാഷ്ട്രീയ പാർട്ടികളും എത്തി. എന്ത് ജനദ്രോഹനടപടികളായാലും, ദേശദ്രോഹ നടപടികളായാലും ശരി, വോട്ടിനു വേണ്ടി അവരുടെ പിന്നാലെ പോകാനും പ്രീണനം നടത്താനും മടിയില്ലാത്തവിധം അധ:പതിച്ചു കഴിഞ്ഞിരിക്കുന്നു, ചിലരാഷ്ട്രീയ പാർട്ടികൾ. ഏതായാലും സമരക്കാർ ജയിച്ചു ഗാഡ്ഗിൽ റിപ്പോർട്ടു പഠിക്കാൻ കസ്തൂരി രംഗൻ സമിതിയെ സർക്കാർ നിയോഗിച്ചു ഗാഡ്ഗിൽ കമ്മിറ്റി പാരിസ്ഥിതികലോല പ്രദേശം എന്ന് കണ്ടെത്തിയ പശ്ചിമഘട്ടത്തിലെ 64ശതമാനം പ്രദേശത്തിൽ കസ്തൂരി രംഗൻ കമ്മറ്റി മാറ്റം വരുത്തി അത് 37 ശതമാനം ആയി കുറച്ചു. എന്തായാലും പ്രകൃതിയുടെ പ്രതിഭാസങ്ങളെക്കുറിച്ച് അഗാധമായ പാണ്ഡിത്യമുള്ള ശ്രീ ഗാഡ്ഗിൽ അന്ന് പറഞ്ഞിരുന്നു. പ്രകൃതി നശീകരണം ഇതുപോലെ തുടർന്നാൽ പ്രകൃതി ക്ഷോഭിക്കും. അതിന്റെ ഫലം അതിദാരുണമായിരിക്കും. പ്രകൃതിനശീകരണം അടിയന്തിരമായി നിർത്തുന്നില്ലെങ്കിൽ അതിഭീകരമായ ദുരന്തമാണുണ്ടാവാൻ പോകുന്നത്. അതിന് അധികകാലം വേണ്ടിവരില്ല, നമ്മളൊക്കെ ജീവിച്ചിരിക്കുമ്പോൾ തന്നെ ഇത് സംഭവിച്ചേക്കാം എന്ന് അന്നേ അദ്ദേഹം പറഞ്ഞിരുന്നു. ഇന്ന് ആ വാക്കുകൾ അക്ഷരാർത്ഥത്തിൽ തന്നെ സംഭവിച്ചിരിക്കുന്നു. ഒരിക്കലും സംഭവിക്കരുതേയെന്ന് നാമെല്ലാം ആഗ്രഹിച്ചിരുന്ന, പ്രാർത്ഥിച്ചിരുന്ന പ്രകൃതിയുടെ ആ ഭീകരതാണ്ഡവം വയനാട്ടിലെ ഒരു പ്രദേശത്തെ മുഴുവൻ ഉന്മൂലനം ചെയ്തിരിക്കുന്നു. മരിച്ചവരുടെയും, കാണാതായവരുടെയും യഥാർത്ഥ കണക്ക് ഇന്നും പറയുവാൻ കഴിഞ്ഞിട്ടില്ല. തുടരെത്തുടരെ ഉണ്ടായ ഉരുൾപൊട്ടലിൽ മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം എന്നീ ഗ്രാമങ്ങൾ അങ്ങനെ തന്നെ തുടച്ചുനീക്കപ്പെട്ടു. ഈ പ്രദേശത്തെ ജനങ്ങൾ ഒരു ജീവിതകാലം കൊണ്ട് കരുപ്പിടിപ്പിച്ചതും പൂർവ്വികരുടെ സമ്പാദ്യവും എല്ലാം മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി. കൂട്ടത്തിൽ ഒഴുകി വന്ന മണ്ണിനും കല്ലിനും അടിയിൽ ആയിരങ്ങൾ അടിപ്പെട്ടുപോയി. ഇത്രയും ജനങ്ങളുടെ ജീവഹാനിക്കും, സ്ഥാവര ജംഗമസ്വത്തുക്കളുടെയുമൊക്കെ നഷ്ടത്തിനും കാരണക്കാർ അമിതമായ സ്വാർത്ഥലാഭത്തിനുവേണ്ടി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച്, തെറ്റായ വഴിയിലൂടെ അവരെ നയിച്ച്, സമരാഭാസങ്ങൾ നടത്തിയ ആ ഒരു വിഭാഗം ആളുകളും അവർക്ക് ഓശാന പാടിയ രാഷ്ട്രീയപ്പാർട്ടികളുമല്ലെ.? ഒരുപക്ഷെ ഇന്ന് ദാരുണമായ ഈ പ്രകൃതി ദുരന്തത്തിനിരയായ അനേകരിൽ ആരെങ്കിലുമൊക്കെ അന്ന് ഈ സമരത്തിൽ പങ്കെടുത്തവരായിരുന്നിരിക്കാം. ഈ ദുരന്തത്തിൽ നമ്മുടെ അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കപ്പെടാതിരിക്കാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഉത്തരവാദപ്പെട്ടവരോട് അഭ്യർത്ഥിക്കുന്നു. പ്രകൃതി സംരക്ഷണം എന്ന വിഷയത്തെ അതിപ്രാധാന്യത്തോടെ കാണുകയും, മലകളേയും, മരങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പാഠ്യവിഷയങ്ങൾ സ്കൂൾ സിലബസിൽ ഉൾപ്പെടുത്തണമെന്നും ഞങ്ങൾ ആവശ്യപ്പെടുകയാണ്. നമ്മുടെ ഈ മനോഹരമായ കൊച്ചുകേരളത്തെ സസ്യശ്യാമളകോമളകേരളമായി എന്നും നിലനിർത്താൻ നമുക്കൊരുമിച്ചു കൈകോർക്കാം. ഇക്കാര്യത്തിൽ നമ്മുടെ നിലനില്പിന്റെ പ്രശ്നമായതുകൊണ്ടു തന്നെ എല്ലാവിധ ഭിന്നതകളും മറന്ന് ജാതിമതകക്ഷിരാഷ്ട്രീയവ്യത്യാസങ്ങളെല്ലാം മാറ്റിവെച്ചുകൊണ്ട്, ഒരു മനസ്സോടെ ഒന്നായി പ്രവർത്തിക്കാം. എല്ലാവർക്കും നന്മയുണ്ടാവട്ടെ എന്ന് ആശംസിക്കുന്നു, ഒപ്പം ഓണാശംസകളും.

ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*പ്രിയ കരയോഗാംഗങ്ങളെ,*

**എ**ല്ലാവർക്കും മുൻകൂറായിത്തന്നെ ഓണാശംസകളും - നവരാത്രി ആശംസകളും നേരുന്നു.

എറണാകുളം കരയോഗത്തെ സംബന്ധിച്ച്, ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള ഒരു മാസക്കാലം കൊണ്ട് കരയോഗത്തിന്റെ അഭിമാനമായ ഗംഗാഹാളിന്റെ നവീകരണ പ്രവർത്തനങ്ങൾ കാലത്തിനനുസൃതമായ രൂപഭംഗിവരുത്തിചെയ്യുകയായിരുന്നു. 2024 ഡിസംബർ 25 മുതൽ 2025 ഡിസംബർ 25 വരെയുള്ള ഒരു വർഷക്കാലം കരയോഗത്തിന്റെ ശതാബ്ദി വർഷമാണ്. അതിന്റെ ഭാഗമായിട്ട് കരയോഗത്തിന്റെ വിവിധ ഹാളുകളുടെ ശീതികരണശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ ജോലികളും 26 ദിവസംകൊണ്ട് ഏകദേശം 60ൽ പരം തൊഴിലാലികൾ രാവും പകലും ജോലി ചെയ്താണ് മേൽപറഞ്ഞ മരാമത്ത് പണികൾ ഭംഗിയായി പൂർത്തിയാക്കിയത്.

21-8-2024 ബുധനാഴ്ച എറണാകുളം കരയോഗത്തിൽ, ഭാരതത്തിന് തന്നെ അഭിമാനമായ മലയാളി ഐ എസ് ആർ ഓ ചെയർമാൻ ഡോ. എസ്. സോമനാഥൻ ടി ഡി എം ഹാൾ സന്ദർശിക്കുകയുണ്ടായി. നഗരത്തിൽ വിവിധ പരിപാടികളുമായി ബന്ധപ്പെട്ട് എറണാകുളത്ത് എത്തിയ അദ്ദേഹം കേരള കാർട്ടൂണിറ്റ് അസോസിയേഷന്റെ പരിപാടിയുമായി ബന്ധപ്പെട്ട് ഏകദേശം മൂന്നര മണിക്കൂറിലധികം സമയം ടിഡിഎം ഹാളിൽ ചിലവഴിച്ചു. അദ്ദേഹത്തിന് ഊഷ്മളമായ വരവേൽപ്പോടെ പൊന്നാട അണിയിച്ച് നാം സ്വീകരിച്ചു. തികച്ചും അഭിമാനകരമായും ആനന്ദകരവുമായ ഒരു ദിനമായിരുന്നു അത് എന്ന് പ്രത്യേകം സ്മരിക്കുന്നു.

ആഗസ്റ്റ് മാസം 30 മുതൽ സെപ്റ്റംബർ 15 വരെയുള്ള ദിവസങ്ങളിൽ ടിഡിഎം ഹാളിൽ മുൻവർഷങ്ങളിലേപ്പോലെ വിവിധ ഓണവിഭാഗങ്ങളും പ്രഥമനുകളും ഓണസദ്യയും എല്ലാം പ്രത്യേകം പ്രത്യേകം സ്റ്റാളുകളിൽ നിന്നും ലഭിക്കുന്നതായിരിക്കും.

2024 ഒക്ടോബർ 3 മുതൽ 13 വരെ 11 ദിവസം നീണ്ടു നിൽക്കുന്ന നവരാത്രി ആഘോഷപരിപാടികൾ എല്ലാ ദിവസവും വൈകുന്നേരം 6.15 മുതൽ ടിഡിഎം ഗംഗാഹാളിൽ നടത്തപ്പെടുന്നു. വിശദമായ പരിപാടികൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാന്യസുഹൃത്തുകളുടെയും സാന്നിദ്ധ്യം പ്രതീക്ഷിച്ചു കൊള്ളുന്നു.

4-8-24 മുതൽ നവരാത്രി ആഘോഷത്തൊടനുബന്ധിച്ച് മുൻവർഷങ്ങളിൽ നടത്തിയിരുന്നതുപോലെ കലാ സാഹിത്യ സംഗീത, പുരാണ ഇതിഹാസവുമായി ബന്ധപ്പെട്ട് സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നിങ്ങനെ തരംതിരിച്ച് മത്സങ്ങൾ നടത്തിവരുന്നു.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ സെപ്റ്റംബർ മാസ പ്രോഗ്രാം ടി.ഡി.എം. ഹാളിൽ സെപ്റ്റംബർ 21 ശനിയാഴ്ച ഉച്ചക്ക് അഞ്ചു മണി മുതൽ ആറു മണി വരെ - ചേന്ദമംഗലം കൈത്തറിയുടെ പുനർജീവനം എന്ന വിഷയത്തെ അധികരിച്ച് ശ്രീജിത്ത് ജീവൻ സംസാരിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടിയിൽ ശ്രീ. ഇ.പി. ശ്രീകുമാറിന്റെ 'സ്വരം' നോവലിനെ ആധാരമാക്കിയ സംഗീതശില്പം 2024 സെപ്റ്റംബർ 27 വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

### അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷ ഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

### കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടേയോ ജോയിൻ ചെയ്യാവുന്നതുമാണ്.

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം

പറവൂർ രാജഗോപാൽ - 9847291483

## പുത്തനൊരോണം

*പ്രിയപ്പെട്ട കൂട്ടുകാരേ,*

എങ്ങനെയിരുന്നു മഴക്കാലം നല്ല മഴ തന്നെ യായിരുന്നല്ലോ മഴ കണ്ടിരിക്കാനും, കൊണ്ടുനട ക്കാനുമൊക്കെ പണ്ട് ഞങ്ങൾ കുട്ടികൾക്ക് എന്ത് ഇഷ്ടമായിരുന്നെന്നോ കാത് വിരൽ കൊണ്ട് അട ച്ചുപിടിച്ച് വീണ്ടും തുറക്കുമ്പോഴാണ് മഴയുടെ താളവിന്യാസം ഞങ്ങൾ കുട്ടികൾക്ക് ഹരമായി ത്തീർന്നിരുന്നത്. നിങ്ങൾ മക്കൾക്കുമൊക്കെ മഴ യുമായി ഇത്തരം ചില ഇണക്കങ്ങൾ പരിചിതമാ യിരിക്കുമല്ലൊ.

മഴ മാറി മാനം തെളിഞ്ഞ് പുത്തനൊരോണ ക്കാലത്തേക്ക് നാം കടക്കുകയാണ്. മനസ്സ് കു ട്ടിക്കാലത്തെ അനുഭൂതികളിലേക്ക് ചിറകടിച്ച് പോകുന്നു.

ആഘോഷങ്ങളും ആചാരങ്ങളും തുടങ്ങു കയായി. ജ്യേഷ്ഠയെ പുറത്താക്കൽ, ശ്രീഭഗവ തിയെ അകത്തേക്ക് ഇരുത്തി ദശപുഷ്പം ചൂടി ച്ച് തുടങ്ങുന്ന ചടങ്ങുകൾ പല സ്ഥലങ്ങളിലും ഇന്നും കണ്ടേക്കാം. നാട്ടിൻ പുറത്തെ പഴമക്കാ രുടെ ഇടയിൽ പല ആചാരങ്ങളാണ്. ഇല്ലം നി റ, വല്ലം, നിറ വട്ടി നിറ, പത്തായം നിറ പുത്തരി പായസം വെയ്പ് അങ്ങനെ പോകുന്നു അനുഷ്ഠാ നങ്ങൾ ആചാരാനുഷ്ഠാനങ്ങൾ പലതെങ്കിലും മുറ്റത്തൊരു പൂക്കളം ഓണക്കാലത്ത് നിശ്ചയമാ യും കാണും. കുട്ടികൾ പൂ ഇറുത്ത് കൊണ്ടുവന്ന് പൂക്കളമൊരുക്കുന്നു. തൃക്കാക്കരയപ്പനെ പൂജി ക്കും. മഹാബലിതമ്പുരാനെ പൂക്കളത്തിലേക്കാ നയിച്ചുകൊണ്ടുവന്ന് പൂത്തറയിലിരുത്തി ഉപ്പേരി, ശർക്കരപുരട്ടി, അട ഒക്കെ നേദിച്ച് എല്ലാവരും പുതുവസ്ത്രങ്ങൾ ഓണക്കോടിയായി ഉടുക്കുന്നു. കലോത്സവങ്ങളെ അതിശയിപ്പിക്കുന്ന കലകൾ നാടെങ്ങും അരങ്ങേറുന്നു.

നാവിന്റെ ഉത്സവം കൂടിയാണ് ഓണം. നാവു നീട്ടിയതു പോലെ ഇലയിൽ ഇത്രയധികം വിഭവ ങ്ങളുമായി ഇതുപോലൊരു രുചിയുത്സവം ലോക ത്ത് മറ്റെങ്ങുമില്ല. വിവിധ രസങ്ങൾ കൊണ്ടും പോഷകങ്ങൾകൊണ്ടും സമ്പന്നമായ ഭക്ഷണ സംസ്ക്കാരത്തിന്റെ അടയാളം. മധുരം, പുളി, ഉപ്പ്, എരിവ്, കയ്പ്, ചവർപ്പ് ഇവയാണ് സദ്യയി ലെ ആറു രസങ്ങൾ. കണ്ണുകൊണ്ടും (വർണ്ണഭം ഗി) മൂക്കുകൊണ്ടും (ഗന്ധം) ആണ് സദ്യ ആദ്യം ആസ്വദിക്കേണ്ടത്.

കായനുറുക്ക്, ശർക്കരവരട്ടി, ചേനനുറുക്ക്, കൊണ്ടാട്ടം ഇവ നാക്കിലയുടെ ഇടതുഭാഗത്ത് താഴെയാണ് വിളമ്പുക. പപ്പടവും, പഴവും ഇട ത്തു തന്നെ. പിന്നെ തൊട്ടുകൂട്ടാനുള്ള വിഭവ ങ്ങൾ മധ്യഭാഗത്തുനിന്ന് വലതുഭാഗത്തേക്ക് അവിയൽ, തോരൻ, ഓലൻ, കാളൻ. കാളൻ വല ത്തേ അറ്റത്ത്. കറികളെല്ലാം വിളമ്പിയാൽ, പിന്നെ ചോറുവിളമ്പാം. സദ്യയിൽ ആദ്യം കഴിക്കേണ്ടത് ശർക്കരെ വരട്ടിയും കായ് ഉപ്പേരിയുമാണ്. ശർക്ക രവരട്ടിയിലെ മധുരം നാവിലെ രസമുകുളങ്ങളെ ഉത്തേജിപ്പിക്കും. ചുക്കുപൊടിയും ഉപ്പും ദഹനേ ന്ദ്രിയങ്ങളെ ഉണർത്തും.

പിന്നെ ചോറിലേക്ക് ചോറിന്റെ വലത്തെ പകു തിയിൽ പരിപ്പും നെയ്യും വിളമ്പിയിട്ടുണ്ടാകും. പപ്പടം കൂട്ടി പൊടിച്ച് ഈ ഭാഗമാണ് ആദ്യം ഉണ്ണുക. നെയ്യ് അഗ്നിയെ ഉത്തേജിപ്പിച്ച് ദഹനമു ണ്ടാക്കും. സാമ്പാർ വിളമ്പുമ്പോൾ കറികൾ കൂട്ടി ഉണ്ടു തുടങ്ങാം. ദഹനേന്ദ്രിയങ്ങളെ ഉത്തേജിപ്പി ക്കുന്ന പുളിയിഞ്ചിക്കു ശേഷം, മധുരമുള്ള കറി കൾ കഴിക്കുന്നതാണ് നല്ലത്. പിന്നെ കാളനും അവിയലും പച്ചടിയും എരിശ്ശേരിയുമെല്ലാം കഴി ക്കാം. സാമ്പാർ കഴിഞ്ഞാൽ കുറച്ചു ചോറുകൂ ടിയാവാം. പിന്നെ മോര്, രസം അവസാനമാണ് പായസം.

ഞാനെഴുതിയ ഒരോണകവിത ഇതാ-
'പുത്തനോണം'
ചിങ്ങവസന്തത്തിലെന്നും
പുലർകാലേ-
പൂക്കളം തീർക്കുന്നു
മുറ്റമെങ്ങും.
പൂമാന ഭംഗികൾ
പൂത്തുലഞ്ഞാടുന്നു
പൂത്തിങ്കൾ
മാനത്തുദിച്ചിടുന്നു.
പുഞ്ചിരി തൂകുന്നു
പിഞ്ചുമനസ്സുകൾ
തുള്ളികളിക്കുന്നു
മുറ്റങ്ങളിൽ, ഉള്ളം നിറയ്ക്കുന്നു.
പൂർവ്വസ്മരണകൾ
പുത്തനൊരോണം
വിരുന്നെത്തുന്നു.
ആട്ടവും, പാട്ടുംകൂത്തും കുരവയും
ആർപ്പുവിളിയുമായ് ഓണമെത്തി.
കോടിയുടുത്തു കുറിയിട്ടു കേരളം
മാവേലി മന്നനെ ഓർത്തിടുന്നു.

പൂക്കളം ഭൂമിയുടെ രോമാഞ്ചമാണ്. ഓണത്തി ന്റെ അലങ്കാരമാണ് ഓണത്തപ്പന് വന്നിരിക്കാ നുള്ള പീഠവുമാണ്.

കുമാരനാശാന്റെ കാവ്യാമൃതത്തിൽ നിന്ന് ചില വരികൾ

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വൻപിൽ തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളിപൊങ്ങി നിൽക്കുന്നിതാ മര-ക്കൊ
മ്പിൽ നിന്നു കോലോളം ദൂരത്തിൽ

ഓണം വരാനൊരു മൂലം വേണം ആ മൂല ത്തേയും, മൂല്യത്തേയും മറക്കാതെ, ഓർമ്മക ളിൽ തെളിഞ്ഞുനിൽക്കട്ടെ ഓണം, തിരുവോണം തന്നെയാകട്ടെ. വാമനജയന്തിയും മഹാബലിയു ടെ വരദാനലബ്ധിയുടെ അനുസ്മരണവുമാകട്ടെ.

**എല്ലാവർക്കും തിരുവോണാശംസകൾ.**

*****



# വാസ്തുശാസ്ത്രം


ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## വീട് പണിക്കു മുൻപ് പ്ലോട്ട് ശരിയാക്കണം

കഴിഞ്ഞ ദിവസം പോയ വീട്ടിൽ രണ്ടുപേർ നല്ല ജോലി ചെയ്യുന്നു കൂടാതെ റബ്ബറും കുരുമുളകുമുണ്ട്, സാമാന്യം നല്ല വീടാണ്. നാലു കിടപ്പുമുറികളുണ്ട് . തെക്കുവടക്കു നീളമുള്ള പ്ലോട്ടാണ്. വടക്കോട്ടു മുഖമുള്ള വീടിന്റെ വടക്കുകിഴക്ക് അടുക്കളയും തെക്കും പടിഞ്ഞാറും കിടപ്പുമുറികളുമാകുന്നു എന്നിട്ടും വീട്ടിൽ താമസിക്കുന്നവർക്ക് പലതരത്തിലുള്ള പ്രശ്നങ്ങൾകാരണം മനഃസമാധാനമില്ല. വടക്കോട്ടു മുഖമുള്ള വീടിന്റെ വടക്കു വശത്തു റോഡ് കിഴക്കുനിന്നും പടിഞ്ഞാറോട്ടു നല്ല ചരിവ് (സ്ലോപ്പ്) ആണ്. പറമ്പിന്റെ പടിഞ്ഞാറ് കിഴക്കിനെക്കാൾ 90 സി എം താഴ്ന്നാണ് ഇരിക്കുന്നത് ഈ പറമ്പിന്റെ പടിഞ്ഞാറെ പറമ്പ് നല്ല താഴ്ചയിലും, കിഴക്കെ പറമ്പ്1 .20 സിഎം ഉയരത്തിലുമാണ്. പ്ലോട്ട് ശരിയാക്കാതെ വീടുപണി തുടങ്ങരുതെന്ന് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാകുന്നു.

ഇതുപോലെയുള്ള പറമ്പിൽ വീടു പണിയുമ്പോൾ വീടുപണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം തിരഞ്ഞെടുത്തു നിരപ്പാക്കണം. കിഴക്കു ഉയർന്ന സ്ഥലത്തു വീടു പണിയുമ്പോൾ വടക്കോട്ടു കഴിയുന്നത്ര മാറ്റി വീടു പണിത് വീടിനു തെക്കുവശം വടക്കിനെക്കാൾ കുറച്ചു തെക്കുവശത്തു അതിരിടണം. പറമ്പ് ശരിയാക്കുമ്പോൾ വടക്കോട്ട് ചെറിയ സ്ലോപ്പ് ആക്കിയിടണം . വീടുനിൽക്കുന്ന സ്ഥലത്തു മഴ പെയ്താൽ വെള്ളം വടക്കോട്ടു തന്നേ ഒഴുകണം. വീട്ടിലേയ്ക്കുള്ള പ്രധാന ഗേറ്റ് വടക്കുകിഴക്കായിരിക്കണം.

പടിഞ്ഞാറോട്ട് നല്ല ചരിവുള്ള ഭൂമിയിൽ വീടുപണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം നിരപ്പാക്കിയശേഷം വീടിന്റെ കിഴക്കുവശം കഴിയാവുന്നത്ര തുറന്ന സ്ഥലം കിട്ടാൻ പാകത്തിന് വീടുപണിയണം. എത്ര വലിയ പറമ്പായാലും പടിഞ്ഞാറോട്ടും തെക്കോട്ടും ചരിവുള്ള ഭൂമിയാണെങ്കിൽ വീടു പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം നിരപ്പാക്കിയ ശേഷം ചുറ്റും അതിരുകെട്ടി വടക്കും, കിഴക്കും കൂടുതൽ സ്ഥലം കിട്ടാൻ പാകത്തിന് വീടുപണിയണം യാതൊരുകാരണവശത്താലും വടക്കോട്ട് വെള്ളം ഒഴുകാൻ പറ്റാത്ത ഭൂമിയാണെങ്കിൽ വെള്ളം വടക്കുകിഴക്കെമൂലയിൽവന്ന് അവിടെ നിന്നും കിഴക്കുവശം ചേർന്ന് തെക്കോട്ടു വിടാം.




*****

ക്ഷേത്രങ്ങളിലൂടെ

# നെല്ലുവായ് ധന്വന്തരിമൂർത്തി ക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

**ഓം നമോ ഭഗവതേ വാസുദേവായ**
**ധന്വന്തര മൂർത്തയേ അമൃതകലശഹസ്തായ**
**സർവ്വാമയ വിനാശായ, ത്രൈലോക്യനാഥായ**
**മഹാവിഷ്ണുവേ നമ:**

**ജീ**വനെ രക്ഷിക്കുന്നവനേ, അമൃതകലശമേന്തിയവനെ, സകലദു:ഖങ്ങളേയും അകറ്റുന്നവനേ, ത്രിലോകങ്ങൾക്കും നാഥനേ, ധന്വന്തരിയായി അവതരിച്ച ശ്രീ മഹാവിഷ്ണുദേവാ, അങ്ങയെ ഞാൻ വണങ്ങുന്നു. രോഗങ്ങൾക്കുള്ള ചികിത്സയോടൊപ്പം മികച്ച ഔഷധ തുല്യശക്തി നൽകുന്ന ഒരു ശ്ലോകമാണിത്. ഈ ശ്ലോകം നിത്യവും ഭക്തിപൂർവ്വം ജപിച്ചുകൊണ്ടു രോഗചികിത്സ നടത്തിയാൽ രോഗവിമുക്തമായി പൂർണ്ണ ആരോഗ്യം നേടാമെന്ന് ഭക്തർ വിശ്വസിക്കുന്നു.

പാലാഴി മഥനവേളയിൽ പാൽക്കടലിൽ നിന്നും ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ അംശാവതാരമായി പ്രത്യക്ഷപ്പെട്ട ധന്വന്തരിമൂർത്തിയെ ആദിഭിഷഗ്വരനായാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ധന്വന്തരിമൂർത്തിയെ ഭക്തിപൂർവ്വം ഭജിച്ചാൽ മാറാവ്യാധികളിൽ നിന്നു പോലും നമുക്ക് മുക്തിനേടാം. നമ്മുടെ പുരാണങ്ങളിൽ മനുഷ്യനന്മയ്ക്കായി അനവധി വൃതാനുഷ്ടാനങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. അവയൊക്കെ ജനനന്മക്കായി പ്രയോജനപ്പെടുത്തുക എന്നത് നമ്മുടെ ധർമ്മമാണ്. അച്യുതാ, ആനന്ദാ, ഗോവിന്ദാ എന്നി നാമോച്ചാരണങ്ങളെ ഔഷധങ്ങളായാണ് പുരാണങ്ങളിൽ വിശേഷിപ്പിക്കുന്നത്. കയ്യിൽ അമൃതകുംഭവുമായി ആവിർഭവിച്ച ഭഗവാന്റെ നാമം ഉച്ചരിക്കുന്നതുപോലും സർവ്വ രോഗ നിവാരണ ഫലം നൽകും എന്നാണ് വിശ്വാസം.

പ്രപഞ്ചത്തിലെ ആദ്യ ആയുർവേദ വൈദ്യനാണ് ധന്വന്തരിമൂർത്തി. ആയുർവേദത്തിന്റെ അധിഷ്ഠാന ദേവനായാണ് ഈ മൂർത്തിയെ സങ്കൽപ്പിക്കുന്നതു. ധന്വത്തെ ധരിക്കുന്നവനാണ് ധന്വന്തരി, ധന്വം എന്നാൽ ശാസ്ത്രം എന്നാണർത്ഥം. ദേവാസുരന്മാർ പാലാഴി കടഞ്ഞപ്പോൾ ദേവ വൈദ്യനായ ധന്വന്തരിമൂർത്തി കയ്യിൽ അമൃതകുംഭവുമായി പ്രത്യക്ഷനായി എന്നു വിശ്വസിക്കുന്നു. അങ്ങനെ ധന്വന്തരി ആയുർവേദത്തിന്റെ ഉപജ്ഞാതാവായി ആയുസ്സു സംരക്ഷിക്കുന്നതിനാവിശ്യമായ ആരോഗ്യരക്ഷാമാർഗ്ഗങ്ങൾ വിശദമാക്കുന്ന ഒരു ഭാരതീയ വിജ്ഞാനശാഖയാണ് ആയുവേദം. ആയുസ്സ് എന്നാൽ ജീവിത ദൈർഘ്യം എന്നും, വേദം എന്നാൽ ക്രമീകൃത വിജ്ഞാനം എന്നും പറയുന്നു ആയുസ്സിനെ രക്ഷിക്കുന്ന ശാസ്ത്രം ആയുർവേദം, മനസ്സിനും ശരീരത്തിനും പീഡയുണ്ടാകുന്നത് രോഗം. മനുഷ്യന്റെ പൊതുനന്മയെ ഉദ്ദേശിച്ചുള്ള പല വൃതാനുഷ്ഠാനങ്ങളും, ആരാധനാരീതിയും പുരാണങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് അതനുസരിച്ചു ഈശ്വരഭജനം ചെയ്താൽ സകലദുരിതങ്ങളിൽ നിന്നും മുക്തി നേടാൻ സാധിക്കും 'പൂർവജന്മകൃതം പാപം, വ്യാധിരൂപേണ ജായതേ' എന്ന പരമാർത്ഥത്തെ മനസ്സിലാക്കുമ്പോൾ മനസ്സ് പശ്ചാത്തപിക്കുന്നു. പശ്ചാത്താപ വിവശരാകുമ്പോൾ ഭക്തിയോടും നിഷ്ഠയോടും കൂടി സാക്ഷാൽ ധന്വന്തരിമൂർത്തിയെ ആശ്രയിക്കുവാനാണ് ഋഷീശ്വരന്മാർ ഉപദേശിക്കുന്നത്. മരുന്നും, മന്ത്രവും ചേർന്നാലെ രോഗമുക്തി സുഗമമാവുകയുള്ളു എന്നു ആയുർവേദ ഭിക്ഷഗ്വരന്മാരും സാക്ഷ്യപ്പെടുത്തുന്നു. ഭഗവാൻ മഹാവിഷ്ണുവിന്റെ അംശാവതാരവും അമരത്വവും പ്രദാനം ചെയ്യുന്ന അമൃതകുംഭവുമായി അവത

രിച്ച ശ്രീ ധന്വന്തരി ഭഗവാൻ പ്രധാന ദേവനായി കുടികൊള്ളുന്ന ഒരു ക്ഷേത്രമാണ് നെല്ലുവായ് ശ്രീ ധന്വന്തരി മൂർത്തി ക്ഷേത്രം. ഭഗവാൻ ശ്രീ മഹാവിഷ്ണു പല രൂപത്തിൽ ഭക്തർക്ക് അനുഗ്രഹം നൽകുന്നു. നെല്ലുവായ് ധന്വന്തരി ക്ഷേത്രം അതിപുരാതനമായ ക്ഷേത്രമാണ് ഇവിടെ ഭഗവാൻ വൈദ്യനായി ഭക്തർക്ക് അനുഗ്രഹം നൽകുന്നു. ഗുരുവായൂരപ്പക്ഷേത്രത്തോളം തന്നെ പഴക്കമുള്ള ക്ഷേത്രമാണിത് . ഗുരുവായൂർ ക്ഷേത്രത്തിലെ ഭഗവാന്റെ വിഗ്രഹം വസുദേവരു പൂജിച്ചിരുന്നതും, നെല്ലുവായയിലെ വിഗ്രഹം നന്ദഗോപരു പൂജിച്ചിരുന്നതുമാണ്.

കേരളത്തിലെ ധന്വന്തരിമൂർത്തി ക്ഷേത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമാണ് നെല്ലുവായ് ധന്വന്തരി ക്ഷേത്രം നല്ല വായുപുരമാണ് നെല്ലുവായ് എന്നറിയപ്പെടുന്നത്.

ആയുർവേദം പഠിച്ചുകഴിഞ്ഞാൽ വൈദ്യന്മാർ നെല്ലുവായ് ധന്വന്തരി ക്ഷേത്രത്തിൽ ഭജനമിരിക്കണം ഭഗവാന്റെ അനുഗ്രഹവും കുടിയുണ്ടായാലേ പഠിച്ച വിദ്യകൊണ്ട് പ്രയോജനമുണ്ടാവുകയുള്ളു എന്നാണ് വിശ്വാസം. പണ്ടുകാലത്തു പഠനം കഴിഞ്ഞു ഒരു വർഷം ഭജനം പൂർത്തിയാക്കിയ ശേഷമേ ചികിത്സ തുടങ്ങുമായിരുന്നുള്ളൂ ചതുർബാഹുവായ മഹാവിഷ്ണു ഭഗവാന്റെ കൈകളിൽ ശംഖു, ചക്രം, ജളുകം, അമൃതകലശവുമാണ്. സർവ്വരോഗസംഹാരത്തെയാണ് അത് സൂചിപ്പിക്കുന്നത്, ആരോഗാവസ്ഥ എല്ലാവരുടെയും സ്വപ്നമാണ് ആഗ്രഹമാണ്. അട്ടയെക്കൊണ്ടുകടിപ്പിച്ചു അസുഖം മാറ്റിയിരുന്നു. കുട്ടഞ്ചേരിമൂസ്സിന്റെ ഉപാസനാമൂർത്തിയായിരുന്ന നെല്ലുവായ് ധന്വന്തരി ഭഗവാൻ ശക്തൻ തമ്പുരാന്റെ കാലത്തെ ജ്യോതിഷ പണ്ഡിതൻ മച്ചാട്ട് ഇളയത് ഈ ക്ഷേത്രത്തിൽ ഭജനമിരുന്നു. അദ്ദേഹത്തിനു കാലിൽ വൃണമുണ്ടായത് മാറുന്നതിനുവേണ്ടി ഭജനമിരുന്നു വൃണം പൂർണ്ണമായും മാറി അദ്ദേഹം ഭഗവാനെ ഭജിച്ചുകൊണ്ടു സ്തോത്ര പഞ്ചശിഖ എഴുതി ഭഗവാനു സമർപ്പിക്കുകയും ചെയ്തു. കുംഭം ഒന്നിനാണ് സ്തോത്ര പഞ്ചശിഖ സമർപ്പിച്ചത് ഗുരുവായൂരിലെ നാരായണീയ സമർപ്പണംപോലെ .

ദേവ വൈദ്യന്മാരായ അശ്വിനിദേവന്മാർ കൊടുത്ത വിഗ്രഹമാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത് അശ്വിനി ദേവകൾ ച്യവന മഹർഷിക്കു മന്ത്രോപദേശം നൽകി അദ്ദേഹത്തിന് കാഴ്ചശക്തി തിരികെ ലഭിച്ച കഥകൾ മഹാഭാരതത്തിൽ കാണാം ക്ഷേത്രത്തിലെ പുനരുദ്ധാരണകാലത്തു വിഗ്രഹം മാറ്റി പ്രതിഷ്ഠിക്കുവാൻ ആലോചിക്കുകയും അടുത്തുള്ള സ്ഥലത്തുനിന്നും ശിലയെടുത്തു വിഗ്രഹം നിർമ്മിച്ചു ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുവാൻ കൊണ്ടു വരുന്ന വേളയിൽ അശ്വിനിദേവകൾ രണ്ടു ബ്രാഹ്മണ ബാലന്മാരുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു ഒരു വിഗ്രഹം നൽകുകയും ഇതാണ് ഇവിടെ പ്രതിഷ്ഠിക്കേണ്ട വിഗ്രഹം എന്നറിയിച്ചശേഷം അപ്രത്യക്ഷരാവുകയും ചെയ്തു . അതനുസരിച്ചു അശ്വിനിദേവകൾ കൊടുത്ത വിഗ്രഹം ഇവിടെ ശ്രീ കോവിലിൽ പ്രതിഷ്ഠിച്ചു. ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കാൻ വേണ്ടി ശിലയിൽ പണികഴിപ്പിച്ച വിഗ്രഹം പ്രത്യേക ശ്രീകോവിലിലും പ്രതിഷ്ഠിച്ചു. അത് ചെറുതേവർ എന്നു അറിയുന്നു ചെറുതേവർ വിഷ്ണു സങ്കൽപ്പമാണ് ചെറുതേവരുടെ ശ്രീകോവിലിൽ വരാഹ മൂർത്തിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്.

ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറു കോണിൽ ശ്രീമഹാദേവനും, നാലമ്പലത്തിനകത്തു ഗണപതിയും, ചുറ്റമ്പലത്തിനകത്തു അയ്യപ്പസ്വാമിയും വിരാജിക്കുന്നു. രോഗബാധിതരും, വൈദ്യന്മാരും ധാരാളമായി എത്തുന്ന ഈ ക്ഷേത്രം നല്ലവായുപുരത്തു സ്ഥിതി ചെയ്യുന്നു. രോഗം മാറാൻ രോഗികളും ജോലിയിൽ പിഴവുണ്ടാ

ശേഷം പേജ് -13

# ഓണാഘോഷം ഐതീഹങ്ങൾ

ഓണം, കേരളത്തിന്റെ ഏറ്റവും വലിയ ആഘോഷവും സമ്പ്രദായപരവും ആയുള്ള ഉത്സവമാണ്. ഓണത്തിന്റെ പ്രധാന ഉത്സവം തിരുവോണമാണ്, ഇത് മാവേലി തമ്പുരാന്റെ സ്മരണാർത്ഥം ആഘോഷിക്കുന്നു. ഒപ്പം വാമനജയന്തിയും കൊണ്ടാടുന്നു. ഈ ഉത്സവത്തിന്റെ പ്രധാന പ്രത്യേകതയാണ് അത്തം മുതൽ തിരുവോണം വരെ നീ ണ്ടുനിൽക്കുന്ന പത്ത് ദിവസങ്ങളിലെ ആഘോഷങ്ങളും ആചാരങ്ങളും. **പൂക്കളമിടൽ:** ഓണത്തിന്റെ ആദ്യ ദിവസം, ചിങ്ങ മാസത്തിലെ അത്തം നാളിൽ, പൂക്കളമിടൽ ആരംഭിക്കുന്നു. ഇത് 'അത്തപ്പൂ' എന്നും അറിയപ്പെടുന്നു. ആദ്യ ദിവസങ്ങളിൽ, പൂക്കളത്തിന് തുമ്പപ്പൂ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ദിവസങ്ങൾ കടന്നു പോകുമ്പോൾ, വിവിധതരം പൂക്കൾ ചേർത്ത് പൂക്കളം വലുതാക്കുന്നു. പൂക്കളത്തിലൂടെ, തൃക്കാക്കരയപ്പനെ ആരാധിക്കുന്നു. ഐതിഹ്യം പ്രകാരം, തൃക്കാക്കരയപ്പനെ എല്ലാവർക്കും ആരാധിക്കാനാവാത്തതിനാൽ തൃക്കാക്കരയപ്പൻ, ജനങ്ങൾക്ക് തങ്ങളുടെ മുറ്റത്ത് പൂക്കളം ഉണ്ടാക്കി ആരാധിക്കാൻ അനുവദിച്ചു എന്നാണ് പറയുന്നത്. **പത്ത് ദിവസത്തെ ആഘോഷങ്ങൾ:** ഓണം വളരെ സമ്പന്നമായ ആചാരങ്ങളാൽ നിറഞ്ഞു കിടക്കുന്നു. ഓരോ ദിവസത്തിനും പ്രത്യേകതകളും ആചാരങ്ങളും ഉണ്ട്: **അത്തം:** ഓണത്തിന് തുടക്കം കുറിക്കുന്ന ദിവസം. അത്തപ്പൂ എന്നറിയപ്പെടുന്ന പൂക്കളം, പച്ചപ്പൂകൾ ഉപയോഗിച്ച് സുന്ദരമായി അലങ്കരിക്കുന്നു. **ചിത്തിര:** വീടുകൾ വൃത്തിയാക്കുന്നതിലൂടെ ഓണത്തിന് തയ്യാറെടുക്കുന്നു. **ചോതി:** ഓണക്കോടി, പുത്തൻ വസ്ത്രങ്ങൾ വാങ്ങുന്ന ദിനം. **വിശാഖം:** ഓണസദ്യയുടെ ഒരുക്കം ആരംഭിക്കുന്ന ദിവസം. **അനിഴം:** വള്ളം കളിയുടെ തുടക്കം. **തൃക്കേട്ട:** ഓണത്തിന്റെ ആഘോഷങ്ങൾ കൂടുതൽ സജീവമാകുന്ന സമയം. **മൂലം:** ഓണസദ്യ തുടങ്ങുന്ന ദിവസം. **പൂരാടം:** വാമനവാമനമൂർത്തിയേയും മഹാബലി തമ്പുരാനേയും വരവേൽക്കാനായി വീടുകൾ ഒരുക്കുന്ന ദിവസം. **ഉത്രാടം:** ഒന്നാം ഓണം എന്നറിയപ്പെടുന്ന, ഓണാഘോഷത്തിന് തുടക്കം കുറിക്കുന്ന ദിവസം. **തിരുവോണം:** അവസാനവും, പ്രധാനവും ആയുള്ള തിരുവോണം. പച്ചപ്പൂകൾ കൊണ്ട് വലിയ പൂക്കളമൊരുക്കുകയും, സദ്യയൊരുക്കുകയും, എല്ലാവരും ഒരുമിച്ച് ഓണസദ്യ ഉണ്ട് ആഘോഷിക്കുന്ന ദിവസം. **ഐതിഹ്യം:** മഹാബലി മന്നന്റെ തിരികെ വരവിന്റെ ഐതിഹ്യമാണ് ഓണത്തിന്റെ പിന്നിൽ. ഈ പത്തു ദിവസം, കേരളത്തിൽ ഉത്സവത്തിന്റെ വിപുലമായ ആചാരങ്ങൾ പാലിക്കുന്നു, പൂവിടൽ മുതൽ, വള്ളം കളി വരെ, വാമനമൂർത്തിയെ ആരാധിക്കുക എന്നതും ഉൾപ്പെടുന്നു. ഈ ഉത്സവം കേരളത്തിലെ സംസ്കാരത്തിന്റെ ഭാഗമായും ആചാരപരവുമായുള്ള ഉദാഹരണമാണ്. ഓരോ ദിവസവും മറ്റൊന്നിനെ അപേക്ഷിച്ച് കൂടുതൽ പ്രാധാന്യം അർഹിക്കുന്നു, മാവേലി മന്നനേയും വാമനനൂർത്തിയേയും വരവേല്ക്കാനായി നമുക്ക് തയ്യാറെടുപ്പ് നടത്താം.

**എല്ലാവർക്കും ഓണാശംസകൾ.**

യാത്രാ വിവരണം

# കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ.....



ഭവാനി. കെ. -9895071101

*(രണ്ടാം ദിവസം)*

**രാ**വിലെ 9 മണിയോടുകൂടി ഈസ്റ്റേൺയൂറോപ്പിലേക്ക് യാത്ര ആരംഭിച്ചു. Austria യിലെ Salzburg ലേയ്ക്കായിരുന്നു യാത്ര. മുമ്പ് Republic of Austria എന്നറിയപ്പെട്ടിരുന്ന Austria ഇപ്പോൾ കിഴക്കൻ ആല്പിസാണ് ഉൾപ്പെടുന്നത്. ഇത് 9 ഫെഡറൽ സ്റ്റേറ്റുകളുടെ ഒരു സംയുക്ത ഭരണ സംവിധാനം നിലനില്ക്കുന്ന രാജ്യമാണ്. വിയന്നയാണ് ഈ ഫെഡറൽ സംസ്ഥാനത്തിന്റെ തലസ്ഥാനം. ഈസ്റ്റേൺ ആൽഫയിലെ മഞ്ഞുമൂടിയ മലനിരകളുടെ സുന്ദരമായ കാഴ്ചകളായിരുന്നു രാവിലെ കണ്ടത്.

Germeny, Czech Republic, Slovakia, Slovenia, Italy Switzerland എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന രാജ്യമാണ് ആസ്ട്രിയ. ആസ്ട്രിയയിലെ പ്രധാന മതം കൃസ്തുമതം തന്നെയാണ്. അതിലും ഭൂരിപക്ഷം കത്തോലിക്കരും. 1999 മുതൽ യൂറോയാണ് ഇവരുടെയും കറൻസി ആസ്ട്രിയ യു.എൻ അംഗത്വമുള്ള



ഒരു രാജ്യമാണ്. പ്രസിദ്ധ സംഗീതസംവിധായകൻ മുസാട്ടിന്റെ ജന്മദേശവും ആസ്ട്രിയയാണ്. കേരളത്തിന്റെ പലഭാഗത്തും ഉള്ളതു പോലെ പോർക്കും ബീഫും ധാരാളം പച്ചക്കറികളും ഉൾപ്പെടെയാണ് പ്രധാന



മായും അവർ കഴിക്കുന്നത്. വ്യത്യസ്ഥമായ പാചകരീതികളും ഭക്ഷണരീതികളുമാണ് അവരുടേത്. ഭക്ഷണശേഷം മധുരപലഹാരങ്ങൾ കഴിക്കുക എന്നുള്ളത് അവർക്ക് വളരെ നിർബന്ധമുള്ള ഒരു കാര്യമാണ്. അതുപോലെ യുവതലമുറകൾ ഉപയോഗിക്കുന്ന Redbul എന്ന എനർജി ഡ്രിങ്കിന്റെ ഉത്ഭവകേന്ദ്രം Austria ആണ്. Austriaയിലൂടെ യാത്ര തുടരുമ്പോൾ എത്തിയത് ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ആട്ടോമൊബൈൽ മ്യൂസിയം ആയ BMW വിലായിരുന്നു. വ്യത്യസ്തമായ വാസ്തുനിർമ്മാണ ശൈലിയിൽ ആധുനിക രീതി ഉൾക്കൊണ്ട് 4 സിലിണ്ടറുകളുംകൂടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണശൈലി കൗതുകരമായിരുന്നു. 1973-ൽ ആരംഭിച്ച ഈ മ്യൂസിയത്തിൽ എയർക്രാഫ്റ്റ്, ഷിപ്പ് കാറുകൾ, ട്രെക്ക്, ബൈക്ക് എന്നുവേണ്ട 2024ലെ ഏറ്റവും പ

ുതിയ BMW വാഹനം വരെ പ്രദർശനത്തിൽ ഉണ്ടായിരുന്നു. ഇത് വലിയ ഒരനു ഭവം ആയിരുന്നു. ഏതൊക്കെ വാഹനങ്ങളുടെ ഫോട്ടോ പകർത്തണം ഏതു വേണ്ട എന്ന് തീരുമാനിക്കാനാവാത്ത അവസ്ഥ. 100 കണക്കിന് വാഹനങ്ങളും അതിന്റെ സ്പേയർ പാർട്ടുകളും. ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയില്ല ഈ കാഴ്ച്ച, തീർച്ച. BAVANIAN MOTOR VEHICLE എന്നതിന്റെ ചുരുക്കപ്പേരാണ് BMW എന്നുള്ളത്.

ഉച്ചഭക്ഷണത്തിന് ശേഷം മറ്റൊരു ടൂറിസ്റ്റ് പോർട്ടായ Hallein salt mine കാണുവാനാണ് പോയത്. 6–ാം നൂറ്റാണ്ടിൽ ഖനനം ആരംഭിച്ച ഈ ഖനി ഇന്ന് ഒരു വലിയ ടൂറിസ്റ്റ് കേന്ദ്രമാണ്. പ്രകൃതിദത്തമായി വെള്ളവും മഞ്ഞും ഒലിച്ചിറങ്ങി വ്യത്യസ്തമായ ലക്ഷക്കണക്കിന് രൂപങ്ങൾ സ്വയം പ്രകൃതി തന്നെ ഒരുക്കിയിരിക്കുന്ന അവിശ്വസനീയമായി കാഴ്ചയായിരുന്നു അത്. ഇവിടെ ഖനിയിലേയ്ക്കുള്ള യാത്ര ഒരു കൊച്ചു തീവണ്ടിയിൽ ആയിരുന്നു. 100 കണക്കിന് ആളുകൾ ഒരുമിച്ച് ഒരു കേന്ദ്രത്തിൽ എത്തി. അവിടെ നിന്ന് ഗൈഡിന്റെ സഹായത്തോടെ ഈ പുരാതന ഖനിയുടെ പ്രത്യേകതകളും അതിന്റെ ഖനനം ചെയ്യുന്ന രീതികളെ കുറിച്ചും വിശദമായി ഓരോ സ്ഥലത്തും വിശദീകരിച്ച് വിവരിക്കുകയുണ്ടായി. ഈ യാത്ര വളരെ മാനസികോത്സാഹവും അനുഭൂതിയും നൽകുന്നതായിരുന്നു. salzburg മലനിരകളുടെയിടയിലേയ്ക്കുള്ള നൂറ്റാണ്ടുകൾക്ക് മുമ്പ് Rock salt ഖനനത്തിന് അതിസാഹസികമായി ജോലി ചെയ്തിരുന്നത് eletictribs ഗോത്രവർഗ്ഗം ആയിരുന്നു. വെളുത്ത സ്വർണ്ണം എന്ന് അറിയപ്പെടുന്ന sanzber ഇതിന്റെ പര്യായമായും അറിയപ്പെടുന്നു. Rock satl ഉൽപ്പാദന രീതിയും ഗൈഡ് വിവരിച്ചു തന്നു. ഇതെല്ലാം ഒരു സ്ക്രീനിൽ പ്രദർശിപ്പിച്ച് സഞ്ചാരികളെ ചരിത്രം മനസ്സിലാക്കി തരികയും ചെയ്തു. വൈകുന്നേരത്തോടു കൂടി ഞങ്ങൾ അന്നത്തെ യാത്ര അവസാനിച്ച് Leonard Hotel ൽ എത്തിച്ചേരുകയും രാത്രി 9 മണിയോടുകൂടി അത്താഴം കഴിഞ്ഞ് അടുത്ത ദിവസത്തെ യാത്രയ്ക്കുള്ള തയ്യാറെടുപ്പിനായി അവരവരുടെ മുറിയിലേയ്ക്കു പോയി.

*(തുടരും)*

*****

പേജ് 13 ന്റെ തുടർച്ച

തിരിക്കുവാൻ വൈദ്യന്മാരും പ്രാർഥിച്ചു നല്ല ഫലം നേടുന്ന ക്ഷേത്രം. വെണ്ണ ചാർത്തൽ , ധന്വന്തരിഹോമം എന്നിവ പ്രധാന വഴിപാടുകളാണ്. ഗുരുവായൂരിൽ ഗുരുവായൂർ ഏകാദശി പോലെ നെല്ലുവായ്യിൽ വൈകുണ്ഡ ഏകാദശിക്കും വളരെയധികം പ്രാധാന്യം കല്പിക്കുന്നു. മുക്കുടി നിവേദ്യം പ്രധാനമാണ്, ഔഷധഫലം നൽകുന്നതുമാണ് . പഠിച്ച അറിവുകൾ ഫലപ്രദമാകണമെങ്കിൽ മനസ്സിലുള്ളത് പ്രവൃർത്തിയിലേയ്ക്ക് കൊണ്ടുവരണമെങ്കിൽ ഭഗവാന്റെ അനുഗ്രഹം വേണം. ആരോഗ്യസംരക്ഷണത്തിന് ഔഷധങ്ങളോടൊപ്പം ഭഗവത് പ്രാർത്ഥനയുംക്കൂടി ഉണ്ടായാലേ നല്ല ഫലം കിട്ടുകയുള്ളു എന്ന് ആയുർവേദ വൈദ്യനായ ധന്വന്തരിമൂർത്തി ഓർമ്മപ്പെടുത്തുന്നു. ശ്രീകൃഷ്ണ ഭഗവാന്റെ മാതാപിതാക്കൾ പൂജിച്ചാരാധിച്ചിരുന്ന ആ വിഗ്രഹത്തെ ഒരു നോക്കുകാന്നുന്നതുതന്നെ പുണ്ണ്യമാണ്. ഭഗവാൻ മഹാവിഷ്ണു പല രൂപത്തിലും ഭാവത്തിലും ഭക്തരെ അനുഗ്രഹിക്കുന്നു. ആയുർവേദ വൈദ്യനായി ഭക്തരെ അനുഗ്രഹിക്കുന്ന സാക്ഷാൽ ധന്വന്തരിദേവനെ നല്ലവായുപുരം എന്ന നെല്ലുവായ്യിലെത്തി ആയുരാരോഗ്യസൗഖ്യങ്ങൾക്കായി പ്രാർത്ഥിച്ചു, സംതൃപ്തരാകുവാൻ ഏവരെയും ഭഗവാൻ അനുഗ്രഹിക്കുമാറാകട്ടേ.

*****

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം . 5

എം.ആർ.എസ് മേനോൻ - 9037126220

*തുടർച്ച*

*ദേവീ ഉപാസനയ്ക്കു ഭാരതമൊട്ടാകെ നാം ആശ്രയിച്ചു വരുന്ന നാലു മഹത് ഗ്രന്ഥങ്ങൾ ലളിതാസഹസ്രനാമം, ദേവി മാഹാത്മ്യം, സൗന്ദര്യലഹരി, ദേവീഭാഗവതം എന്നിവ യാണ്. സവിശേഷമായപ്രാധാന്യം ഇവയ്ക്കു കേരളത്തിലും സാർവ്വത്രികമായുണ്ട്.*

**1. ലളിതാ സഹസ്രനാമം**

ദേവി ഉപാസകരെ സംബന്ധിച്ചി ടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥം ലളി താസഹസ്രനാമമാണ്. കുറച്ചു കാലം മുൻ പ് വരെ സാധാരണക്കാർക്ക് ലളിതാസഹസ്ര നാമം ചൊല്ലുന്നതിനു വിലക്കുകൾ ഉണ്ടായി രുന്നെങ്കിലും വിപുലമായി നടന്നുവരുന്ന സമൂഹ ലക്ഷാർച്ചന സർവ്വൈശ്വര്യ പൂജ, വിളക്ക് പൂജ എന്നിവയിലൂടെയെല്ലാം ലളി താ സഹസ്രനാമം സാധാരണ ഭക്തന്മാ രുടെയിടയിൽ പരിചിതമായിട്ടുണ്ട് ഇന്ന് ഹിന്ദുഭവനകളിൽ ലളിതാസഹസ്രനാമജ പം സാധാരണമായിത്തിർന്നിട്ടുണ്ട് ലളിതാ സഹസ്രനാമം ലോകമെങ്ങും പ്രചരിപ്പിക്കു ന്നതിന് മാതാ അമൃതാനന്ദമയി ദേവീ വഹി ച്ച പങ്ക് സുപ്രധാനമാണ്.

ബ്രഹ്മാണ്ഡപുരാണാന്തർഗതമായ ലളിതാസഹസ്രനാമം വിഷ്ണുവിന്റെ അവതാരമായ ഹയഗ്രിവൻ അഗസ്ത്യ മഹർഷിക്കുഉപദേശിക്കുന്നതാണ്ഒരിക്കൽദേവിവശി ന്യാദിവാഗ്ദേവതകളെ വിളിച്ചു ലോകകല്യാ ണാർത്ഥം ലളിതാസഹസ്രനാമം സ്ത്രോത്രം രചിക്കാൻ ആവശ്യപ്പെടുന്നു ശ്രീചക്രത്തിന്റെ അഷ്ട ത്രികോണകളിൽ ആരാധിക്കപ്പെടുന്ന വശിനി കാമേശ്വരി, മേദിനി വിമല ,അരുണ, ജയനി , സർവ്വേശ്വരി ,കൗളിനി എന്നിവരാ ണ് ഈ വാഗ്ദേവതകൾ. വാഗ്ദേവതകൾ ഇത് നിർമ്മിച്ചു ലളിതാ ദേവിയുടെ മന്ത്രി ണിയും ദണ്ഡിനിയും (സേന നായിക) ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുംദേവന്മാരും അടങ്ങിയ സഭയിൽ സിംഹാസനസ്ഥയായി ഇരുന്നരുളുന്ന ദേവിയുടെ സന്നിധിയിൽവെച്ചു ചൊല്ലി സ്തുതിച്ചു. തുടർന്ന് ദേവി തന്റെ ഇഷ്ടാനുസരണം രചിച്ചഈസ്ത്രോത്രം തനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണെന്നും ഇത് നിത്യ വും ജപിക്കുന്നവരുടെ സർവ്വാഭീഷ്ടങ്ങളും താൻ സാധിച്ചു തരുന്നതാണെന്നും പ്രഖ്യാ പിച്ചു. ശ്രീവിദ്യോപാസനയുടെ അവിഭാജ്യ ഘടകമാണ് ലളിതാസഹസ്ര നാമം എന്ന് ബ്രഹ്മാണ്ഡ പുരാണം പറയുന്നു .

**ലളിതാ ദേവിയുടെഅവതാരകഥ**

ശിവന്റെ കോപാഗ്നിയിൽ കാമദേവൻ ഭസ്മമായി. ചിത്രകാമൻ എന്ന ശിവഗണം ആ ഭസ്മം കൊണ്ടു ഒരു മനുഷ്യരൂപംവരച്ചു. ശിവകടാക്ഷം കൊണ്ട് ജീവൻവെച്ച മനുഷ്യരൂ പം ശതരുദ്രിയം ചൊല്ലി ശിവനെ സ്തുതിച്ചു. സന്തുഷ്ടനായ ശിവൻ അറുപതിനായിരം വർഷം സ്വർഗ്ഗാധിപത്യം നൽകി അനു ഗ്രഹിച്ചു. ഭണ്ഡാസുരൻ എന്ന ഈ രൂ പം ദേവന്മാരെ പീഡിപ്പിക്കാൻ തുടങ്ങി. ദുഃഖിതരായ ദേവന്മാർ നാരദന്റെ ഉപ ദേശപ്രകാരം യാഗം ചെയ്തു ദേവിയെ പ്രസാദിപ്പിച്ചു ഈ യാഗവേദിയിലെ അഗ്നി യിൽ നിന്ന് ഉത്ഭവിച്ച ശ്രീചക്രാസ്ഥിതയായ ലളിതാദേവി ഒരു കന്യകക്ക് ഭണ്ഡാസുരനെ വധിക്കാൻ കഴിയായ്കയാൽ ഒരു വരണ മാല്യം ആകാശത്തേക്ക് എറിയുകയും ആ മാ ല്യം കാമേശ്വരന്റെ(ശിവൻ) കഴുത്തിൽ ചെന്ന് വീഴുകയും ദേവീ കാമേശ്വരനെ വരിക്കുക യും ചെയ്തു. തുടർന്ന് ഭണ്ഡാസുരനെയും കൂട്ടുകാരനെയും ദേവി യുദ്ധത്തിൽ തോ

ൽപ്പിക്കുകയും കാമദേവനെ പുനർജീവിപ്പി ക്കുകയും ചെയ്തു. അനന്തരം ലളിതാദേവി മഹാമേരുശിഖരത്തിൽ വിശ്വകർമ്മാവിനാലും മയനാലും നിർമ്മിതമായ ശ്രീപുരത്തിൽ ചി ന്താമണി ഗ്രഹത്തിൽ കാമേശ്വരനോടൊത്തു വസിച്ചു. വാത്സല്യമയിയായ അമ്മയായും, എല്ലാ ലോകങ്ങൾക്കും മഹാരാജ്ഞിയായും ജ്ഞാനമാകുന്ന അഗ്നികുണ്ഡത്തിൽ നിന്ന് ധർമ്മസംസ്ഥാപനത്തിനായി ജനിച്ചവളാ യും, ദേവിയെ ലളിതാസഹസ്രനാമത്തിൽ വർണ്ണിക്കുന്നു ബ്രഹ്മാവിഷ്ണു രുദ്ര ഈ ശാനന്മാർ കാലുകളായ കട്ടിലിൽ സദാശി വനാകുന്ന മെത്തയിൽ ശിവകാമേശ്വരന്റെ മടിത്തട്ടിൽ പ്രസന്നവദനയായിരിക്കുന്ന ദേ വിയെ ലളിതാസഹസ്രനാമത്തിൽ വർണ്ണി ക്കുന്നു.

ലളിതാസഹസ്രനാമത്തിന്റെ ധ്യാനശ്ലോക ങ്ങളിൽ ലളിതാ ദേവി സിന്ദുരം പോലെ അരു ണവർണ്ണമായ ശരീരത്തോടും മൂന്നുതൃക്കണ്ണു കളോടും കൂടിയവളും മാണിക്യങ്ങൾ പതിച്ച കിരീടത്തിൽ തിളങ്ങുന്ന അമ്പിളിക്കല ക ളോട് കൂടിയവളും, മന്ദസ്മിതം തൂകു ന്നവളും, വിശിഷ്ടങ്ങളായ ആഭരണങ്ങൾ അണിഞ്ഞവ ളും, മഞ്ഞപ്പട്ടണിഞ്ഞു വണ്ടുകളെ ആകർഷി ക്കുമാറ് സൗരഭ്യമാർന്ന കസ്തൂരി തിലകം ചാർത്തിപുഷ്പബാണവും വില്ലും, കയറും, അങ്കുശവും കൈകളിലേന്തി ചെമ്പരത്തിപ്പൂ വിന് തുല്യ ശോഭയോടെ വിളങ്ങുന്നവളുമാ യി വർണ്ണിക്കുന്നു

**സഹസ്രനാമത്തിന്റെ ഭാഷ:-**

അതിസുന്ദരങ്ങളായ പദഘടനകൾ കൊണ്ട് സമ്പന്നമാണ് ലളിതാസഹസ്രനാമം. താളാ ത്മകമായി ചൊല്ലുമ്പോൾ അനുഭൂതിദായക മായി മാറുന്ന

വദനസ്മരമാംഗല്യ ഗ്രഹതോരണചില്ലികാ
വക്ത്ര ലക്ഷ്മി പരിവാഹചലന്മി ലാഭ ലോചനാ
നവചമ്പക പുഷ്പാഭനാസാദണ്ഡവിരാജിതാ
താരകാന്തി തിരസ്കാര നാസാഭരണഭാസുരാ

തുടങ്ങിയ സൗന്ദര്യവർണ്ണന ലളിതാസഹസ്ര നാമത്തെ മികച്ച ഒരു സാഹിത്യകൃതിയാക്കി മാറ്റുന്നു.

വിഷ്ണു സഹസ്രനാമത്തിൽ അമൂർത്ത ആശയങ്ങൾക്കാണ് പ്രാധന്യമെങ്കിൽ ലളിതാ സഹസ്രനാമത്തിൽ ദേവിയുടെ സൂക്ഷ്മത ത്ത്വങ്ങളും ഗുണങ്ങളും രൂപവർണ്ണനകളും അടങ്ങുന്നു. വിഷ്ണുസഹസ്രനാമത്തിൽ 76 നാമങ്ങൾ 2 തവണയും 13 നാമങ്ങൾ 3 തവ ണയും 2 നാമങ്ങൾ 4 തവണയും ആവർത്തി ക്കുന്നെങ്കിലും ലളിതാസഹസ്രനാമത്തിൽ ഒരൊറ്റ മന്ത്രം പോലും ആവർത്തിക്കുന്നില്ല. ദീർഘമായ സമസ്തപദങ്ങൾ ഉണ്ടായിട്ടും ച, അപി തുടങ്ങിയ അവ്യയങ്ങൾ ഒന്നും ഉപ യോഗിക്കുന്നില്ല.

**ലളിതാ സഹസ്രനാമം മന്ത്രസാധന**

മനുഷ്യനു തന്റെയുള്ളിൽ സൂക്ഷ്മരു പത്തിൽ സ്ഥിതി ചെയ്യുന്ന ഈശ്വര ചൈത ന്യത്തെ ഉണർത്തി, വ്യക്തിസത്തയെ പ്രപ ഞ്ച സത്തയുടെ തലത്തിലേക്ക് ഉയർത്താൻ സാധിക്കുമെന്ന് ഋഷിമാർ അനുഭവത്തിലുടെ മനസ്സിലാക്കി. മനുഷ്യന്റെ സൂക്ഷ്മശരീര ത്തിൽ ഈ ശക്തിയുടെ ജാഗരണവുമായി ബന്ധപ്പെട്ട ആറു ശക്തികേന്ദ്രങ്ങളെപ്പറ്റി യോ ഗശാസ്ത്രം പരാമർശിക്കുന്നു. മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വി ശുദ്ധി ചക്രം, ആജ്ഞാചക്രം എന്നിവയാണ് സൂക്ഷ്മശരീരത്തിലെ ആറു ചക്രങ്ങൾ അഥ വാ സ്പന്ദകേന്ദ്രങ്ങൾ ഏറ്റവും താഴത്തെ ചക്രമായ മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന ഈ കുണ്ഡലിനിശക്തിയെ സാധനയിലൂടെ ഉണർത്തി സുഷ്മനാന്തരാളത്തിലുടെ ഉണർ ത്തി ആറു ഉപരിചക്രങ്ങളെ ഭേദിച്ചു അവയ്ക്കു മുപരി സ്ഥിതിചെയ്യുന്ന സഹസ്രാരത്തിലെ ത്തിയാൽ മനുഷ്യസത്ത പ്രപഞ്ചസത്തയുടെ തലത്തിലെത്തിച്ചേരുമെന്നു യോഗശാസ്ത്രം

നമ്മേ പഠിപ്പിക്കുന്നു. മൂലാധാരൈകനിലയാ മുതൽ ബിസതന്തുതനിയസി വരെയുള്ള മന്ത്രങ്ങൾ ഈ ആശയത്തെ വ്യക്തമാക്കുന്നു. മനുഷ്യനിൽ അന്തർലിനമായ പ്രപഞ്ചശക്തി തന്നെയാണ് ഈശ്വരശക്തിയെന്നു ഈ ആശയം നമുക്കിതിൽ നിന്ന് ലഭിക്കുന്നു. ആറു ആധാരചക്രങ്ങളിലെ ദളങ്ങളിൽ അ മുതൽ ക്ഷ വരെ യുള്ള അക്ഷരസ്പന്ദങ്ങൾ ന്യസിച്ചിരിക്കുന്നു ഇവയുടെ ഇരുപതിരട്ടി സ്പന്ദങ്ങളാണ് ശിരസ്സിലെ സഹസ്രാരത്തിൽ മന്ത്രാക്ഷരങ്ങൾ ജപിക്കുമ്പോൾ അവ ആധാരചക്രങ്ങളിലെ അക്ഷരകേന്ദ്രങ്ങളിൽ സ്പന്ദങ്ങൾ ഉണ്ടാക്കുകയും മനുഷ്യനിലെ സൂഷ്മബോധം ഉണരുകയും ചെയ്യുന്നു ശ്രീചക്രപൂജയ്ക്കും ശ്രീ വിദ്യാഉപാസനക്കും ഭഗവതി സേവയ്ക്കും ലളിതാസഹസ്രനാമം അനുപേക്ഷണിയമാണ്. വിധിപ്രകാരം ഉപദേശത്തോടെ ന്യാസാദി വിധിപ്രകാരം സാധാരണമട്ടിൽ സ്ത്രോത്രമായും സഹസ്രനാമം ചൊല്ലാവുന്നതാണ് തെറ്റുകൾ വരാതിരിക്കാൻ നോക്കി ചൊല്ലുകയാണ് ഉത്തമം. മനഃശുദ്ധിയോടും ഏകാഗ്രതയോടും മാനസപൂജയോടെ ലളിതാസഹസ്രനാമം ജപിക്കുന്നതാണ് ഗൃഹസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഉത്തമമെന്നാണ് ലളിതാസഹസ്രനാമത്തിനു ആഗോള തലത്തിൽ പ്രാധാന്യം നൽകിയ മാതാ അമൃതാനന്ദമയി ദേവി അഭിപ്രായപ്പെടുന്നത്.

**2 ദേവീ ഭാഗവതം**

വ്യാസവിരചിതമെന്നു വിശ്വസിക്കപ്പെടുന്ന പതിനെട്ടു പുരാണങ്ങളിൽ ഒന്നാണ് ഭാഗവത പുരാണം. വിഷ്ണു ഭാഗവതമാണ് ഇത് എന്നാണ് പൊതുവെയുള്ള വിശ്വാസം. അങ്ങനെയെങ്കിൽ ദേവീ ഭാഗവതം പതിനെട്ടു പുരാണങ്ങളിലോ ഉപപുരാണങ്ങളിലോ പെടുകയില്ല. പക്ഷേ പതിനെട്ടു പുരാണങ്ങളിൽപെട്ടത് ദേവീഭാഗവതമാണെന്നാണ് ഒരു വിഭാഗം ആളുകളുടെ വിശ്വാസം. പതിനെട്ടു പുരാണങ്ങളിൽപെട്ടതാണ് ദേവീഭാഗവതം എന്നാണ് ദേവീഭാഗവതത്തിൽ തന്നെ പ്രസ്താവിച്ചിട്ടുള്ളത്. കേരളത്തിന്റെ പാരമ്പര്യത്തിൽ ശാക്തേയ ഉപാസനയ്ക്കു വലിയ പ്രാധാന്യം ഉള്ളതുകൊണ്ട് ദേവീഭാഗവാതത്തിനും കേരളത്തിൽ പ്രചാരമുണ്ട്. ഭാഗവത സപ്താഹം പോലെ മൂലത്തിലും ഭാഷയിലും ദേവീ ഭാഗവത നവാഹവും കേരളത്തിൽ സർവ്വസാധാരണമാണ്. പുരാണലക്ഷണങ്ങൾ എല്ലാം ദേവീ ഭാഗവാതത്തിനും യോജിക്കുന്നുണ്ട് താനും. പരശുരാമൻ കേരളത്തെ സൃഷ്ടിച്ച ശേഷം രക്ഷയ്ക്കായി 108 ദുർഗ്ഗാലയങ്ങളും സ്ഥാപിച്ചുവെന്നാണ് വിശ്വാസം. ഉപനിഷത്തിന്റെയും അദ്വൈത ചിന്തയുടെയും സ്വാധിനം ശ്രീമദ് ഭാഗവാതത്തിനെന്നപോലെ ദേവീ ഭാഗവാതത്തിനും കാണാം പരാശക്തിയുടെ ഉദ്ഭവവും ശിഷ്ട്ടജനപരിപാലനവും ദുഷ്ട്ടജനനിഗ്രഹവും താന്നെയാണ് ദേവീഭാഗവാതത്തിലെ ഉള്ളടക്കവും. സരളമായ ശൈലിയിലാണ് ദേവീ ഭാഗവതത്തിന്റെ രചനയും ദേവീഭാഗവതത്തിലും ഭാഗവതപുരാണത്തിലെ പോലെ 12 സ്കന്ധങ്ങളാണ് ഉള്ളത്. ഭാഗവതത്തിൽ 332 അദ്ധ്യയങ്ങളാണ് ഉള്ളപ്പോൾ ദേവീഭാഗവതത്തിൽ 318 അദ്ധ്യയങ്ങളാണ ഉള്ളത്. രണ്ടു ഭാഗവതങ്ങളിലും ഉള്ള ഭൂഗോള വർണ്ണന, മന്വന്തരവർണ്ണന, ഭൂഖണ്ഡവിവരണം എന്നിവയുടെ സമാനതകൾ രണ്ടിലേയും ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥമാണ് ഉണ്ടായതെന്നും പിന്നീട് വൈഷ്ണ ശാക്തേയ ഭാഗവതങ്ങൾ വ്യത്യസ്തമായി രണ്ടു ഗ്രന്ഥങ്ങൾ രൂപം കൊണ്ടതാണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. രണ്ടും വ്യാസവിരചിതമാണ് എന്നാണ് വിശ്വാസമെങ്കിലും, രണ്ടു ഭാഗവതങ്ങളും രൂപം കൊണ്ടത് പത്താം നൂറ്റാ

ണ്ടിനു ശേഷമാണെന്നാണ് പണ്ഡിതമതം. ശ്രീമദ് ഭാഗവതത്തിനു അടിസ്ഥാനം വ്യാസവിരചിതമായ ശ്രീ മഹാഭാരതത്തിന്റെ അനുബന്ധമായ ഹരിവംശമാണ് എന്നതാണ് വ്യാസനുമായുള്ള ബന്ധം. രണ്ടു ഭാഗവതങ്ങളിലും, ഭാരതത്തിലും സമാനങ്ങളായ കഥകളും കാണാം .

ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരുടെ ശക്തികേന്ദ്രമായി പരാശക്തിയെയാണ് ദേവീ ഭാഗവതത്തിൽ വിവരിക്കുന്നത്.

ബ്രഹ്മാണ്ഡത്തിന്റെ ഉൽപത്തി എങ്ങനെയാണെന്ന ചോദ്യം മൂന്നാം സ്കന്ധത്തിൽ ജനമേജയൻ വ്യാസനോട് ചോദിക്കുന്നുണ്ട്. വ്യാസൻ മറുപടിയായി പറയുന്നത് ഈ സംശയം തനിക്കു തോന്നിയിട്ട് താൻ നാരദനോട് ചോദിച്ച കഥയാണ്. നാരദനും ഇതിനുത്തരം കിട്ടാഞ്ഞിട്ട് തന്റെ പിതാവായ ബ്രഹ്മാവിനോട് ഈ ചോദ്യം ചോദിക്കുന്നുണ്ട്. ബ്രഹ്മാണ്ഡമൊക്കെ സൃഷ്ടിച്ചത് പിതാവാണോ വിഷ്ണുവോ രുദ്രനോ എന്നാണ് നാരദന്റെയും സംശയം. ഈ തത്ത്വമന്വേഷിച്ചു ബ്രഹ്മാവിഷ്ണു മഹേശ്വരന്മാർ സാക്ഷാൽ ആദിപരാശക്തിയേ കാണുന്നു.

അദ്വിതീയം ബ്രഹ്മമേകമെന്നല്ലി വേദഭാഷിതം
അത് നീയോ ശങ്ക തീർത്തു തന്നാലുമവാനോ ശിവേ?

എന്നാണ് ചോദ്യം

ഒന്നേയുള്ളൂ ഭേദമില്ലിങ്ങെനിക്കുമവനും സദാ
അവൻ താൻ ഞാൻ, ഞാനവനും ഭേദം ബുദ്ധി ഭ്രമത്തിനാൽ
നിത്യം സനാതനം ബ്രഹ്മമൊന്നു താനദ്വിതീയവും
സൃഷ്ടികാലം വരുന്നേരം വരും രണ്ടെന്ന ഭാവവും...
ഞാനാണ് ഞാനല്ലാതെന്തിസംസാരത്തിങ്കലുള്ളതും
എല്ലാം ഞാൻ തന്നെയാണന്നു നിശ്ചയിക്ക പത്മജേ
ഓരോ പദാർത്ഥവും സൃഷ്ടി ചെയ്തു ഞാനതിൽ വാഴ്കയാം
നീരിൽ തണുപ്പായ് സൂര്യകൽ ജ്യോതിസ്സായീ തീയിലുഷ്ണമായി
ചന്ദ്രങ്കൽ മഞ്ഞുമായ് ഞാൻ വർത്തിക്കുന്നു യഥാതഥം

ഇവിടെ അദ്വൈത ചിന്തയുടെ സ്വാധീനം നമുക്ക് കാണാം 'നാനാരൂപങ്ങളിൽ കാണപ്പെടുന്ന വ്യത്യസ്തങ്ങളായ വസ്തുക്കളെ അതാക്കി നിർത്തുന്ന ബോധമാണ് താൻ' എന്ന് ദേവീ ഇവിടെ വ്യക്തമാക്കുന്നു. പെണ്ണും, ആണും. ആണും പെണ്ണുമല്ലാത്തതുമല്ല ശക്തിയാണ് താൻ എന്ന് ദേവീ വ്യക്തമാക്കുന്നു. ഇതെ തത്ത്വം ഭാഗവതത്തിലും കാണാം ദേവീ ഭാഗവതത്തിൽ എല്ലാത്തിനും ആധാരമായ ശക്തിയായി ദേവിയെ കാണുമ്പോൾ, ആ ദേവീ തന്നെ നാമരൂപങ്ങൾക്കതീതമായ ഏകമായ സത്തയായും കാണുന്നു ഏഴാം കാണ്ഡത്തിലെ 31 മുതൽ 40 വരെയുള്ള 507 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം ദേവീഗീത എന്ന പേരിൽ അറിയപ്പെടുന്നു.

ദേവിയുടെ ഭുവനേശ്വരി, ദുർഗ്ഗ, പാർവതി, കാളി, ലക്ഷ്മി, സരസ്വതി, രാധ, സാവിത്രി ശാകംഭരി , ഭ്രമരി, തുളസി, മാനസ, മംഗളാചണ്ഡിക എന്നി അവതാരങ്ങളെ ദേവീ ഭാഗവതത്തിൽ വർണ്ണിക്കുന്നു. നിരവധി ഭക്തന്മാരുടെ കഥകളോടൊപ്പം തന്നെ നിരവധി അസുരന്മാരുടെയും രാക്ഷസന്മാരുടെയും കഥകളും ദേവീ ഭാഗവതത്തിലുണ്ട്. കഥകളോടൊപ്പം ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പറ്റി ധാരാളം അവസരങ്ങളിൽ പ്രതിപാദിക്കുന്ന ദേവീ ഭാഗവതം ഭക്തിയിലുടെ ജ്ഞാനത്തിലേയ്ക്ക് നയിക്കുന്ന കൃതി തന്നെയാണ്. മൂലത്തോടൊപ്പം കണ്ടിയൂർ മഹാദേവ ശാസ്ത്രികളുടെയും ഭക്ത കവി സുബ്രഹ്മണ്യൻ തിരുമുമ്പിന്റെയും ഭാഷാ വിവർത്തനങ്ങളും നവാഹ പാരായണത്തിന് ഉപയോഗിക്കുന്നു .

(തുടരും)

*****

# മറിയ മാണ്ടി സോറി

**വിദ്വൽപ്രഭ ജെ.എസ്. – 9847537007**

**1870** ഓഗസ്റ്റ് 31ന് ഇറ്റലിയിലെ അങ്കോണ എന്ന സ്ഥലത്തു ജനിച്ച മരിയ പൊരുതി നേടിയ നേട്ടങ്ങൾ എല്ലാ സ്ത്രീകൾക്കും എക്കാലത്തും മാതൃകയാണ്. അഭ്യസ്തവിദ്യരായ മാതാപിതാക്കൾ നല്കിയ പിന്തുണ അവിസ്മരണീയമാണ്. മികച്ച വിദ്യാഭ്യാസം മകൾക്കു നല്കുന്നതിൽ അതീവതാല്പര്യം അവർ പ്രകടിപ്പിച്ചു. അതിൽ നിന്നും ലഭിച്ച ഊർജ്ജവും പ്രേരണയും മരിയയ്ക്ക് സധൈര്യം മുന്നോട്ടു പോകാനുള്ള വാതായനങ്ങൾ തുറക്കാൻ പ്രചോദനമായി.

മരിയ ഗണിതശാസ്ത്രത്തിലും ശാസ്ത്രത്തിലും അതീവതാല്പര്യം പ്രകടിപ്പിക്കുന്നത് ഗവ. എലിമെന്ററി സ്കൂളിൽ വെച്ചാണ്. സെക്കന്ററി തലത്തിൽ എത്തിയതോടെ അവൾ ശാസ്ത്രത്തിനോടുള്ള അഭിനിവേശവും, അഭിരുചിയും പൂർണ്ണമായും രേഖപ്പെടുത്തി. പില്ക്കാലത്ത് തനിയ്ക്ക് സാങ്കേതിക വിദഗ്ദ്ധയാകണമെന്ന താല്പര്യം അവളിൽ ഉടലെടുത്തു. എന്നാൽ ഇറ്റലിയിൽ എൻജിനീയറിങ്ങ് പഠിയ്ക്കാൻ പെൺകുട്ടികൾക്ക് അവസരം നല്കാത്ത കാലഘട്ടം ആയിരുന്നതുകൊണ്ട് മരിയയുടെ ആ ആഗ്രഹം അവഗണിയ്ക്കപ്പെട്ടു.

ഭൗതികശാസ്ത്രത്തിലും, ഗണിതശാസ്ത്രത്തിലും ബിരുദവും, ബിരുദാനന്തര ബിരുദവും നേടി അവൾ തന്റെ കഴിവു തെളിയിച്ചു. മാതാപിതാക്കൾ മരിയയെ ഒരു അദ്ധ്യാപികയായി കാണാൻ ആഗ്രഹിച്ചു. എന്നാൽ അവൾ വൈദ്യശാസ്ത്രം പഠിയ്ക്കണമെന്ന് ശാഠ്യം പിടിച്ചു. കുടുംബത്തിലും സമൂഹത്തിലും എതിർപ്പുകളുടെ ഘോഷയാത്രയായിരുന്നു. സ്ത്രീ എന്ന ഒറ്റക്കാരണത്താൽ ഉണ്ടായ ഈ നിഷേധാത്മകമായ നിലപാടിനോടുള്ള പ്രതിഷേധം അവളെ കൂടുതൽ ശക്തയാക്കി. മുന്നോട്ടുപോകാനുള്ള ചങ്കൂറ്റം വർദ്ധിപ്പിക്കുകയും ചെയ്തു.

1893-ൽ മരിയ റോമിൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ വൈദ്യശാസ്ത്രവിദ്യാർത്ഥിയായി. അവിടെയും പ്രതികൂല സാഹചര്യമായിരുന്നു അവൾക്ക് നേരിടേണ്ടിവന്നത്. വെറുപ്പോടെയും വിദ്വേഷത്തോടെയുമാണ് സഹപാഠികൾ ഈ സ്ത്രീയെ കണ്ടത്. പുരുഷ സഹപാഠികളുടെയിടയിലെ ഏക സ്ത്രീ സാന്നിദ്ധ്യമായ അവളെ പരിഗണിക്കുവാനോ അവളുടെ കഴിവിനെ അംഗീകരിക്കുവാനോ ഉള്ള വിശാലമനസ്ക്കത ഒരു സഹപാഠിയിൽ നിന്നുപോലുമുണ്ടായില്ല. ഒറ്റപ്പെടുത്തൽ അവളെ വല്ലാതെ വേദനിപ്പിച്ചു. മൃതശരീരം വെട്ടിമുറിയ്ക്കുന്ന പഠനത്തിലും പരിശോധനാ വേളയിലും ഒഴിവാക്കാൻ ഒരു മടിയും അവർ കാട്ടിയിരുന്നില്ല.

യൂണിവേഴ്സിറ്റി അധികൃതർ കണ്ടപരിഹാരം വളരെ വിചിത്രമായിരുന്നു. ഒറ്റയ്ക്ക് അവൾ പഠനം നടത്തുക എന്ന തീരുമാനം അവളെ വിഷമഗർത്തത്തിലാക്കി. പക്ഷേ തോറ്റു മടങ്ങിയാൽ വരുംകാലങ്ങളിൽ എന്നെന്നേയ്ക്കുമായി ഈ വാതിൽ സ്ത്രീകൾക്കു മുന്നിൽ അടയ്ക്കപ്പെടുമെന്ന ബോധം ഈ സ്ത്രീരത്നത്തെ അചഞ്ചലമായ മനസ്സിനുടമയാക്കി. അത് സടകുടഞ്ഞെണീറ്റ് ഭഗീരഥപ്രയത്നം ചെയ്യാൻ അവളെ പ്രാപ്തയാക്കി. മാതാപിതാക്കൾ മടങ്ങിപ്പോരാൻ നിർബ്ബന്ധിച്ചിട്ടും അത് അവഗണിച്ചുകൊണ്ട് അവളുടെ കർത്തവ്യം നിറവേറ്റാൻ സന്നദ്ധയായി. അവൾ തളരാതെ പ്രതിസന്ധികൾ എല്ലാം മറി കടന്ന് വരും തലമുറയുടെ അവസരം നഷ്ടപ്പെടുത്താതെ വിജയകരമായി ആ ദൗത്യം പൂർത്തീകരിച്ചു. അങ്ങനെ ഇറ്റലിയിലെ ആദ്യ വനിതഡോക്ടർ എന്ന ബഹുമതി അവൾകരസ്ഥമാക്കി.

ഡോക്ടർ ആയതിന്റെ പ്രധാനഉദ്ദേശം സാമൂഹ്യസേവനം എന്ന മഹത്ചിന്തയായിരുന്നു. ദരിദ്ര കുടുംബങ്ങൾ സന്ദർശിച്ച് കുട്ടികളുടെ പോഷകാഹാരക്കുറവും തന്മൂലമുണ്ടാകുന്ന

അസുഖങ്ങളെ കുറിച്ചും മാതാപിതാക്കളെ ബോധവാന്മാരാക്കി,. മാത്രമല്ല കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാത്തതിലും മരിയ വേദനിച്ചു. അതിനുവേണ്ടുന്ന നടപടിക്രമങ്ങളെക്കുറിച്ചു ചിന്തിച്ചു. മാനസികാരോഗകേന്ദ്രത്തിലെ പ്രവർത്തനം ബുദ്ധി വൈകല്യമുള്ള കുട്ടികളെ അടുത്തറിയാൻ അവൾക്ക് അവസരം നൽകി. ഇതിനിടയിൽ വിദ്യാഭ്യാസവിദദ്ധരായ ജീൻമാർക്ക് ഗാസ്പാഡ്, എഡ്വേഡ് സ്വീഗ് എന്നിവരുടെ പുസ്തകങ്ങൾ വായിക്കുവാൻ അവൾക്ക് അവസരം ലഭിച്ചു. ആ തത്വശാസ്ത്രം അവർ കുട്ടികളിൽ പരീക്ഷിച്ചു. വേണ്ടുന്ന പ്രോത്സാഹനം നൽകിയപ്പോൾ മരിയയ്ക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു.

കാസ എന്ന പേരിൽ ഒരു children's house തുടങ്ങി പുതിയ രീതികളിൽ പഠിപ്പിച്ചു. അത് അങ്ങേയറ്റം വിജയിച്ചക്കുകയും ചെയ്തു. ഇറ്റലിയിൽ ഒരു വിപ്ലവം തന്നെ മറിയ സൃഷ്ടിച്ചു. ആ പുതിയ രീതി montessory എന്ന പേരില റിയപ്പെട്ടു. ലോകമെങ്ങും അതിന്റെ ഖ്യാതി പരന്നു. അവർ തന്റെ കർമ്മമണ്ഡലം ഭാരതത്തിലും കണ്ടെത്തി.

അടിസ്ഥാനപരമായി കുട്ടികൾക്കു നല്കേണ്ട ശിക്ഷണത്തിന് വ്യക്തമായ രൂപം നൽകി. Modern Educatin system-Montessory system ലോകം മുഴുവൻ കടമെടുത്തു. The secret of childhood The absorbant mind എന്നീ രണ്ടു ഗ്രന്ഥങ്ങളും അവർ രചിച്ചു. കുട്ടികളുടെ ശിക്ഷണം, അദ്ധ്യാപകരുടെ സമീപനം ഇവയെക്കുറിച്ച് ശാസ്ത്രീയമായ പഠനത്തിന്റെ വെളിപ്പെടുത്തലായിരുന്നു അവരുടെ ലക്ഷ്യം.

ഡോക്ടർ എന്ന നിലയ്ക്ക് ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ വിശകലനം ചെയ്യാനുള്ള അവബോധം അവർ സമൂഹത്തിന് നൽകി. ഓരോ കുട്ടിയിലേയും individual differences അനുസരിച്ച് കുട്ടിയെ എങ്ങനെ mould (പാകപ്പെടുത്താം) ചെയ്യണം എന്ന് കൃത്യമായി അവലോകനം ചെയ്യുന്ന അവരുടെ ശാസ്ത്രഗ്രന്ഥങ്ങൾ അമൂല്യസമ്പത്തായി.

'French govt legion of honour' നല്കി അവരെ ആദരിച്ചു. മൂന്നു തവണ Nobel prize ന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. സ്ത്രീ എങ്ങനെ അവകാശങ്ങൾ പൊരുതി നേടണമെന്നു പഠിപ്പിച്ച ആ അസാമാന്യ വ്യക്തിത്വം 1952ൽ ലോകത്തോട് വിടപറഞ്ഞു. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ അവർ കൊളുത്തിയ മാർഗ്ഗദീപം കെടാവിളക്കായി ലോകമെമ്പാടും വെളിച്ചം പരത്തുന്നു. ആ മഹിളാരത്നം സൃഷ്ടിച്ച വിപ്ലവ തരംഗം ഓരോ മഹിളയ്ക്കും വഴികാട്ടിയാകുന്നു.

ജീവിതം നൽകാൻ മടിയ്ക്കുന്നതെന്തും പൊരുതി നേടാൻ സ്ത്രീക്കു കഴിയണമെന്ന സന്ദേശം അവർ സ്വന്തം ജീവിതത്തിലൂടെ വരച്ചു കാട്ടുന്നു. അവഗണനയും, അവഹേളനവും, പരിഹാസവും കുറ്റപ്പെടുത്തലുമെല്ലാം ശക്തിസ്രോതസ്സാക്കി മാറ്റിയ ആ ധീരവ നിത എല്ലാ വനിതകൾക്കും മാതൃകയാകുന്നു. കാരണങ്ങൾ കണ്ടെത്തി പിൻമാറാൻ ശ്രമിയ്ക്കുന്ന നമ്മിൽ പലർക്കും ആ ജീവിതം പ്രചോദനമാകട്ടെ. കയ്പേറിയ അനുഭവങ്ങൾ മധുത്തരമാക്കുക നിസ്സാരമല്ല. അതിനു മാർഗ്ഗങ്ങൾ ഏറെ കണ്ടെത്തണമെങ്കിൽ അഹോരാത്രം പൊരുതണമെന്ന് മനസ്സിലാക്കണം.

നമ്മുടെ ആഗ്രഹങ്ങൾ കുഞ്ഞുമനസ്സിൽ അടിച്ചേല്പിയ്ക്കാതെ അവരുടെ കഴിവുകൾ കണ്ടെത്താൻ ശ്രമിയ്ക്കണം. അവരുടെ സ്വപ്നങ്ങൾ ചിറകുവയ്ക്കാൻ കൂട്ടുനില്ക്കണം. വേണ്ടുന്ന സാഹചര്യമൊരുക്കി അവരുടെ വ്യക്തിത്വവികസനം പ്രാപ്യമാക്കാൻ സഹായിയ്ക്കുകയാണാവശ്യം.

ബഹുമാന്യനായ നമ്മുടെ മുൻപ്രസിഡണ്ട് ശ്രീ. അബ്ദുൾ കലാം പറഞ്ഞതു പോലെ Fire wings മുളക്കട്ടെ. പുത്തൻആശയങ്ങളും പുത്തൻചിന്തകളും മനസ്സിലുദിയ്ക്കട്ടെ. സമൂഹത്തിനുതകുന്ന പുതുമയാർന്ന ചിന്തകളുണർത്തി socially useful preoductive citizens ആയി പുതുതലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ നമുക്ക് കഴിയട്ടെ.

മരിയമോണ്ടിസോറിയുടെ ഉജ്ജ്വല വിജയം എന്നും എവിടെയും മാറ്റൊലിക്കൊള്ളട്ടെ.

*****



# നവരാത്രി 2024



**"സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണി**
**വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ"**

## എറണാകുളം കരയോഗം നവരാത്രി ആഘോഷം
## 2024 ഒക്ടോബർ 03 മുതൽ 13 വരെ

2024 (1200) - ലെ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷം മുൻവർഷങ്ങളിലെപ്പോലെ വിപുലമായ കലാപരിപാടികളോടു കൂടി ഒക്ടോബർ 03-ാം തീയതി മുതൽ 13-ാം തീയതി വരെ ടി. ഡി.എം ഹാളിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളുന്നു.

**ദിവസവും രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ദേവീ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്.**

ഭാരതത്തിൽ അതീവ പ്രാധാന്യത്തോടുകൂടി ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന പുണ്യദിവസങ്ങളാണല്ലോ നവരാത്രി ദിനങ്ങൾ. . നവരാത്രിയിലെ ഒമ്പത് ദിവസങ്ങളിലും നമ്മൾ ദേവിയെ ഭിന്ന ഭാവങ്ങളിലാണ് ആരാധിക്കുന്നത്. മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി എന്നീ മൂന്നു ഭാവങ്ങളും ദേവിയിൽ കുടികൊള്ളുന്നുണ്ട്. കർമ്മം ചെയ്യാനുള്ള ഉച്ഛാശക്തി ക്രിയാശക്തി ജ്ഞാനശക്തി എന്നീ മൂന്ന് ശക്തികൾ നല്കി ദേവി നമ്മെ അനുഗ്രഹിക്കുന്നു. നവരാത്രികാലങ്ങളിൽ നാം ദേവിയെ ഓരോ ദിവസങ്ങളിലും ഓരോര രൂപങ്ങളിലുമാണ് ആരാധിക്കുന്നത്. ശൈലപുത്രി, ബ്രഹ്മചാരിണി, ചന്ദ്രഘണ്ഡ, കൂഷ്മാണ്ഡ സ്കന്ദമാതാ, കാത്യായനി, മഹാകാളരാത്രി മഹാഗൗരി, സിദ്ധിദാത്രി എന്നീ ഭാവങ്ങളിലാണ് ദേവിയെ നാം പൂജിക്കുന്നത് അടുത്ത ദിവസം വിജയദശമി ആഘോഷവും. നവരാത്രികാലയളവിൽ ഓരോ ദിവസങ്ങളിലും നിറങ്ങളും വ്യത്യസ്ഥങ്ങളാണ്. മഞ്ഞ, പച്ച, ചാരനിറം, ഓറഞ്ച് നിറം, വെള്ള, ചുവപ്പ്, റോയൽ ബ്ലൂ, പിങ്ക്, പർപ്പിൾ മയിൽ പച്ച എന്നീ നിറങ്ങളാണ് ക്രമമായി ഒന്നു മുതൽ പത്തു ദിവസങ്ങളിലും ധരിക്കേണ്ടത്.

കന്നിമാസത്തിലെ ശുക്ലപക്ഷം തുടങ്ങി വരുന്ന ദശമി തിഥി ഉദയാൽ പരം 6 നാഴികയോ അതിൽ കൂടുതലോ ഉള്ള ദിവസമാണ് വിജയദശമി. ഈ ദിവസമാണ് വിദ്യാരംഭത്തിന് ഏറ്റവും ഉചിതമായിട്ടുള്ളത്.

പൂജ വെയ്ക്കുന്നത് അസ്തമയ സമയത്ത് അഷ്ടമി തിഥി വരുന്ന ദിവസവും വിദ്യാരംഭം ദശമിതിഥി ഉദയാൽ പരം 6 നാഴികയെങ്കിലും ഉള്ള ദിവസവുമാണ്. അതനുസരിച്ച് ഈ വർഷത്തെ പൂജവെപ്പും പൂജയെടുപ്പും താഴെ പറയും പ്രകാരമാണ് നടത്തേണ്ടത്.

2024 ഒക്ടോബർ 10 (1200 കന്നിമാസം 24-ാം തീയതി) വ്യാഴായാഴ്ച പൂജവെയ്പ്പ്,
2024 ഒക്ടോബർ 11 (1200 കന്നിമാസം 25-ാം തീയതി) വെള്ളിയാഴ്ച ദുർഗ്ഗാഷ്ടമി
2024 ഒക്ടോബർ 12 (1200 കന്നിമാസം 26-ാം തീയതി) ശനിയാഴ്ച മഹാനവമി (വൈകീട്ട് ആയുധ പൂജ)
2024 ഒക്ടോബർ 13 (1200 കന്നിമാസം 27-ാം തീയതി) ഞായറാഴ്ച വിജയദശമി പൂജയെടുപ്പ് വിദ്യാരംഭം.

കുട്ടികൾക്ക് രണ്ടര വയസ്സ് മുതൽ വിദ്യാരംഭം കുറിക്കാവുന്നതാണ്. വിദ്യാലാഭം ഉണ്ടാവണമെന്ന ആഗ്രഹമുള്ളവർ സരസ്വതിദേവിയെ നിത്യവും പൂജിച്ചാരാധിക്കുന്നത് ലക്ഷ്യപ്രാപ്തിക്ക് അത്യുത്തമമാണ്. വിശിഷ്യാ, സർവ്വവിദ്യകളുടെയും സർവ്വകലകളുടെയും ദേവതയായ സരസ്വതി ദേവിയെ നവരാത്രി ദിവസങ്ങളിൽ പൂജിച്ചാരാധിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്.

സരസ്വതീദേവിയുടെ പ്രാർത്ഥനാമന്ത്രമോ, ഗായത്രിമന്ത്രമോ, രണ്ടും കൂടിയോ വേണം ദേവിയെ പൂജിക്കുമ്പോൾ ചൊല്ലേണ്ടത്. ഇത് രണ്ടും നിത്യവും ചൊല്ലുന്നത് ഐശ്വര്യദായകമാണ്.

**''ഓം ഭൂർ ഭുവ സ്വ:**
**തത്സവിതുർ വരേണ്യം**
**ഭർഗ്ഗോദേവസ്യ ധീമഹി**
**ധിയോ യോന: പ്രചോദയാത്"**

സസ്നേഹം
**പി.രാമചന്ദ്രൻ (വേണു)**
ജനറൽ സെക്രട്ടറി

1-ാം
ദിവസം

## 03.10.2024 വ്യാഴം



### നവരാത്രി ആഘോഷപരിപാടികളോട് അനുബന്ധിച്ച്
### 03-10-2024 മുതൽ 13-10-2024 വരെ
### എല്ലാ ദിവസവും രാവിലെ 7 മണി മുതൽ
### ഉച്ചയ്ക്ക് 1 മണി വരെ
### ശ്രീമദ് ദേവീ ഭാഗവതപാരായണം ഉണ്ടായിരിക്കുന്നതാണ്.

വൈകുന്നേരം 6.15 മുതൽ 7.15 വരെ

# നവരാത്രി ആരംഭം

## വയലിൻ ഫ്യൂഷൻ

**കരയോഗം വയലിൻ വിദ്യാർത്ഥികളുടെ**

**സംവിധാനം: സദാനന്ദൻ മാസ്റ്റർ**



7.15 മുതൽ

# ഭരതനാട്യം

### എറണാകുളം കരയോഗത്തിലെ
### വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നു

**അവതരണം :**

### ഷിൽന ജിപ്സൺ

2–ാം ദിവസം

## 04.10.2024 വെള്ളി



വൈകുന്നേരം 6.30ന്

# നൃത്ത സന്ധ്യ

## ലളിത കലാ സദനം

## സംവിധാനം:
## കലാമണ്ഡലം മോഹനതുളസി



**കലാമണ്ഡലം മോഹനതുളസി**
**ലളിത കലാ സദനം,**
**ABMS ലൈൻ,**
**അശോക റോഡ്, കലൂർ 17, : 9946379467**

**കഴിഞ്ഞ 60 വർഷമായി ലളിതകലാസനം എന്ന നൃത്ത വിദ്യാലയം എറണാകുളം കലൂർ അശോക റോഡിൽ കലാമണ്ഡലം മോഹന തുളസിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു.**

**പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടെയും അഭിനയ ശിരോമണി ശ്രീ എം.ആർ. രാജരത്നം പിള്ളയുടെയും ശിക്ഷണത്തിൽ മോഹിനിയാട്ടവും ഭരതനാട്യവും അഭ്യസിച്ചു. എട്ടു വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതിനുശേഷം മദ്രാസിൽ പത്മവിഭൂഷൺ വെമ്പട്ടി ചിന്നസത്യ മാസ്റ്ററുടെയും വിശാഖപട്ടണത്തിൽ ബാല കൊണ്ടാല റാവുവിന്റെയും കീഴിൽ കുച്ചുപ്പുടിയും അഭ്യസിച്ചു.**

**2015 ൽ കേരള സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം ഉൾപ്പെടെ നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട് കലാമണ്ഡലം മോഹന തുളസി.**

**ഇതിനോടകം നിരവധി വിദ്യാർത്ഥിനികൾ ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം എന്നീ നൃത്തരൂപങ്ങൾ ചിട്ടയായി പഠിച്ച് കേരളത്തിന് അകത്തും പുറത്തുമായി നൃത്തപരിപാടികൾ അവതരിപ്പിച്ചു വരുന്നു.**

*With Best Compliments From :*

**T. RADHAKRISHNAN**

**RADHAKRISHNA CATERERS**

Nandanam, Eroor, Tripunithura

**Phone : 9388605714, 9388812584, 9744651709**

3–ാം ദിവസം

## 05.10.2024 ശനി

വൈകുന്നേരം 5.30 മുതൽ 6.30വരെ

# ഭജൻ സന്ധ്യ

അവതരണം

**ടി. ഡി. എം. ഭജൻ ഗ്രൂപ്പ്**

വൈകുന്നേരം 6.30ന്

# അകായിലെ സംഗീതം
# ഗാനമേള

അവതരണം

**ടി.ഡി.എം. ഓർക്കസ്ട്ര**


*With Best Compliments From :*

**BRIDAL STAGE DECORATION CONTRACTORS**

Stage Decorations, Car decorations, Reception,
Bouquet making etc.
Also Undertaking Sweets Preparation

**N.S. SURESH**

(PH: 2700849, Mob : 9447171849)

4-ാം ദിവസം



## 06.10.2024 ഞായർ

വൈകുന്നേരം 6.30 ന്

*Under the guidance of*

*Students of*
**NRITHYAKSHETHRA**
*(Temple of Dance)*

*presents*

**"NRITHYAPUSHPANJALI"**



Sridevi Rajan



Sandhya Rajan

New admissions on Vijayadashami(13th October)
For more details contact : 9447132451

*With Best Compliments From :*

# BEAUTY ART

**BRIDAL STAGE DECORATION**

**SHAJI - 9846837512**

**STAGE DECORATION INAGURATIONS & CONFERENCE**

**ART WORK IN THERMOCOL, CAR DECORATION & RECEPTION BOUQUET MAKING**

5-ാം ദിവസം

## 07.10.2024 തിങ്കൾ

വൈകുന്നേരം 6.30ന്

# ശീതങ്കൻ തുള്ളൽ

## കഥ : കല്യാണസൗഗന്ധികം.

**അവതരണം:**

## കലാമണ്ഡലം പ്രഭാകരൻ



**കേന്ദ്രസംഗീത നാടക അക്കാദമി അമൃത് പുരസ്കാര ജേതാവ് ശ്രീ. കലാമണ്ഡലം പ്രഭാകരനും സംഘവും**

***പങ്കെടുക്കുന്നവർ.***

**ശ്രീ. കലാമണ്ഡലം പ്രഭാകരൻ, ശ്രീ. പ്രവീൺ പ്രഭാകരൻ, ശ്രീ. അരുൺ ആർ കുമാർ, ശ്രീമതി പൂജ. എ. നായർ**

6-ാം ദിവസം

## 08.10.2024 ചൊവ്വ

വൈകുന്നേരം 6.30 ന്



# കുച്ചിപ്പുടി നൃത്തം

## ദുർഗ്ഗാസ്തുതി - സിംഹനന്ദിനി

**ചുവടുകളിൽ സിംഹത്തെ വരച്ചെടുക്കുന്ന കുച്ചിപ്പുടിയിലെ സിംഹനന്ദിനി നൃത്തം**

**അവതരണം**

## രേഷ്മ യു. രാജ്

(Sponsored by Bank Employess Arts Movement, EKM)

7-ാം ദിവസം

## 09.10.2024 ബുധൻ

വൈകുന്നേരം 6.30ന്

എറണാകുളം കരയോഗം കഥകളി ക്ലബ് അവതരിപ്പിക്കുന്ന

# കഥകളി - കിരാതം

### രചന: ഇരട്ടക്കുളങ്ങര രാമവാര്യർ

പാണ്ഡവർ ചൂതുകളിയിൽ പരാജിതരായി രാജ്യധനാദികൾ നഷ്ടപ്പെട്ട് കാമ്യകവനത്തിൽ പാർക്കുന്നകാലത്ത് വേദവ്യാസമഹർഷിയുടെ നിർദ്ദേശാനുസ്സരണം അർജ്ജുനൻ ദിവ്യാസ്ത്രസമ്പാദനത്തിനായി തപം ചെയ്യുവാൻ തീരുമാനിച്ചു.

അർജ്ജുനൻ ശ്രീപരമേശ്വരനെ ധ്യാനിച്ചുകൊണ്ട് ഒറ്റക്കാലിൽ നിന്ന് തപസ്സുചെയ്യുന്നു. ഇന്ദ്രന്റെ അപേക്ഷമാനിച്ച് ശ്രീപാർവ്വതീദേവി അർജ്ജുനന് വരം നൽകി അനുഗ്രഹിക്കുവാനായി ശ്രീപരമേശ്വരനെ പ്രേരിപ്പിക്കുന്നു. കാട്ടാളവേഷം ധരിച്ച ശ്രീപരമേശ്വരൻ 'പാർത്ഥന്റെ ഉള്ളിലുള്ള അഹന്തയെ മാറ്റിയശേഷം വരം നൽകാം' എന്ന് പാർവ്വതിയെ അറിയിക്കുന്നു. കാട്ടാളസ്ത്രീയുടെ വേഷം ധരിച്ച പാർവ്വതിയോടു കൂടി കിരാതവേഷധാരിയായ ശ്രീപരമേശ്വരൻ വേട്ടയ്ക്ക് വനത്തിലേയ്ക്ക് പോകുന്നു. ദുര്യോധന നിർദ്ദേശപ്രകാരം അർജ്ജുനനെ വധിക്കുവാനുദ്ദേശിച്ച് പന്നിയുടെ രൂപംധരിച്ച് ആ കാട്ടിൽ എത്തിയവനായ മൂകാസുരന്റെ നേരെ കാട്ടാളൻ അസ്ത്രമെയ്യുന്നു. ഈ സമയത്തുതന്നെ തപസ്സിനു വിരമമിട്ട് അർജ്ജുനനും പന്നിയെ എയ്യുന്നു. അസ്ത്രങ്ങളേറ്റ് പന്നി ചത്തുമലക്കുന്നു. താഴെ വീണ മൃഗം തന്റേതെന്ന് പറഞ്ഞ് രണ്ടുപേരും തമ്മിൽ ഘോരയുദ്ധം ആരംഭിക്കുന്നു.





യുദ്ധത്തിൽ പരാജിതനും ക്ഷീണിതനുമായി നിലമ്പതിച്ച അർജ്ജുനൻ തൻെറ അഹങ്കാരം വിട്ട് ശിവനെ സ്തുതിക്കുന്നു. അപ്പോൾ കാട്ടാളന്റെ സ്ഥാനത്ത് സാക്ഷാൽ ശ്രീപരമേശ്വരനേയും കാട്ടാളസ്ത്രീയുടെ സ്ഥാനത്ത് ശ്രീപാർവ്വതീദേവിയേയും ദർശ്ശിച്ച് ഭക്തിപൂർവ്വം അവരെ കുമ്പിടുന്നു. നഷ്ടപ്പെട്ട ഗാണ്ഡീവവും അസ്ത്രങ്ങളും കൂടാതെ ദിവ്യമായ പാശുപതാസ്ത്രവും അർജ്ജുനനു നൽകി അനുഗ്രഹിച്ച് ശിവപാർവ്വതിമാർ അപ്രത്യക്ഷരാകുന്നു.

***അരങ്ങത്ത്:*** *അർജ്ജുനൻ-ശ്രീ. R L V പ്രമോദ്, കാട്ടാളൻ-ശ്രീ. കലാമണ്ഡലം ശ്രീകുമാർ, കാട്ടാളത്തി-ശ്രീ. ഫാക്റ്റ് ബിജു ഭാസ്കർ, പാട്ട് - ശ്രീ.കലാമണ്ഡലം സുധീഷ്, ശ്രീ.പ്രേമൻ, ചെണ്ട-ശ്രീ. കലാമണ്ഡലം രജീഷ്, മദ്ദളം-ശ്രീ. കലാമണ്ഡലം വിനീത്, ചുട്ടി-ശ്രീ. എരൂർ മനോജ്, അണിയറ-ചേർത്തല രാമചന്ദ്രനും സംഘവും*

8–൧൦
ദിവസം

## 10.10.2024 വ്യാഴം



വൈകുന്നേരം 6.30 ന്

# കർണ്ണാടക സംഗീത കച്ചേരി

## സുധ ബി മേനോൻ

### വയലിൻ ദേവദത് കൃഷ്ണ

### മൃദംഗം ചേർത്തല പ്രേംദത്



ചേർത്തല പ്രേംദത്



സുധ ബി. മേനോൻ



ദേവദത് കൃഷ്ണ

*With Best Compliments From :*

**HYTECK SANITARY WARES**

Achutha Warrier Lane (Opp. Formost)
M.G.Road, Kochi-682035, Ph : 2366015/2355565, Mob : 9349125825

***Dealers in Sanitary Wares, P.V.C, Pipes &Fittings,***
***C.P. Bathroom Fittings, Glazed Tiles, Flooring Tiles.***

**Bell** **Finolex**

**Rajesh. K. R**
**9847108989**

*With Best Compliments From :*



PERFECT INTERIOR

60/403A, Panekattu House
George Eden Road
Panampilly Nagar, Kochi - 682036

perfectinterior2017@gmail.com

9497796347, 9447396615

FALSE CEILING. ARCHITECTURAL CORNICES & MOULDINGS
AND ALL TYPES OF INTERIOR WORKS

9–ാം ദിവസം

## 11.10.2024 വെള്ളി

വൈകുന്നേരം 6.30ന്

# നൃത്യസന്ധ്യ

## മഞ്ജുഷ ജെ. മേനോൻ



**എറണാകുളം കരയോഗത്തിൽ നടത്തിവരുന്ന നാട്യമഞ്ജു നൃത്ത വിദ്യാലയം അവതരിപ്പിക്കുന്ന നൃത്യസന്ധ്യ. ശ്രീമതി. മഞ്ജുഷ ജെ മേനോനും വിദ്യാർഥികളും ക്ലാസിക്കൽ, സെമി ക്ലാസിക്കൽ, ഫ്യൂഷൻ നൃത്ത വിരുന്ന് അവതരിപ്പിക്കുന്നു.**

10-ാം ദിവസം

## 12.10.2024 ശനി

വൈകുന്നേരം 6.30ന്

# നൃത്ത തരംഗം

### അവതരണം:

## ഭരത കലാമന്ദിരം
## ശ്രീമതി. സൗമ്യ സതീഷ്



ഭരതകലാമന്ദിരം 1994 – ൽ എറണാകുളത്ത് എളമക്കരയിൽ ശ്രീമതി. സൗമ്യസതീഷ് ആരംഭിച്ചു. 1990 – ൽ കോഴിക്കോട് സർവ്വകലാശാല കലാതിലകമായിരുന്ന സൗമ്യ സതീഷ്, കലാമണ്ഡലം ശ്രീദേവി ഗോപിനാഥിന്റെ ശിഷ്യയാണ്. പിന്നീട് കലാമണ്ഡലം മോഹനതുളസിയുടെ കീഴിൽ നൃത്തപഠനം തുടർന്നു. മലയാള കവിതകളുടെ നൃത്താവിഷ്കാരത്തിലൂടെ ശ്രദ്ധേയയായി. ഭരതനാട്യത്തിനുള്ള കലാസാഗർ തുടങ്ങിയ പുരസ്കാരം നേടിയിട്ടുണ്ട് . ഭരതകലാമന്ദിരത്തിൽ മുന്നൂറിലധികം കുട്ടികൾ ഇപ്പോൾ നൃത്തം പഠിക്കുന്നു. നിരവധി നൃത്തപരിപാടികൾ അവതരിപ്പിച്ചു വരുന്നു.

*With Best Compliments From :*

**N.B. Ramachandran**
**Engineering Contractor**

Mob : 8289953090
rcmenon1964@gmail.com

Nalukettungal House
Kundanoor, Maradu P.O
Ernakulam, Kochi - 682304

We under take all kinds of Civil, Electrical, Mechanical & Interior Works

11–ാം ദിവസം

## 13.10.2024 ഞായർ

**രാവിലെ 7.00 മണി മുതൽ 8.30 വരെ**

**ലളിതാസഹസ്രനാമം, ദേവീമാഹാത്മ്യപാരായണം**

**രാവിലെ 9.00 മണിക്ക്**

# പൂജയെടുപ്പ്

**വൈകുന്നേരം 5.00 മണിക്ക്**

## സമാപന സമ്മേളനം

NB: **നവരാത്രിയോടനുബന്ധിച്ച് നടത്തിയ കലാമത്സരങ്ങളിൽ സമ്മാനാർഹരായവർ കൃത്യം 4.45 pm ന് ഹാളിൽ എത്തിച്ചേരേണ്ടതാണ്.**

*വൈകുന്നേരം 6.30 ന്*

## ശാസ്ത്രീയ നൃത്തം - നൂപുരധ്വനി



**ശ്രീമതി. കലാമണ്ഡലം ലേഖ**

ശ്രീമതി കലാമണ്ഡലം ലേഖ, രണ്ട് പതിറ്റാണ്ടുകളായി എറണാകുളത്ത് 'നൂപുരധ്വനി' എന്ന പേരിൽ ശാസ്ത്രീയ നൃത്ത വിദ്യാലയം നടത്തിവരികയാണ്.

കേരള കലാമണ്ഡലത്തിൽ നിന്നും പ്രശസ്തരായ ഗുരുക്കന്മാരുടെ കീഴിൽ നൃത്തം ശാസ്ത്രീയമായഭ്യസിച്ച ലേഖ ഈ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച നർത്തകിയും അധ്യാപികയുമാണ്.

ശാസ്ത്രീയ നൃത്തകലകളുടെ പ്രോത്സാഹനത്തിന് വേണ്ടി ആത്മ സർപ്പണത്തോടെ പരിശ്രമിക്കുന്ന ലേഖ, വിവിധ പ്രായത്തിലുള്ള ലോകത്തിന്റെ നാനാഭാഗങ്ങളിലായി പരന്നുകിടക്കുന്ന ശിഷ്യസമ്പത്തിനുടമയാണ്.

## എറണാകുളം കരയോഗം കലാസാഹിത്യവിഭാഗം

## വിദ്യാരംഭ ദിവസം ക്ലാസ്സുകൾ ആരംഭിക്കുന്നു.

**ഡാൻസ് ക്ലാസ്സ്:** അദ്ധ്യാപിക ആർ.എൽ.വി ശ്രീമതി. ഷിൽനജിപ്സന്റെ നേതൃത്വത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 13ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. ഫോൺ : 8921350530

**ഡാൻസ് ക്ലാസ്സ്:** അദ്ധ്യാപിക ശ്രീമതി. മഞ്ജുഷ ജെ. മേനോന്റെ നേതൃത്വത്തിൽ സിനിമാറ്റിക്ക്, സെമി. ക്ലാസ്സിക്ക് എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 13ന് രാവിലെ 11.30 മണിക്ക് ആരംഭിക്കുന്നു. ഫോൺ : 9895015202

**വയലിൻ:** ശ്രീ. സദാനന്ദന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 13ന് രാവിലെ 11.00 മണിക്ക് ആരംഭിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മണി മുതൽ ഫോൺ : 9447573320

**കരാട്ടെ:** ശ്രീ. സുനിലിന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന കരാട്ടെ ക്ലാസ്സിലേക്ക് പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. തിങ്കളാഴ്ചയും, വെള്ളിയാഴ്ചയും വൈകുന്നേരം 5.00 മണി മുതൽ 6.00 മണി വരെ. ഫോൺ: 9946202889, 9072922995

വിദ്യാരംഭ ദിവസമായ ഒക്ടോബർ 13 ന് ചേരുവാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 0484 2361160

*With Best Compliments From :*

**HARISREE CATERERS**

PUTHEN KULATHOOR HOUSE

KANNAN KULANGARA, TRIPUNITHURA- 682301

M. DAMODARAN, PHONE : 2778310, MOB : 9847058310

CATERERS FOR MARRIAGES & PARTIES ETC.

*With Best Compliments From :*

**S.M. ELECTRICALS**

A GRADE ELECTRICAL CONTRACTORS

LICENSE NO: CA 376

ALAPPAT CROSS ROAD, RAVIPURAM, COCHIN - 682016

**K. SADIESH**

9447022006, 0484-2357439, Email: smelectrics82@yahoo.com

# ചേർക്കുകില്ലേ കണ്ണാ?

പി.ഐ. ശങ്കരനാരായണൻ - 9388414034

കരയുന്നൊരെന്നുടെ
കൺകളിൽ നോക്കി നീ
ചിരിതൂകിടുന്നതെന്തെന്റെ കണ്ണാ
ഒഴുകുമീ മിഴിനീർ
തുടയ്ക്കുകില്ലേ, നിന-
ക്കൊപ്പമെന്നെ ചിരിപ്പിക്കുകില്ലേ
ചിരിയുടെ പാൽക്കടൽ
തീർക്കുകില്ലേ, പര-
മാനന്ദത്തൂവെണ്ണയൂട്ടുകില്ലേ, കണ്ണാ
നിന്നിലേയ്ക്കെന്നയും
ചേർക്കുകില്ലേ?

എൻ കരച്ചിൽ കേട്ടു
നീ നിൻ മുരളിക
അധരത്തിൽ ചേർക്കുകയല്ലേ?
അതിൽ നിന്നുമുതിരുന്ന
നാദാമൃതം എന്റെ
ഹൃദയം നിറയ്ക്കുകയല്ലേ?
രോദനത്തിൽ നീ
അലിഞ്ഞുവെന്നോ, നിന്റെ
ഗാനത്തിൽ ഞാൻ വീ-
ണലിഞ്ഞുവെന്നോ
നാമൊരേ നാദമായ്
തീർന്നുവെന്നോ, കണ്ണാ
നാമൊരേ നാദമായ് തീർന്നുവെന്നോ!

കീറിപ്പറിഞ്ഞൊരെൻ
ഉടുമുണ്ടു കണ്ടുവോ
ഒരുപിടി അവിലുണ്ടതിന്റെ തുമ്പിൽ
കല്ലുള്ള നെല്ലുള്ളൊ-
രവിലെന്റെ ആഹാര-
മതുനിനക്കായി ഞാൻ കൊണ്ടുവന്നേ!
നിന്നടിമലരിൽ ഞാൻ
കാഴ്ചവെച്ചേ കണ്ണാ
നീയിതു സ്വീകരിക്കില്ലേ?കണ്ണാ
നീയിതു സ്വീകരിക്കില്ലേ?

ബലശാലികൾ, ധർമ്മ
വ്യതിചാലകർ എന്റെ
അഭിമാനമാകുന്ന
പ്രിയപത്നിതന്നുടു-
ചേലയിൽ കൈവെച്ചു നിൽക്കേ,
അതു ചുറ്റഴിക്കെ, നിൻ
പീതാംബരച്ചുരുൾ
അതിനോടു ചേർക്കുകയില്ലേ;
കണ്ണാ, എൻമാന
ഹതി നീ തടുക്കുകയില്ലേ
എൻ മാന ഹതി നീ തടുക്കുകയില്ലേ?

കരയുന്നൊരെന്നുടെ
കൺകളിൽ നോക്കി നീ
ചിരിതൂകീടുന്നതെന്തെന്റെ കണ്ണാ?
ഒഴുകുമീ മിഴിനീർ
തുടയ്ക്കുകില്ലേ, നിന-
ക്കൊപ്പമെന്നെ ചിരിപ്പിക്കുകില്ലേ?
ചിരിയുടെ പാൽക്കടൽ
തീർക്കുകില്ലേ, പര-
മാനന്ദത്തൂവെണ്ണയൂട്ടുകില്ലേ, കണ്ണാ
നിന്നിലേയ്ക്കെന്നെയും
ചേർക്കുകില്ലേ?

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

**ശിവായ ഗൗരീ വദനാബ്ജവൃന്ദ**
**സൂര്യായ ഭജാധ്വരനാശകായ**
**ശ്രീ നീലകണ്ഠായ വൃഷധ്വജായ**
**തസ്മൈ ശികാരായ നമ ശിവായ**

മന്ത്രങ്ങളിലെ അക്ഷരങ്ങൾ ഓരോന്നും മുത്തുകൾ പോലെ തിളങ്ങുന്നവയാണ്. അവ സ്വയം പ്രകാശകങ്ങളാണ് അഥവ സ്വയം പ്രകാശബ്രഹ്മത്തിന്റെ ബോധകങ്ങളാകുന്നു. അതുകൊണ്ട് ഓരോ അക്ഷരത്തേയും പ്രത്യേകം വ്യാഖ്യാനിക്കണം. നമ:ശിവായ മന്ത്രത്തിലെ അഞ്ചക്ഷരങ്ങളിൽ ശിയാണ് ഏറ്റവും മഹത്വപൂർണ്ണം. രണ്ടക്ഷരങ്ങളുടെ വ്യാഖ്യാനത്തിനുശേഷം മഹത്വപൂർണ്ണമായ മൂന്നാം അക്ഷര വ്യാഖ്യാനം തുടങ്ങാം- ശിവായ ഇത്യാദികളിൽ ഇത് മദ്ധ്യാക്ഷരമാണ് രണ്ടു വശത്തു നിന്നും പ്രകാശിതമാണ് ഇത്. 'ശി'യുടെ അർത്ഥം തന്നെ പൂർണ്ണ ശിവൻ എന്നും പഞ്ചാക്ഷരമായ നമ:ശിവായ എന്നും അർത്ഥമുണ്ട്. 'ശി' എന്നത് ശിവനാമൈകദേശം കൂടിയാണ്.

'സർവ്വം വശീകൃതം യസ്മ്യാത്തസ്മാത് ശിവ ഇതീര്യതേ' ജഗത്തിനെ വശീകൃതമാക്കിയിരിക്കുകയാണ്. ഇത് വിപരീതമായാൽ ശിവ എന്നാവും 'വശേ സർവ്വം യസ്യാസ്തി സ വശി' വശിൻ ശബ്ദമാണ്. അതിലെ ഇകാരം ഹ്രസ്വമാണ്. അത് തിരിച്ചിട്ടാൽ ശിവ എന്നാകും. വശ്വേവ ശിവ.

വ്യാവഹാരികമായി ഈ കുണ്ഡലത്തിൽ പത്തു ഗ്രാം സ്വർണ്ണമുണ്ട്, ഈ സ്വർണ്ണമാല പതിനഞ്ചുഗ്രാമിന്റെയാണ്. ഈ കിണ്ണമുണ്ടാക്കിയത് നൂറുഗ്രാം വെള്ളി കൊണ്ടാണ്. എന്നെല്ലാം നാം പറയും. ഈ കുണ്ഡലത്തിലും, കിണ്ണത്തിലും സ്വർണ്ണവും മറ്റും എപ്പോഴാണ് പ്രവേശിച്ചത്. ഒരു ക്ഷണം പോലും വിളംബമില്ല എന്നത് സ്പഷ്ടമാണ്. സൃഷ്ടിയോടൊപ്പം തന്നെ പ്രവേശവും അതുപോലെയാണ് പൃഥ്വി ആദിയായവയുടെ സൃഷ്ടിയോടൊപ്പം തന്നെ പരമാത്മാവ് അവകളിൽ പ്രവേശിച്ചതും. ക്ഷണ വിളംബനമുണ്ടായാൽ ഉപാദാനമേ സംഭവിക്കില്ല. എന്തെന്നാൽ ഉപദാനസത്ത കാര്യത്തിലാണ് കുടികൊള്ളുന്നത്. ഉപദാനമില്ലെങ്കിൽ കാര്യം സത്ത് ആയിരിക്കില്ല. അസത്തെയുണ്ടാകൂ. എങ്കിൽ പിന്നെ ആദ്യക്ഷണത്തിലുണ്ടായിരുന്ന നിയാമകനെക്കൊണ്ടു തന്നെ കാര്യം നടക്കും, അപ്പോൾ അന്തര്യാമിയുടെ ആവശ്യം എന്തിനെന്ന ചോദ്യമുണ്ടാകുന്നില്ല. ജഗത്തിന്റെ ഉപാദാനരൂപമായി അന്തര്യാമി അന്തപ്രവിഷ്ടനാണ് എന്നതാണ് സാരം.

പക്ഷെ ഉപാദാനം വികൃതമായിട്ടാണ് കാര്യത്തെ ഉൽപ്പന്നമാക്കുന്നത്. പാല് വിഘടിച്ചാണ് (വികൃതമായി) തൈരാകുന്നത്. പരമാണുവിൽ നിന്നാണ് ദ്വയാണുവും മറ്റും എന്നു കരുതിയാൽ തന്നെ പരസ്പര സംയോഗം വികാരമില്ലതെയുണ്ടാവില്ല. സ്വർണ്ണത്തിൽ നിന്ന് കുണ്ഡലമുണ്ടാകുന്നെങ്കിലത് ആദ്യം പിണ്ഡരൂപത്തിൽ വികൃതമായിരുന്നു, എന്നിട്ടതിനെ കുണ്ഡലു രൂപത്തിലാക്കി. ഇങ്ങനെ ഉരുക്കിയുരുക്കി സ്വർണ്ണം കുറയാൻ തുടങ്ങും. നൂറു നൂറ്റമ്പത് കൊല്ലം കൊണ്ടെങ്കിലും സ്വർണ്ണം സമാപ്തമാകുക തന്നെ ചെയ്യും. അതേപോലെയാണ് പരമാത്മാവിനെ ലയിപ്പിച്ച് ചേർത്ത ജഗത് സൃഷ്ടിയും. സ്വർണ്ണം കൊണ്ടു നിർമ്മിച്ച കുണ്ഡലം സ്വർണ്ണം തന്നെ ആയിരിക്കും. അതിനാൽ ചേതനനായ പരമാത്മാവിൽ നിന്നും ഉണ്ടായ ജഗത്തും ചേതനം തന്നെയായിരിക്കും.

കയറിൽ സർപ്പത്തെയെന്ന പോലെ ജഗത്ത് പരമാത്മാവിന്റെ പരിണാമോപാദാനമല്ല വിവർത്തോപാദാനമാണ്. രാമാനുജാചാര്യർ പറയുന്നതിപ്രകാരമാണ്. എല്ലാ ഭൂതങ്ങളും പഞ്ചീകൃതമായതിനാലാണ് ചിപ്പിയിൽ രജതതത്ത്വം അടങ്ങിയിട്ടുള്ളതും, കയറിൽ സർപ്പതത്ത്വം അടങ്ങിയിട്ടുള്ളതും. അതിന്റെ തന്നെ പരിണാമമാണ് രജതസർപ്പാദികളും.

ഉപാദാന കാരണമായതിനാൽ ഉപാദാന രൂപമായ പരമാത്മാവിന്റെ വശത്താണ് മുഴുവൻ ജഗത്തും. ജഗത്ത് ഉപാദാനത്താൽ നിയന്ത്രിതമാണ്. ഒരിക്കൽ ഒരുകുടം മുറ്റത്ത് കിടക്കുന്നുണ്ടായിരുന്നു. നനഞ്ഞമുറ്റമായിരുന്നു. വെള്ളം വീണതിനാൽ മണ്ണിന് ഗന്ധം ഉണ്ടായിരുന്നു. കുടം വിചാരിച്ചു വല്ലാത്ത ദുർഗന്ധം മണ്ണിന്റെ ഗന്ധം സഹിക്കാൻ വയ്യ ഞാൻ ആകാശത്ത് വസിക്കും. അത് ആകാശത്തേക്ക് പറന്നു. അവിടെയും മണ്ണിൻെറ ഗന്ധം. പിന്നെ സ്വർഗ്ഗത്തിൽ എത്തി. അവിടെയും മണ്ണിന്റെ ഗന്ധമുണ്ട്. പിന്നെ വൈകുണ്ഡത്തിൽ കൈലാസത്തിൽ, എവിടെ ചെന്നാലും മണ്ണിന്റെ ഗന്ധം. കുടം ചിന്തിച്ചു, ഇവിടമൊന്നും ആരും വൃത്തിയാക്കാത്തതെന്ത് ശ്രീകൃഷ്ണൻ പറഞ്ഞു. എടോ ഈ ഗന്ധം ഞാൻ തന്നെയാണ്. 'പുണ്യോ ഗന്ധ: പൃഥിവ്യാം ച' പൃഥ്വിയിൽ എന്താണോ ഗന്ധമായിട്ടുള്ളത്, അത് ഞാൻ തന്നെയാണ്. കുടം-എങ്കിൽ ഞാൻ പൃഥ്വിയുപേക്ഷിച്ച് ഇവിടെ എത്തിയല്ലോ. എന്നിട്ടും ശ്രീകൃഷ്ണൻ പറഞ്ഞു. 'നീ പൃഥ്വിയും (മണ്ണും) കൊണ്ടാണ് ഇവിടെ വന്നത്.' കുടം-അങ്ങനെയല്ല. ഞാൻ മണ്ണു കൊണ്ടല്ല വന്നത്. ശ്രീകൃഷ്ണൻ. 'എടോ നീ സ്വയം എന്താണ്? നിന്റെ അകം മണ്ണു നിറഞ്ഞിരിക്കുകയാണ്. ആ മണ്ണിന് സ്വയം നീ അധീനനുമാണ്. മണ്ണ് എവിടെ പോകുന്നുവോ അവിടെ നീയും പോകേണ്ടിവരും. മണ്ണിന്റെ നിയന്ത്രണത്തിൽ കുടം കഴിയേണ്ടിവരും. ഇതുപോലെ തന്നെ പരമാത്മാവിന്റെ നിയന്ത്രണത്തിലാണ് ജഗത്ത്.

വേദാന്തപ്രക്രിയയിൽ ഉപാദാനത്തെ രണ്ടു തരത്തിൽ വിശേഷിപ്പിക്കുന്നുണ്ട്. പരിണാമി ഉപദാനമെന്നും, വിവർത്തോപാദാനം എന്നുമാണ്. അവ വിശേഷിക്കപ്പെടുന്നത്. ഒരു ഗ്രാമത്തിൽ അവിടുത്തെ അന്തേവാസികൾക്കായി റോഡരികിൽ ഒരു കിണർ കുഴിച്ചിട്ടുണ്ട്. അതിലെ വെള്ളം കോരിയെടുക്കാൻ വേണ്ടി തടി സ്ഥാപിക്കാനായി ഇഷ്ടികകൊണ്ട് രണ്ട് തൂണ് ഉണ്ടാക്കി വെച്ചിരിക്കുന്നു. അതിൽ പുതുതായി കുമ്മായവും പൂശിയിട്ടുണ്ട്. രാത്രിയിൽ വഴിയാത്രക്കാർ നോക്കിയപ്പോൾ വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ റോഡരികിൽ നിൽക്കുന്നതായി തോന്നി. അവർ അത് ഭൂതമാണെന്ന് തെറ്റിദ്ധരിച്ച് ഭയപ്പാടോടെ 'ആരാണ്, ആരാണ്' എന്നു ചോദിച്ചുകൊണ്ട് മുന്നോട്ടു നടന്നു. നേരം പരാപരാ വെളുത്തിരുന്നു. അടുത്തു വന്നപ്പോൾ അവർക്ക് കാര്യം ആശ്വാസമായി. ഈ സംഭവത്തിൽ നിന്നും മനസ്സിലാക്കേണ്ടത് ഇതാണ്. തൂണ് എന്തായാലും ആ ഭൂതത്തിന്റെ ഉപാദാനമാണ്. തൂണില്ലെങ്കിൽ ഭൂതവും കാണപ്പെടുമായിരുന്നില്ല അത് വിവർത്തോപാദാനമായിരുന്നു. തൂണിൽ ഭൂതം വിവർത്തമായതാണ്. അത് അസത്യ (ഇല്ലാത്ത) വസ്തുവിന്റെ ഉൽപ്പത്തിയാണ്. ഇതിനെ വേദാന്തത്തിൽ വിവർത്തമെന്ന് പറയുന്നു. പരിണാമി ഉപാദാനം അവിദ്യയായിരുന്നു. നമ്മുടെ അവിദ്യ തീർച്ചയായും ആദ്യം സംശയാത്മകമായിരുന്നു. എന്നാൽ തൂണ് വ്യക്തമായി കണ്ടപ്പോൾ അവിദ്യയില്ലാതായി വിവർത്തകാരണമുള്ളപ്പോൾ തന്നെ പരിണാമീകാരണം ഇല്ലാതിരുന്നതുകൊണ്ടു അവിടെ ഭൂതമുണ്ടായിരുന്നില്ല. അതുകൊണ്ട് രണ്ടുകാരണങ്ങളും മാനിക്കപ്പെടേണ്ടതാണ് വിവർത്തോപാദാനവും, പരിണാമി ഉപാദാനവും.

ഇനി ശിവനിലേയ്ക്കും ബ്രഹ്മത്തിലേയ്ക്കും വരാം. ബ്രഹ്മം വിവർത്തോപാദാനമാണ്. മായ പരിണാമി ഉപാദാനമാണ്. ബ്രഹ്മമില്ലെങ്കിൽ ജഗത്ഭ്രാന്തിയുമുണ്ടാകാൻ സാദ്ധ്യതയില്ല. ബൗദ്ധന്മാർ ശൂന്യവാദികളാണ്. അവർ ജഗത്തിനെ വിവർത്തമെന്നുമാനിക്കുന്നു. എന്നാൽ അതിന്റെ ഉപാദാനത്തെ മാനിക്കുന്നില്ല. ശൂന്യമെന്നും പറയുന്നു. കയറില്ലാതെ സർപ്പഭ്രാന്തിയുമില്ല. ശുക്തിയില്ലാതെ രജതഭ്രാന്തിയും ഉണ്ടാവില്ല. അതുപോലെ തന്നെ ബ്രഹ്മമില്ലാതെ ജഗദ്ഭ്രാന്തിയും ഉണ്ടാവില്ല. ഇവിടെ ഭൂതമെന്താണ്. അന്തസ്ഥമായ അവിദ്യയുടെ പരിണാമമാണ്. പക്ഷെ കാണപ്പെടുന്നത് പുറത്താണ് വ്യത്യാസം ഇതുമാത്രം ഭൂതം കയർ, സർപ്പം ഇവയെല്ലാം വ്യക്തി ഗതം വ്യഷ്ടി അവിദ്യയുടെ പരിണാമവും ജഗത്ത് സമഷ്ടിമായയുടെ പരിണാമവുമാണ്. ഭൂതം, കയർ, സർപ്പാദികൾ പ്രാതിഭാസികവും ജഗത്ത് വ്യാവഹാരികവുമാണ്.

*(തുടരും)*

*****

# ആഗോളതാപനവും കൂട്ടവംശനാശവും

എൻ. രാജശേഖരൻ – 9895550719

*(തുടർച്ച)*

അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡ് കൂടുതലായുണ്ടാകുമ്പോൾ ഭൂമിയിലെ താപനില ക്രമാതീതമായി ഉയരുന്നു. ഭൂമിയെ മുഴുവനായും ബാധിക്കുന്ന ഒന്നാണ് ഹരിതഗൃഹവാതകങ്ങളുടെ അളവ് ക്രമാതീതമായി വർദ്ധിക്കുക എന്നത്. അന്തരീക്ഷത്തിൽ വാതകരൂപത്തിലുള്ള കാർബൺ ഡൈ ഓക്സൈഡ്, നൈട്രസ് ഓക്സൈഡുകൾ മീഥേൻ എന്നീ ഹരിതഗൃഹവാതകങ്ങൾ സൂര്യനിൽ നിന്ന് താപോർജ്ജം ആഗിരണം ചെയ്യുകയാണ് ചെയ്യുന്നത്. അങ്ങനെയാകുമ്പോൾ, അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് എത്രമാത്രം കൂടുന്നുവോ അതിനനുസരിച്ച് ഭൂമിയിലെ ചൂടും ക്രമാതീതമായി വർദ്ധിക്കുന്നു. ഇപ്രകാരം വർദ്ധിച്ചാൽ 2100 ആകുമ്പോഴേക്കും ഭൂമിയിലെ ചൂട് 3.5 മുതൽ 4.5 സെന്റീഗ്രേഡ് വർദ്ധിക്കുമെന്ന് ഉറപ്പാണ്. അന്തരീക്ഷ താപനില ഇപ്രകാരം വർദ്ധിക്കുന്നതിന്റെ ഫലമായി കാലാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ വന്നു തുടങ്ങിയിരിക്കുന്നു. ഇപ്രകാരമുള്ള ആഗോളതാപനവും കാലാവസ്ഥാമാറ്റങ്ങളും കൊണ്ട് എത്രയോ ജീവികളും, സസ്യജാലങ്ങളും ഭൂമിയിൽ നിന്ന് തുടച്ച് മാറ്റപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ക് താങ്ങാൻ കഴിയുന്നതിൽ കൂടുതൽ മലിനീകരണത്തിൻെറ കാലമാണ് ഇപ്പോൾ എത്തിയിരിക്കുന്നത്. ഇപ്പോഴത്തെ നിലയിൽ കാർബണിന്റെ ബഹിർഗമനം തുടർന്നാൽ 2100ൽ ശരാശരി താപനില $4^0$ സെ ആയി ഉയരുന്നതാണ്. ചൂടിന്റെ ആധികൃത്താൽ ജലക്ഷാമം രൂക്ഷമാകും. ഇപ്പോൾ തന്നെ കുടിവെള്ളക്ഷാമം അതിരൂക്ഷമായി കഴിഞ്ഞിട്ടുണ്ട്. ദക്ഷിണാഫ്രിക്കയുടെ തലസ്ഥാനമായ കേപ്ടൗൺ ജലരഹിത നഗരമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. അവിടെ കുളിക്കാൻ ജലം ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു. ഭാരതത്തിൽ ജലരഹിത നഗരമാകാൻ പോകുന്നത് ബാംഗ്ലൂരാണ്. ഭൂഗർഭജലത്തിന്റെ ലഭ്യതയും ഇല്ലാതായികൊണ്ടിരിക്കുന്നു. നേരത്തേ 50 അടി താഴ്ത്തിയാൽ ജലം ലഭിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ 500 അടി താഴ്ത്തിയാലും ജലം ലഭിക്കുന്നില്ല.

അടിയന്തിരമായി താപനില കുറയ്ക്കുന്നതിനും, അന്തരീക്ഷത്തിൽ കെട്ടികിടക്കുന്ന കാർബൺനെ ഇല്ലാതാക്കുന്നതിനുമുള്ള കർമ്മപരിപാടികൾ നടത്തേണ്ടിയിരിക്കുന്നു. കാർബൺ ബഹിർഗമനത്തിന് പ്രധാന ഉത്തരവാദി ഗതാഗതരംഗമാണ്. ഗതാഗത രംഗത്തെ കാർബൺ പുറംതള്ളൽ കുറക്കാനുള്ള ഒരു വലിയ മാർഗ്ഗം യാത്രകൾ ഏതാണ്ട് മുഴുവനായും റയിൽവേയിലേക്ക് മാറുക എന്നതാണ് ഇന്ധന ചിലവിന്റെ കാര്യമായ കുറവ് സുരക്ഷിതത്വം, കൂടുതൽ ആളുകൾക്ക് സഞ്ചരിക്കുവാൻ കഴിയുമെന്ന മേന്മ എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ തീവണ്ടി ഗതാഗതം കൊണ്ട് ലഭിക്കും. അതുപോലെ ചരക്ക് ഗതാഗതത്തിനും റയിൽവേയും, ജലാശയങ്ങളും ഉപയോഗിക്കാം. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ പ്രവർത്തിയിൽ കൊണ്ടുവരണം.

ജലഗതാഗതവും, റെയിൽഗതാഗതവും പൂർണ്ണമായി ഉപയോഗിക്കുന്നതോടെ കാർബണിന്റെ പുറന്തള്ളൽ മാത്രമല്ല അന്തരീക്ഷത്തിലെ പൊടിമാലിന്യങ്ങൾക്ക് വളരെ ശമനമുണ്ടാകുന്നതാണ്. നിരത്തുകൾക്കിരുവശത്തും മരങ്ങൾ ധാരാളമായി വച്ച് പിടിപ്പിക്കണം. ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിലെല്ലാം മരങ്ങൾ നട്ടുപിടിപ്പിക്കണം. കരഭാഗത്തിന്റെ 1/3 ഭാഗം വനമായി നില നിർത്തണം. ഒരു മരം ഒരു വർഷം 250 പൗണ്ട് ഓക്സിജനെയാണ് പുറത്തേക്ക് വിടുന്നത്. അന്തരീക്ഷത്തിലെ മാലിന്യമായ കാർബൺ ഡൈ ഓക്സൈഡിനെ വലിച്ചെടുത്ത്, ശുദ്ധമായ ഓക്സിജനെ പ്രദാനം ചെയ്യുകയാണ് മരങ്ങളും, സസ്യങ്ങളും ചെയ്യുന്നത്. അന്തരീക്ഷത്തിൽ നിന്ന് പൊടി, പുക, ഉപദ്രവകാരികളായ വാതകങ്ങൾ എന്നിവയെ ഒരു അരിപ്പ പോലെ അരിച്ചെടുത്ത് അന്തരീക്ഷത്തെ സംശുദ്ധമാക്കുന്നതും മരങ്ങൾ തന്നെ. വനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കണം.

സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തണം. മനുഷ്യന്റെ മുഴുവൻ ആവശ്യങ്ങൾക്കും-സൂര്യനിൽ നിന്ന് ലഭിക്കുന്ന ഊർജ്ജത്തിന്റെ ഒരു ശതമാനം മതി. കൊച്ചി അന്താരാഷ്ട്രവിമാനത്താവളത്തിന് (CIAL) ആവശ്യമായ ഊർജ്ജം മുഴുവൻ സൂര്യനിൽ നിന്നാണ് ലഭിക്കുന്നത്. സൗരോർജ്ജം പുനർസൃഷ്ടിക്കാവുന്നവയാണ്. പരിസര മലിനീകരണത്തിന്റെ പ്രശ്നമില്ലയെന്നത് സൗരോർജ്ജത്തിന്റെ മറ്റൊരു മേന്മയാണ്. എല്ലാ ഭാഗത്തും സുലഭമായി ലഭിക്കുകയും ചെയ്യുന്നു.

സൗരോർജ്ജത്തിന് പുറമേ കാറ്റ്, തിരമാലയിൽ നിന്നുള്ള ഊർജ്ജം, സീവേവ് എനർജി, ജിയോതെർമൽ എനർജി, ബയോഗ്യാസ് എന്നിവയും മാലിന്യമുക്ത ഊർജ്ജസ്രോതസ്സുകളാണ്. ഹൈഡ്രജൻ സെല്ലുകൾ, വൈദ്യുത വാഹനങ്ങൾ, പ്രകൃതി വാതകങ്ങൾ എന്നിവ കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന വാഹനങ്ങൾ എന്നിവയും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറക്കുന്ന ഉപാധികൾ തന്നെ. സ്വീവേജ് വാതകത്തിൽ നിന്ന് ഹരിതോർജ്ജം ഉൽപ്പാദിപ്പിക്കണം. ഭക്ഷ്യവസ്തുക്കൾ പാഴാക്കുന്നത് കർശനമായി തടയണം.

ദൈനംദിനജീവിതത്തിൽ മിതത്വം പാലിക്കണം. വനനശീകരണം പൂർണ്ണമായും ഇല്ലാതാക്കണം. മഴവെള്ള സംഭരണി നിർബന്ധമാക്കണം. ഭൂമിതരിസ്സിടാതെ കഴിയുന്നത്ര വിളവുകൾ കൃഷി ചെയ്യണം.

തക്കതായ കാരണമില്ലാതെ സ്വന്തം സ്ഥലത്ത് പോലും നിൽക്കുന്ന മരങ്ങളും, ചില്ലകളും അരിഞ്ഞ് വീഴ്ത്തുന്നത് നിർദ്ദയം തടയണം. വ്യവസായ സ്ഥാപനങ്ങളുടെ പരിസരിത്ത് ധാരാളമായി മരങ്ങൾ വച്ചു പിടിപ്പിക്കണം. ജൈവകൃഷി പ്രോത്സാഹിപ്പിക്കണം. മണ്ണിൽ രാസവളങ്ങൾ ചേർക്കാതിരിക്കാൻ കർഷകരെ പ്രേരിപ്പിക്കണം. പകരം ജൈവവളങ്ങൾ ഉപയോഗിക്കണം.

സമുദ്രവും, നദികളും മാലിന്യമുക്തമായിരിക്കണം. സമുദ്രത്തിൽ നിറയെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളാണ്. നദിയിൽ വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അവസാനമായി എത്തിച്ചേരുന്നത് സമുദ്രത്തിലാണ് എന്നോർക്കണം.

ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന കറിപൗഡറുകൾ മുഴുവൻ മാരകമായ രാസവസ്തുക്കൾ അടങ്ങിയവയാണ്. ആകർഷകമായ പാക്കറ്റുകളിൽ ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളിൽ നേരത്തേ പറഞ്ഞ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നതിനാൽ, അവ പാടെ ഒഴിവാക്കണം.

ആഗോളതാപനത്താൽ 2030 ആകുമ്പോഴെയ്ക്കും ഹിമാലയൻ മഞ്ഞുമലകൾ അതിശീഘ്രം ഉരുകുമെന്നു കണക്കാക്കപ്പെടുന്നു ഹിമാലയത്തിലെ മഞ്ഞുകുറഞ്ഞാൽ, കാലാവസ്ഥ മാറ്റങ്ങളാൽ ഹിമാനികൾ നിലം പതിച്ചാൽ ഇന്ത്യ, ചൈന, ടിബറ്റ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നിങ്ങനെ നിരവധി രാജ്യങ്ങളിലെ ജനജീവിതം താറുമാറാകുന്നതാണ്. സിന്ധു, ഗംഗ, മെക്കോങ്, യങ്‌സി എന്നി നദികളിലെ ജലപ്രവാഹം സൃഷ്ടിക്കുന്നതു ഹിമാലയൻ ഹിമാനികളാണെന്നു ഓർക്കണം ഈ ഹിമാലയൻ ഹിമാനികൾ ഉരുകിത്തീരുന്നതോട ഈ നദികളെല്ലാം വറ്റിവരണ്ടു പോകുമ്പോഴുണ്ടാകുന്ന കൊടും വരൾച്ച കോടിക്കണക്കിനു ജനങ്ങളെയാണ് ബാധിക്കുന്നതു, മറ്റൊരു സുപ്രധാന സംഗതി ആഗോളതാപനം മഞ്ഞുറഞ്ഞുകിടക്കുന്ന അടിത്തറകളെ ഉരുക്കിയിളക്കുമ്പോഴുണ്ടാകുന്ന നാശനഷ്ടങ്ങൾ വിവരണാതീതമാണ്, ഇവ ഒരിക്കലും പരിഹരിക്കാനാവാത്ത അസന്തുലിതാവസ്ഥയ്ക്കും, വൻസാമ്പത്തിക പ്രതിസന്ധിക്കും, ആത്യന്തികമായി സർവ്വനാശത്തിലുമായിരിക്കും അവസാനിക്കുക

ഇനി ഒരു നിമിഷം സമുദ്രത്തിലുണ്ടാകുന്ന മാറ്റങ്ങൾ നോക്കാം ധ്രുവത്തിലെ അതിവേഗത്തിലുണ്ടാകുന്ന മഞ്ഞുരുകൽ കടലിലേക്കു വൻതോതിലുള്ള ശുദ്ധജലപ്രവാഹമാണ് സൃഷ്ടിക്കുക ഇതുമൂലം കടൽ ജലത്തിന്റെ സാന്ദ്രത കുറയാനിടയാകും ഇങ്ങനെ സംഭവിക്കുന്ന ലവണസാന്ദ്രതയിലെ വ്യത്യാസം ശീതജലപ്രവാഹം ഇല്ലാതാക്കുകയും തൽഫലമായി ശീതജലം കെട്ടികിടക്കാനിടയാക്കുന്നു ഇതിനു പുറമെ ഉഷ്ണമേഖല സമുദ്രങ്ങൾ അമിതമായി ചുടാകുന്നു. ഇപ്രകാരം ചുടാകുന്നതിന്റെ ഫലം ജലത്തിൽ ഓക്സിജൻ അലിഞ്ഞു ചേരാനിടയാകാതെ വരുന്നു എന്നതാണ്, ജലത്തിൽ ഓക്സിജൻ അലിഞ്ഞുചേരാത്തതിന്റെ കാരണത്താൽ ഫൈറ്റോ പ്ലഗ്ട്ടനുകൾക്കു വളരുവാൻ കഴിയാതെ വരുന്നു. സമുദ്രത്തിൽ വളരുന്ന ഈ സുഷ്മജീവിവർഗ്ഗത്തിന്റെ നാശം സമുദ്രത്തിന്റെ കാർബൺ ആഗിരണശക്തി കുറയാനിടയാക്കുകയും, അന്തരീക്ഷത്തിൽ കൂടുതൽ കാർബൺ കെട്ടികിടക്കാനിടയാക്കുകയും ചെയ്യുന്നു. ഫൈറ്റോ പ്ലഗ്ട്ടനുകൾ ഓരോ ദിവസവും ടൺ കണക്കിന് ഓക്സിജനാണ് പുറത്തേക്കു വിടുന്നത്,

അന്തരീക്ഷത്തിൽ കൂടുതൽ കാർബൺ കെട്ടികിടക്കുന്നതിനാൽ ആഗോളതാപനം വീണ്ടും വർദ്ധിക്കാനിടയാക്കുന്നു സമുദ്രനിരപ്പ് സീമാതീതമായി വർദ്ധിക്കാനിടയാക്കുമെന്നു പറഞ്ഞല്ലോ? മഞ്ഞുരുകുന്നത്തിന്റെ ഫലമായും, ചുടു കൊണ്ട് വികസിക്കുന്നതുകൊണ്ടുമാണ് സമുദ്രനിരപ്പ് ഉയരുന്നത്, ഉഷ്ണമേഖല പ്രദേശങ്ങളിൽ വനകളാണ് താപനത്തെ നിയന്ത്രിക്കുന്നതെന്നു ഓർക്കണം വിപുലമായ തോതിൽ വനം നശീകരണത്തിന്റെ ഫലമായി ഈർപ്പംകുറഞ്ഞു മേഘങ്ങൾ രൂപപ്പെടതെ വരുന്നു സൂര്യനിൽ നിന്നുള്ള ചുടാകട്ടെ ഭൂതലത്തിൽ നിന്ന് പുനർവികിരണം ചെയ്തു പുറത്തേക്കു പോകുന്നില്ല ഇതും അന്തരീക്ഷത്തിൽ ചുടു വളരെയധികം വർദ്ധിക്കുന്നതിനിടയാക്കുന്നു.

*(തുടരും)*

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 ആഗസ്റ്റ് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ചെറുപറമ്പത്ത് കുടുംബയോഗം, കടവന്ത്ര | 55,370/- |
| 2. | ശ്രീ. ടി.എൻ.ടി. നായർ കൈരളി അപ്പാർട്ട്മെന്റ്, പനമ്പിള്ളി നഗർ, കൊച്ചി - 36 | 25,000/- |
| 3. | ശ്രീ. കെ.ടി. മോഹനൻ, പ്രിയദർശിനി, ചിറ്റൂർ റോഡ്, കൊച്ചി - 35 | 25,000/- |
| 4. | ശ്രീ. ഉണ്ണികൃഷ്ണൻ, മുല്ലശ്ശേരി, ഈയ്യാട്ടിൽ, ചിറ്റൂർ റോഡ്, കൊച്ചി-11 | 10,100/- |
| 5. | ശ്രീമതി പത്മ ശിവശങ്കരൻ, സുരഭി, 33/2490, കായപ്പിള്ളിൽ സ്വാമിപ്പടി, എളമക്കര | 5,000/- |

# *ദൃക്ക്ദൃശ്യ വിവേകം*( *16* )

സി. നാരായണൻ- 9819456012

ഉപേക്ഷ്യ നാമരൂപേ ദ്വേ
സച്ചിദാനന്ദതല്പരഃ
സമാധിം സർവ്വദാ കുര്യാദ്
ഹൃദയേ വാ അഥവാ ബഹിഃ (22 )

നാമരൂപേ ദ്വേ = നാമരൂപങ്ങൾ എന്ന രണ്ടിനേയും
ഉപേക്ഷ്യ = അവഗണിച്ചുകൊണ്ട്
സച്ചിദാനന്ദതല്പരഃ = ബ്രഹ്മാന്വേഷി
ഹൃദയേ വാ അഥവാ ബഹിഃ = ദേഹത്തിനുള്ളിലും പുറത്തും
സമാധിം = സ്വരൂപാവസ്ഥാനം
സർവദാ കുര്യാദ് = എല്ലായ്പ്പോളും ചെയ്തുകൊണ്ടിരിക്കുക

(നാമരൂപങ്ങളെ മനസാ അവഗണിച്ച് , ഒരു മുമുക്ഷു സദാ സമയവും മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചു നിർത്തട്ടെ )

ഈ ഗ്രന്ഥത്തിലെ ഇരുപതാമത്തെ ശ്ലോകത്തിൽ , അസ്തി , ഭാതി , പ്രിയം , നാമം, രൂപം എന്നിങ്ങനെ അഞ്ചു ഘടകങ്ങളടങ്ങിയതാണ് നമ്മുടെ അനുഭവപ്രപഞ്ചമെന്നു പറഞ്ഞു. അവയിൽ ആദ്യത്തെ മൂന്നെണ്ണത്തെ ഒന്നാക്കിയെടുത്ത് ബ്രഹ്മമെന്നും, പിന്നെയുള്ള രണ്ടെണ്ണത്തെ മിഥ്യാജഗത്തെന്നു വിളിക്കാമെന്നും പറഞ്ഞു.

ചുരുക്കി പറഞ്ഞാൽ, നാം ഇടപഴകുന്ന എന്തിലും, ബ്രഹ്മത്തിന്റേയും, മിഥ്യാജഗത്തിന്റേയും അംശങ്ങളുണ്ട്. അതുകൊണ്ട്, ബ്രഹ്മമെന്നാൽ മിസ്റ്റിക്കായ ഒന്നല്ല എന്നു മനസ്സിലാക്കാമല്ലോ. അതായത്, തപസ്സിന്റെ പാരമ്യത്തിൽ അറിയപ്പെടുന്ന ഒരു നിഗൂഢവസ്തുവൊന്നുമല്ല ബ്രഹ്മം. നാം അറിയുന്ന ഏറ്റവും നിസ്സാരവസ്തുവിൽ പോലും 'ഉണ്ട്' എന്നിങ്ങനെ അറിയപ്പെടുന്നത് ബ്രഹ്മമാണ്. ആ ഉണ്മ, വിവിധനാമരൂപങ്ങളായ ജഗത്തായി അറിയപ്പെടുന്നുവെന്നേയുള്ളൂ. ഈ ഗ്രന്ഥത്തിൽ, അധിഷ്ഠാനമായ ആ ഉണ്മയെ ദൃഗ് എന്നും, മാറിക്കൊണ്ടിരിക്കുന്ന നാമരൂപാത്മകമായ ഘടകത്തെ ദൃശ്യമെന്നും വിളിക്കുന്നു.

ഈ വിഷയം മുൻപ് പറഞ്ഞിട്ടുള്ളതാണ്. എന്നിരിക്കിലും, അതിന്റെ പ്രാധാന്യമോർത്ത് ആവർത്തിക്കയാണ്. മേൽ പറഞ്ഞ രണ്ടും, അതായത് ദൃഗും ദൃശ്യവും, വിപരീത ധ്രുവങ്ങൾ പോലെയോ, ഇരുട്ടും വെളിച്ചവും പോലെയോ വ്യത്യസ്തധർമ്മങ്ങളോടു കൂടിയ സത്തകളാണ്. എന്നിരുന്നാലും , അവ രണ്ടും അന്യോന്യാധ്യാസത്താൽ ഒരു സത്തയെന്നപോലെയാണ് കാണപ്പെടുന്നത്. ഒരു ദൃഷ്ടാന്തമായി , ഞാൻ ഈ ലേഖനമെഴുതാൻ ഉപയോഗിക്കുന്ന മേശയെ എടുക്കാം. ഇതിൽ ഉണ്മയായിട്ടുള്ളത് മരമാണ്. തൂക്കവും സ്പർശനത്തിനുള്ള ക്ഷമതയും മറ്റും മരത്തിനേയുള്ളൂ. ആ ഉള്ളതായ മരത്തിൽ നാം ചെയ്യുന്ന കല്പനയാണ്. മേശ എന്ന രൂപം. മരവും ആ രൂപവും പരസ്പരം ചേരുമ്പോൾ മേശ എന്നു പേരുള്ള വ്യവഹാരവസ്തു ജനിക്കുന്നു. അവയിൽ മരവും രൂപവും അവിഭാജ്യങ്ങളാണെന്നു പോലും തോന്നിപ്പോവും. എന്നാൽ, മേശ എന്ന രൂപം മരത്തിലെന്ന പോലെ അലൂമിനിയം, ഇരുമ്പ് എന്നിവയിലും കാണാം. അതു പോലെ മരത്തിനു മേശയായിട്ടല്ലാതെയുമിരിക്കാം. ഇങ്ങനെ, ഏതൊരു വിഷയത്തിലും രണ്ടു ഘടകങ്ങളുണ്ടായിരിക്കും. ഭഗവാൻ, ഗീതയിൽ അവയെ സത് എന്നും അസത് എന്നും വിളിക്കുന്നു. ആ രണ്ടിനെത്തന്നെയാണ് ഈ ഗ്രന്ഥത്തിൽ ദൃഗ് എന്നും ദൃശ്യമെന്നും വിളിക്കുന്നത്.

എല്ലാത്തിനുമുള്ളതു പോലെ, 'ഞാൻ' എന്നിങ്ങനെ വ്യവഹരിച്ചു വരുന്ന തത്വത്തിലും രണ്ടംശങ്ങളുണ്ട്. അവ, അധിഷ്ഠാനമായ സാക്ഷി ചൈതന്യവും, പിന്നെ മിഥ്യയായ അഹങ്കാരവുമാണ്. ഈ അഹങ്കാരം എല്ലായ്പ്പോളും ചിദാഭാസ സഹിതമാണ്.

അതുകൊണ്ട് അത് സത്യമാണെന്നു തോന്ന പ്പെടുന്നു. ആത്മഭേദന തന്മയീഭവിക്കുന്നതിനാൽ, ഞാൻ എന്ന ഈ അഹംബുദ്ധി, ശരീരത്തിലേക്കും വ്യാപിക്കുന്നു. അക്കാരണത്താൽ സാധാരണയായി നാമോരോരുത്തരും ശരീരത്തേയും ഞാനെന്നഭിമാനിക്കുന്നു.

ഈ ഗ്രന്ഥത്തിൽ ഇതു വരെയുള്ള ശ്ലോകങ്ങൾ നമ്മെ സത്യമായ ദൃഗിനേയും, മിഥ്യയായ ദൃശ്യത്തേയും വേർതിരിച്ചു കാണിക്കാനാണ് പഠിപ്പിച്ചത്. ആദ്യത്തെത്തന്നെ ശ്ലോകത്തിൽ ,

'ദൃശ്യാ ധീവൃത്തയ' എന്നും

' സാക്ഷീ ദൃഗേവ ' എന്നും പറയുകയുണ്ടായി. അതായത്, അന്തക്കരണവൃത്തികളായി (ധീവൃത്തി) നാം അറിയുന്ന എന്തും, കാണപ്പെടുന്ന രൂപങ്ങൾ, കേൾക്കപ്പെടുന്ന ശബ്ദങ്ങൾ, സ്പർശിക്കപ്പെടുന്നവ, ഘ്രാണിക്കപ്പെടുന്നവ , രുചിക്കപ്പെടുന്നവ, എന്നിവയെല്ലാം ദൃശ്യങ്ങളും , അതിനാൽ മിഥ്യകളുമാണെന്നാണ് അതിനർത്ഥം. എന്നാൽ സാക്ഷിയെന്നാൽ ബുദ്ധിവൃത്തിയല്ല , എല്ലാ ബുദ്ധിവൃത്തികളുടേയും ദ്രഷ്ടാവാണ്. അതാണ് ശരിയായ ഞാൻ.

ഇപ്പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ മുകളിലെഴുതിയ 22-ാമത്തെ ശ്ലോകത്തിന്റെ അർത്ഥനിരൂപണം ചെയ്തു നോക്കാം.

നാം ഗ്രഹിക്കുന്നതിൽ, നാമരൂപാത്മകമായ മിഥ്യാസത്തയെ ഉപേക്ഷിച്ച് സത്യമായ ചൈതന്യസത്തയെ തിരിച്ചറിയാനാണ് ആചാര്യർ പറയുന്നത്. മാത്രമല്ല, സത്യമായ ചിത്തിനെ വേർതിരിച്ചറിഞ്ഞ ശേഷം, അതിൽ നിഷ്ഠയുറപ്പിക്കാനും ഗുരുദേവൻ ഉപദേശിക്കുന്നു. ആചാര്യർ പറയുന്നതെന്തെന്നാൽ, ശ്രവണ മനനങ്ങൾ കൊണ്ട് ലഭിച്ച ജ്ഞാനം, സ്വന്തമാക്കി, അതിന്റെ പ്രയോജനം ഉൾക്കൊള്ളാനായി, ആ ജ്ഞാനത്തെ സ്വാംശീകരിക്കേണ്ടതുണ്ട്. അത് ഒരു തവണ ചെയ്തു സാധിക്കേണ്ടതായ ഒരു സംഗതിയല്ല. ഇപ്പോൾ 'ഞാൻ ശരീരമാണ്' എന്ന ചിന്ത എത്രത്തോളം ദൃഢമാണോ, അത്ര തന്നെ ദൃഢമാകുന്ന വിധം, ഞാനും പരമാത്മാ വും ഒന്നാണെന്ന യാഥാർത്ഥ്യം മനസ്സിൽ നിരന്തരം ധ്യാനിച്ചുറപ്പിക്കണം. അങ്ങിനെയതിൽ നിഷ്ഠ കൈവരണം. നിഷ്ഠക്ക് സമാധി എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. നിരന്തരമായ നിദിദ്ധ്യാസനത്തിന്റെ പരിണിതഫലമാണ് സമാധി.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സാധാരണക്കാരായ നമുക്ക്, ധ്യാനം, സമാധി എന്നീ വാക്കുകൾ കേട്ടയുടനെ പതാഞ്ജലീ യോഗത്തിലെ സമാധിയാണ് ഓർമ്മ വരിക. അതല്ല ഇവിടെയുദ്ദേശിക്കുന്നത്. പ്രത്യുത, വേദന്തസമാധിയാണ്. രണ്ടിനും വ്യത്യാസമുണ്ട്. ഒരു സാധാരണ മനുഷ്യന് പതാഞ്ജലീയോഗസമാധി ബുദ്ധിമുട്ടു തന്നെയാണ്.

യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിങ്ങനെ എട്ട് അംഗങ്ങളുള്ള ഈ അഷ്ടാംഗയോഗത്തിലെ ഓരോ ഘട്ടവും ഉറയ്ക്കാൻ വളരെ കാലമെടുക്കും. മേരു പർവ്വതം നീക്കുന്നതിനു സമാനമാണ് അതെന്നു വേണമെങ്കിൽ പറയാം. അതുകൊണ്ട് സാധാരണക്കാരന് പൊതുവേ ഏതു സാധനകളിൽ നിന്നും ഒഴിഞ്ഞു നിൽക്കാനാണ് പ്രവണത. ഇനി സമാധി കിട്ടിയാലോ, അതു താൽക്കാലികമാണു താനും. സമാധിയിലിരിക്കുന്ന അവസരത്തിൽ ആനന്ദാനുഭവം ഉണ്ടായെന്നിരിക്കാം. പക്ഷേ അതു കൊണ്ടെന്തു പ്രയോജനം? താൻ ജീവനാണെന്നും, ലോകം സത്യമാണെന്നുമുള്ള ധാരണ നില നിൽക്കുന്നേടത്തോളം ദുഃഖശമനമോ, സംസാരനാശമോ ഉണ്ടാവാൻ പോകുന്നില്ല. എന്നാൽ, ഈ യോഗസമാധിയെ കൂടാതെ മറ്റൊരു മാർഗ്ഗവും ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ട്. അതാണ് ജ്ഞാന മാർഗ്ഗത്തിലൂടെയുള്ള ജ്ഞാന സമാധി.

യോഗവാസിഷ്ഠത്തിൽ ഇങ്ങനെ പറയുന്നു

'ദ്വൗ ക്രമൗ ചിത്തനാശസ്യ
യോഗോ ജ്ഞാനം ച രാഘവ
യോഗോസ്തദ്വവൃത്തി
നിരോധോ ഹി
ജ്ഞാനം സമ്യഗവേക്ഷണം

(ഹേ രാമ, സമാധിക്ക് രണ്ടു മാർഗ്ഗങ്ങളുണ്ട്, ഒന്ന് ചിത്ത നിരോധം, മറ്റേത് ജ്ഞാന ദർശനം )

നമ്മുടെ മനസ്സിൽ സംസാരദുഃഖം ചിത്തവൃത്തികളുടെ രുപത്തിലാണല്ലോ. യോഗ മാർഗ്ഗമെന്നാൽ ആ ചിത്തവൃത്തികളെ പൊന്താനനുവദിക്കാതെ നശിപ്പിച്ചു കളയൽ. പതഞ്ജലി മഹർഷിയുടെ യോഗസൂത്രങ്ങളിലെ ആദ്യത്തെ സൂത്രം തന്നെ
'യോഗഃ ചിത്തവൃത്തി നിരോധഃ '
എന്നാണല്ലോ. എന്നു വെച്ചാൽ, മനസ്സിൽ ചിന്തകളൊഴിക്കുക. രണ്ടാമത്തെ മാർഗ്ഗം, ശ്രുതിയുടേയും ഗുരുവിന്റേയും സഹായത്തോടെ, ശ്രവണമനനനിദിദ്ധ്യാസങ്ങളിലൂടെ ആത്മന്വേഷണം നടത്തലാണ്.
ഈ രണ്ടു മാർഗ്ഗങ്ങളിൽ ചിലർക്ക് യോഗമാർഗ്ഗവും , മറ്റു ചിലർക്ക് ജ്ഞാനമാർഗ്ഗവുമായിരിക്കും അനുയോജ്യം.
'അസാദ്ധ്യഃ കസ്യചിദ്യോഗഃ
കസ്യചിജ്ഞാനനിശ്ചയഃ
പ്രകാരൗ ദൗ തതോ ദേവോ ജഗാദ പരമേശ്വരഃ' (ചിലർക്ക് യോഗം അസാദ്ധ്യമാണ്. മറ്റു ചിലർക്ക് ജ്ഞാനമാർഗ്ഗം ക്ലിഷ്ടമാണ്. അതുകൊണ്ടാണ് പരമേശ്വരൻ രണ്ടു മാർഗ്ഗങ്ങൾ അനുഗ്രഹിച്ചു തന്നിരിക്കുന്നത് )
ജഗദ്ഗുരു ശങ്കരാചാര്യർ ജ്ഞാനമാർഗ്ഗത്തെ എത്രയോ പ്രകീർത്തിച്ചിട്ടുണ്ട്. എന്നാൽ യോഗമാർഗ്ഗത്തെ ആത്മസാക്ഷാത്ക്കാരത്തിനുള്ള ഒരു സ്വതന്ത്രമാർഗ്ഗമായി പറഞ്ഞിട്ടില്ല താനും വളരെ സ്ഥൂലമായ ഒരു ദൃഷ്ടാന്തത്തിലൂടെ ഈ രണ്ടു മാർഗ്ഗങ്ങളുടേയും വ്യത്യാസം കാണിക്കാനായി, സിനിമയുടെ കാര്യമെടുക്കാം. വീട്ടിലുള്ള ടിവിയിലെ ഭീകരദൃശ്യങ്ങളുള്ള ഒരു സിനിമ നമ്മെ വളരെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കയാണെന്നിരിക്കട്ടെ. ആ വിഷമാവസ്ഥയിൽ നിന്നു രക്ഷപ്പെടാൻ രണ്ടു മാർഗ്ഗങ്ങളുണ്ട്. ഒന്നാമത്തേത്, സിനിമ നിർത്തിവെക്കുക.
രണ്ടാമത്തെ മാർഗ്ഗം, അതു വെറും സിനിമയാണെന്നു മനസ്സിനെ പറഞ്ഞു മനസ്സിലാക്കുക. വീട്ടിൽ എല്ലാവരും കണ്ടുകൊണ്ടിരിക്കയാണെങ്കിൽ , ആദ്യം പറഞ്ഞ സിനിമ നിർത്തി വെക്കൽ സാധിച്ചെന്നു വരില്ല. അപ്പോൾ രണ്ടാമത്തെ മാർഗ്ഗം അവലംബിക്കയേ നിവൃത്തിയുള്ളൂ. സിനിമ നല്ലതാണെന്നിരിക്കലും , ഒരു സിനിമയെ സിനിമയായിത്തന്നെ കാണുകയല്ലേ എപ്പോളും നല്ലത് ? അങ്ങനെയാണെങ്കിൽ, നമ്മെ ഭയപ്പെടുത്തിയ രംഗങ്ങളിലെ പോലും മികച്ച ഫോട്ടോഗ്രാഫിയും വേഷപ്പകർച്ച നടത്തിയതിലെ വിരുതുമൊക്കെ നമുക്കാസ്വദിക്കാനുമാവും. മരുഭൂമിയിലൂടെ സഞ്ചരിക്കുമ്പോൾ കനാൽ ജലം തിരമാലകളായി വന്നാലും അതു വെറും മൃഗതൃഷ്ണയാണെന്ന അറിവുണ്ടെങ്കിൽ നാം ആ ജലത്തെ പേടിക്കില്ലല്ലോ.

മനസ്സിൽ ദൃശ്യങ്ങളേ വരാതെ , മനസ്സിനെ നിരോധിക്കുന്നതിനേക്കാൾ, ദൃശ്യങ്ങളുടെ മിത്ഥ്യാത്വം മനസ്സിലാക്കുകയാണ് വേണ്ടത്. ഈ ഗ്രന്ഥം അത്തരത്തിലുള്ള സമാധിയെയാണ് ശുപാർശ ചെയ്യുന്നത്.

പക്ഷേ , ഈ രണ്ടു മാർഗ്ഗങ്ങളും വിപരീതങ്ങളാണെന്നു ഒരിക്കലും ധരിക്കരുത്. ഒന്ന് മറ്റേതിന് സഹായകമാവും. ധാരണ , ധ്യാനം മുതലായ അംഗങ്ങൾ ജ്ഞാനയോഗിക്കു വളരെ ഉപകാരപ്രദമാണ്.

ഒരൊറ്റ ഗ്രഹണത്തിൽ രണ്ടു സത്തകളെ അറിയുമ്പോൾ, അവയിൽ ഒന്ന് സത്യവും മറ്റേത് മിത്ഥ്യയും ആയേ തീരൂ. ഒരു നെക്കലസ്സു കാണുമ്പോൾ സ്വർണ്ണമെന്ന സത്യവും നെക്ക്ലെസ്സിന്റെ രൂപമെന്ന മിത്ഥ്യയും ഒന്നിച്ചാണിരിക്കുന്നത്. ഒരു ബാ ലിക നെക്ക്ലസ്സു മാത്രം കാണുമ്പോൾ, തട്ടാൻ സ്വർണ്ണം മാത്രം കാണുന്നു. വേദാന്ത ത്തിലെ കേന്ദ്രീയസ്വഭാവമുള്ള തത്ത്വമാണിത്. മനസ്സിലെ ദൃശ്യങ്ങളെ അനാത്മാവായി തള്ളിക്കളഞ്ഞ്, ദ്രഷ്ടാവായ ആത്മാവിനെ സ്വീകരിക്കുക. ബോധമാണ് ആത്മാവ്. ആ അധിഷ്ഠാനമായ ബോധത്തിലാണ് ജഗത്ത് പൊന്തിയും, മുങ്ങിയുമിരിക്കുന്നത്. അധിഷ്ഠാനത്തിൽ അടിയുറപ്പിച്ചാൽ, അതിൽ കൃത്രിമമായി ജനിക്കുകയും നശിക്കുകയും ചെയ്യുന്ന പ്രതീതികളെ ശ്രദ്ധിക്കേണ്ടതില്ലെന്നു മനസ്സിലാവും 'അധിഷ്ഠാനാവശേഷോ ഹി നാ ശഃ കല്പിതവസ്തുനഃ

(അധിഷ്ഠാനമായ ആത്മാവിനെ അറിയുന്നതോടെ, മനസ്സിലെ കല്പിതമായ സംസാരം നശിക്കും) നമ്മുടെ സത്യം ബ്രഹ്മമാണെന്നറിയുമ്പോൾ നാമരൂപാത്മകമായ ജഗത്ത് മിത്ഥ്യയാണെന്ന ബോധം ഉറയ്ക്കുന്നു

'പ്രപഞ്ചോ വിസ്മൃതപ്രായഃ

എന്നാണ് 'വിവേകചൂഡാമണി'യിൽ ഭഗവദ് പാദർ പറയുന്നത്

(വിസ്മൃതപ്രായഃ എന്നാൽ
ഇല്ലാത്തതു പോലെയായത് )

പക്ഷേ, ഇതത്ര എളുപ്പമായ കാര്യമല്ല. ദൃശ്യമായ സംസാരത്തെ അനേകമനേകം ശാഖകളുള്ളതും, രൂഢമൂലമായതുമായ ഒരു മഹാ അശ്വത്ഥവൃക്ഷമായാണ് ഭഗവാൻ ഗീതയിൽ ചിത്രീകരിച്ചിട്ടുള്ളത്.

നമ്മുടെ കർമ്മങ്ങളും, കർമ്മഫലങ്ങളും സങ്കല്പങ്ങളുമൊക്കെ അതിലുൾപ്പെടും.

നമ്മുടെ വിശ്വാസപ്രമാണങ്ങളും, ആഗ്രഹങ്ങളും ജീവിക്കുന്നതു തന്നെ ആർക്കുവേണ്ടിയാണെന്നു നാം വിശ്വസിക്കുന്നുവോ, അവരോടുള്ള സ്നേഹവുമെല്ലാം, തള്ളിക്കളയേണ്ടതായ മിത്ഥ്യാ വസ്തുക്കളിൽ പെടും.

അങ്ങേയറ്റത്തെ നിസ്സംഗത കൊണ്ടു മാത്രമേ അതിനെ മുറിച്ചു മാറ്റാനൊക്കൂ.

'അശ്വത്ഥമേനം സുവിരൂഢമൂലം അസംഗശസ്ത്രേണ ദൃഢേന ഛിത്വാ'

എന്നാണ് ഭഗവാൻ പറയുന്നത്. അതിനു പ്രധാനകാരണം, നാം അതിന്റെ അസ്തിത്വം , നമ്മുടെത്തന്നെ അസ്തിത്വമായെടുക്കുന്നു. നമ്മുടെ മനസ്സിൽ ജന്മങ്ങളായി വാസനകൾ കട്ടപിടിച്ചു കിടക്കുന്നുണ്ട്. ആ വാസനയനുസരിച്ച് നാം ചില വസ്തുക്കളെ അഗാധമായി സ്നേഹിക്കയും, മറ്റു ചില വസ്തുക്കളെ കഠിനമായി ദ്വേഷിക്കയും ചെയ്യുന്നു.

തള്ളിക്കളയേണ്ട അംശങ്ങൾ ശരിക്കുമില്ലാത്തവയും അനർത്ഥകരങ്ങളുമാണെന്നറിഞ്ഞാൽ, അവ മനസ്സിൽ നിന്ന് തള്ളിക്കളയൽ എളുപ്പമാണ്. അതേ പോലെ , സ്വീകരിക്കേണ്ടത് ശരിക്കുമുള്ളതാണെന്നതിനു പുറമേ ഏറ്റവും പ്രിയങ്കരവുമാണെങ്കിൽ അതിനു വേണ്ടി പ്രയത്നിക്കൽ , വളരെ സന്തോഷകരമായ ഒരു പ്രവൃത്തിയുമാകുമല്ലോ

ശ്ലോകത്തിന്റെ അവസാനം പറയുന്നത് , സമാധി അകത്തും, പുറത്തും ചെയ്യണമെന്നാണ്. ശരീരത്തിന്റെ അകത്തും, പുറത്തും എന്ന നിലയിലാണല്ലോ നമ്മുടെ അനുഭവപ്രപഞ്ചം. അതു കൊണ്ടാണീ വിഭജനം. രണ്ടിടത്തും ഏകവും, അദ്വിതീയവുമായ ബ്രഹ്മം തന്നെയെന്ന ജ്ഞാനം എങ്ങനെ യുറപ്പിക്കാമെന്ന് ആറു തരം ധ്യാനരൂപങ്ങളിലൂടെ അടുത്ത ശ്ലോകങ്ങളിൽ വിശദീകരിക്കപ്പെടും.

*****


## 2024 ആഗസ്റ്റ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ലക്ഷ്മി അജിത്**
L/3904 തൃപ്തി,
തെക്കും ചേരി ഹൗസ്
കൊച്ചി - 16



**കൃഷ്ണൻ യു.കെ.**
L/4651 41/1188 A
അരങ്ങത്ത് ക്രോസ്സ് റോഡ്
കൊച്ചി - 18



**വി.കെ. നായർ**
L/3336 ദീപം
ചാലക്കരറോഡ്,
പടമുഗൾ
കൊച്ചി - 30



**മുരളീധരൻ ഒ. ആർ.**
L/2794 കാർത്തിക
മണമേൽ വീട്
കടവന്ത്ര
കൊച്ചി - 20



**ജസ്റ്റിസ്. വി.പി. മോഹൻകുമാർ (റിട്ട.)**
L/1710 സഞ്ജയ്
പനമ്പിള്ളി നഗർ
കൊച്ചി - 36



**എം. മോഹൻ**
L/4737 സത്യാഞ്ജലി
കസ്തൂർബാ നഗർ
കടവന്ത്ര
കൊച്ചി - 20

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### 2024 സെപ്റ്റംബർ 11 മുതൽ ഒക്ടോബർ 10 വരെ

| | | | | |
|---|---|---|---|---|
| 1. | 12-09-2024<br>19-09-2024<br>26-09-2024<br>03-10-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 23-09-2024 | തിങ്കൾ | വുമൺസ് ഫോറം | 3.00 p.m. - 5.00 p.m. |
| 3. | 21-09-2024 | ശനി | ഹെറിറേറജ് - ചേന്ദമംഗലം കൈത്തറി യുടെ പുനർജീവനം എന്ന വിഷയം സംസാരിക്കുന്നത് ശ്രീജിത്ത് ജീവൻ. | 5.00 p.m |
| 5. | 27-09-2024 | വെള്ളി | ബീം - ശ്രീ. ഇ.പി. ശ്രീകുമാറിൻെറ സ്വരം നോവലിനെ ആധാരമാക്കിയ സംഗീത ശില്പം | 6.30 p.m. |
| 7. | 11-09-2024<br>18-09-2024<br>25-09-2024<br>02-10-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 8. | 15-09-2024 | ഞായർ | ഓണം വിപണന മേള സമാപനം | 10.30 a.m. |

മിനിക്കഥ

# ‘ നിമിഷം’

ഉണ്ണി വാരിയത്ത് - 9867179480

കാലത്തിൽ കണക്കിലൊതുങ്ങാത്ത നിമിഷങ്ങളുണ്ടല്ലോ. എങ്കിലും, തനിക്കായി ഒരു നിമിഷം ഒതുക്കിവെച്ചിട്ടില്ലെന്നേ അവൾ പറയൂ. നൈരാശ്യം തളർത്തിയ അവളെ കൂട്ടുകാരി സമാധാനിപ്പിച്ചു :

‘വിശ്വാസം കൈവിടരുത്. ഒരേയൊരു നിമിഷം മതി ജീവിതം മാറിമറിയാൻ. ആ നിമിഷത്തിൽ ദൈവത്തിന്റെ കരസ്പർശമുണ്ടാവുമെന്ന് ഓർക്കുക’

ആ വാക്കുകൾ പകർന്ന ഉത്തേജനത്തിൽ അവൾ പ്രാർത്ഥനയുടെ നിമിഷങ്ങൾ കൂട്ടി.

# പുകയിലയും ശ്വാസകോശരോഗങ്ങളും

ഡോ. പാർവ്വതി. കെ.എസ്. – 9497791093

ശ്വാസകോശത്തെ രോഗഗ്രസ്തമാക്കുന്ന ഒരു ദുഃശീലമാണ് പുകവലി. സിഗരറ്റ്, ബീഡി, ചുരുട്ട് എന്നിവയിൽ നിന്നുള്ള പുക ശ്വാസകോശത്തെ മാരകമായി ബാധിക്കുന്നു ശരീരത്തിന് ദോഷമുണ്ടാക്കുന്ന അനേകം ഘടകങ്ങൾ സിഗററ്റിലും, അവയുടെ പുകയിലും ഉണ്ട്. ഒരു സിഗററ്റിൽ പതിനെട്ടു മുതൽ മുപ്പത്തിയൊന്നു മില്ലിഗ്രാം വരെ ടാറിന്റെ ഘടകം ഉണ്ട്. നിക്കോട്ടിൻ, ബെൻസീൻ, ആർസെനിക്ക്, കാർബൺ മോണോക്സയിഡ് മുതലായവയാണ് മറ്റു പ്രധാന വിഷവസ്തുക്കൾ .

പുകവലിക്കുന്നതുമൂലം ശ്വാസനാളത്തിലെ മ്യൂക്കസ് ഗ്രന്ഥികളുടെ സംഖ്യ കൂടുന്നു തന്മൂലം അവ ഉത്പാദിപ്പിക്കുന്ന ദ്രാവകത്തിന്റെ അളവും അധികരിക്കുന്നു. ശ്ലേഷ്മസ്തരത്തിൽ കാണുന്ന സീലിയായുടെ സാധാരണ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്നു. അങ്ങനെ ഇവ രോഗപ്രതിരോധ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. പുകവലി ശ്വാസകോശങ്ങളിൽ കാണുന്ന ആൽഫാവൺ ആന്റിട്രപ്സിന്റെ അളവ് കുറയ്ക്കുന്നു ഇലാസ്റ്റീയിഡ് എന്ന രാസാഗ്നിയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതുമൂലം ആൽസിയോളകളുടെ ഭിത്തികൾ നശിച്ചോ പൊട്ടിയോ എംഫിസിമ എന്ന രോഗം ഉണ്ടാകുന്നു. ക്രോണിക് ബ്രോങ്കൈറ്റിസ്, എംഫിസിമ ശ്വാസകോശ അർബുദം എന്നിവയാണ് പുകവലി മൂലമുണ്ടാകുന്ന ശ്വാസകോശരോഗങ്ങൾ, പുകയിലയിലെ ബെൻസ്പയറിൻ, സെലിനിയം, പൊളോണിയം എന്നിവയാണ് ശ്വാസകോശ അർബുദത്തിന് കാരണമായ ഘടകങ്ങൾ

**ശ്വാസകോശഅർബുദം**

പ്രാഥമികമായി ശ്വാസകോശത്തിൽ ഉണ്ടാകുന്ന അർബുദം , ശ്വാസകോശത്തിൽ ഉണ്ടാകുന്ന സെക്കൻറ്റീസ് എന്നിങ്ങനെ രണ്ടു തരം ശ്വാസകോശഅർബുദങ്ങളാണുള്ളത് .

സ്തനങ്ങൾ, വൃക്കകൾ, തൈറോയിഡ്, എല്ലുകൾ, കരൾ, ആമാശയം മുതലായവയിൽ ഉണ്ടാകുന്ന അർബുദത്തിൽ നിന്നും ശ്വാസകോശങ്ങളിലേക്കു രക്തം ലസിക മുതലായവയിൽ കൂടി അർബുദബാധയുണ്ടാകുന്നു . സാധാരണ ഇവ മൂലം ശ്വാസകോശത്തിൽ പല ഭാഗങ്ങളിലായി ഗോളാകൃതിയിലുള്ള മുഴകൾ ഉണ്ടാകുന്നു. കൂടാതെ പ്ലൂറയുടെ അറയിൽ ദ്രവം കെട്ടിനിൽക്കുന്നു അപൂർവ്വമായി മാറെല്ലിലും ഇവയുണ്ടാകാം.

മാരകങ്ങളായ കാൻസർ മുഴകളും നിർദോഷങ്ങളായ മുഴകളും എന്നിങ്ങനെ രണ്ടു തരത്തിലുള്ള പ്രാഥമികമായ ശ്വാസകോശഅർബുദങ്ങൾ കാണുന്നു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ബ്രോങ്കോജെനിക്ക് കാർസിനോമ എന്ന മാരകമായ ശ്വാസകോശാർബുദമാണ്

ശ്വാസകോശഅർബുദം സാധാരണയായി ശ്വാസകോശത്തിലെ ശ്ലേഷ്മസ്തരത്തിലാണ് ഉണ്ടാകുന്നതു അതുകൊണ്ടാണ് ഇതിനെ ബ്രോങ്കോജെനിക്ക് കാർസിനോമ എന്ന് പറയുന്നത്

**രോഗലക്ഷണങ്ങൾ**

മിക്കവാറും രോഗികളിൽ യാതൊരു രോഗലക്ഷണവും കാണില്ല .മറ്റേതെങ്കിലും കാരണത്തിനുവേണ്ടി നെഞ്ചിന്റെ എക്സ്റേ എടുക്കുമ്പോഴാണ് ഇത് കാണപ്പെടുന്നത് .ക്ഷീണം, വിശപ്പില്ലായ്മ, ചുമ, രക്തം തുപ്പുക മുതലാ

യവയാണ് സാധാരണ കാണുന്ന രോഗലക്ഷണങ്ങൾ . ശ്വാസംമുട്ടൽ , നെഞ്ചുവേദന മുതലായവയും ഇതോടുകൂടി ഉണ്ടാകാം.

ശ്വാസകോശാർബുദം വലുതാകുമ്പോൾ ശ്വാസനാളത്തിൽ തടസ്സം ഉണ്ടാക്കി ശ്വാസകോശത്തെ ചുരുക്കുന്നു, കൂടാതെ രക്തക്കുഴലുകൾ മുതലായവയിൽ രക്തസഞ്ചാരത്തിന് തടസ്സമുണ്ടാകുന്നു. ഇടവിട്ടിടവിട്ടു ന്യൂമോണിയ ഉണ്ടാകാം തലച്ചോറ്, എല്ലുകൾ, ഗ്രന്ഥികൾ, മീഡിയസ്റ്റൈർന എന്നിവയിൽ സെക്കൻറീസ് ഉണ്ടാകാം

നെഞ്ചിന്റെ എക്സ്റേ കാൻസർ കോശങ്ങളെ കണ്ടുപിടിക്കാനുള്ള കഫം പരിശോധന, ബ്രോങ്കോസ്കോപ്പി, ബയോപ്സി , സ്കാനിംഗ്, മുതലയവ മൂലം രോഗനിർണ്ണയം നടത്താം.

*****

## ചൈത്രം വാർത്തകൾ

'ചൈത്രം' എന്ന ആത്മഹത്യാ പ്രതിരോധ സംഘടനയെ പറ്റി കേട്ടിരിക്കുമല്ലോ. വൈകാരിക പിന്തുണ കാംക്ഷിച്ച് ചൈത്രം സന്ദർശിച്ച അനേകരിൽ ഒരാളെ പറ്റി എഴുതാം.

അവർ ഏകദേശം 25 വയസ്സുള്ള ഒരു പെൺകുട്ടിയാണ്. പലതരം ചിന്താഭാരങ്ങളിൽ പെട്ട് എന്തുചെയ്യണമെന്നറിയാതെ, ആരോട് ചോദിക്കുമെന്ന് അറിയാതെയായിരുന്നു ആ കുട്ടി ചൈത്രത്തിൽ ആഗസ്റ്റ്മാസത്തിൽ എത്തിയത്. ഒറ്റനോട്ടത്തിൽ തന്നെ മാനസിക അസ്വാസ്ഥ്യം പ്രകടമായിരുന്ന അവളിൽ, അടങ്ങിയിരിക്കാൻ കഴിയാത്ത മാനസികാവസ്ഥയുണ്ടെന്നും മായക്കാഴ്ചകൾ (hallucinations) ഉണ്ടാകാറുണ്ടെന്നും ചൈത്രം സുഹൃത്ത് സേവകനോട് (befriender) പറഞ്ഞു. ചിലപ്പോൾ അനിയന്ത്രിതമായ കോപം ഉണ്ടാവാറുണ്ടെന്നും അവൾ പറഞ്ഞു.

അവളുടെ പ്രശ്നങ്ങളുടെ കാരണങ്ങളെ പറ്റിയുള്ള കൂടുതൽ അന്വേഷണത്തിൽ അവളുടെ അച്ഛൻ ആത്മഹത്യ ചെയ്തതായി വെളിപ്പെടുത്തി. മാത്രമല്ല അവൾ വളരെ യാഥാസ്ഥിതികവും, ഉൾവലിഞ്ഞതുമായ (conservative) ഒരു സമൂഹത്തിലെ അംഗമാണ് എന്നും മനസ്സിലാക്കാൻ കഴിഞ്ഞു. വീട്ടിൽ അവളും അമ്മയും മാത്രമാണ് ഉള്ളത്. അവൾക്ക് ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും സമുദായവും അവളുടെ അമ്മയും പെൺകുട്ടികളുടെ സ്വാതന്ത്ര്യം പരിമിതമായിരിക്കണം എന്ന ആശയക്കാർ ആയിരുന്നു. ഇപ്രകാരമുള്ള പശ്ചാത്തലവും, വിലക്കുകളും, അവൾക്ക് ഉണ്ടായിരുന്ന ഭാഗികമായ ബധിരതയും (loss of hearing) അവളെ ഭ്രാന്തിന്റെ വക്കോളം എത്തിച്ചിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അവളുടെ മാനസിക ചികിത്സകൻ (spychitarist) അവൾക്ക് ചില മരുന്നുകൾ prescribe ചെയ്തിട്ടുണ്ട് എന്നും എന്നാൽ ഈയിടെയായി അവൾ മരുന്ന് കഴിക്കാറില്ലെന്നും വെളിപ്പെടുത്തി.

ബന്ധുക്കളോടും സമുദായത്തിലെ മറ്റ് അംഗങ്ങളോടും ആ അമ്മയുടെയും മകളുടെയും നിസ്സഹായാവസ്ഥയെപ്പറ്റി ബോധ്യപ്പെടുത്തി, വിദ്വേഷം വെടിഞ്ഞ് സഹായിക്കാൻ അഭ്യർത്ഥിക്കാം എന്ന് അവർ സമ്മതിച്ചു. അവൾക്ക് ശ്രവണ വൈകല്യമുള്ളവർക്കുള്ള ഒരു വിദേശ കോളേജിൽ പഠിക്കണം എന്ന് പറയുകയും അതിനു ശ്രമിക്കാനുള്ള ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. ഭാവിയിൽ ഇനിയും ചൈത്രം സന്ദർശിക്കുവാൻ ആഗ്രഹവും അവൾ പ്രകടിപ്പിച്ചു.

# എന്റെ അമ്മയുടെ കഥ, എന്റെയും

പ്രീത ജയകുമാർ - 8319638274

(തുടർച്ച)

അമ്മ സ്കൂൾ വിട്ടു വന്നാൽ പിന്നെ അമ്മയുടെ കൂടെ കുളത്തിൽ പോകും ദിവസേന രാവിലെ കുളിക്കാൻ പോയിരുന്നതും കുളത്തിൽ തന്നെ.ആ കുളിക്കാൻ പോക്കിനൊരു പ്രത്യേക സുഖമുണ്ടായിരുന്നു. നാട്ടിലെ പെണ്ണുങ്ങളെല്ലാം ഒരു മാനസികോല്ലാസത്തിനാണ് കുളത്തിൽ കുളിക്കാൻ വന്നിരുന്നതെന്നു അന്നേ ഞാൻ മനസ്സിലാക്കിയിരുന്നു. വിഴുപ്പലക്കുന്നതിനോടൊപ്പം പരസ്പരം പരദൂഷണം പറഞ്ഞു അവർ തങ്ങളുടെ മനസ്സിലെ മാലിന്യങ്ങളും നീക്കി. കുളികഴിഞ്ഞു വരുമ്പോൾ മനസ്സും ശരീരവും ഒരുപോലെ ശുദ്ധമായിടുണ്ടാവും. ശുദ്ധിയുടെ ആ ദിനങ്ങൾ എന്നും മനസ്സിൽ കുളിർമഴ കോരിച്ചൊരിയും.അത്തരം കുളികളിലൂടെ ഞാൻ പതിയെ നീന്തലും സ്വായത്തമാക്കി. അമ്മ തന്നെ ആ ദൗത്യവും നിറവേറ്റി.

അന്നത്തെ കുളക്കടവിലെ പെണ്ണുങ്ങളാരും ഇന്നില്ല. വീടുകളിൽ കുളിമുറിയുടെ ആവിഷ്ക്കാരം പെണ്ണുങ്ങളെ കുളത്തിൽ നിന്നകറ്റി.

ഇന്ന് മാനസികോല്ലാസത്തിനു വേണ്ടി ഓരോ സ്ഥാപനത്തിലും മെനക്കെട്ടു ചികിത്സ ചെയ്യുന്ന പോലെ സമയവും പണവും പെണ്ണുങ്ങൾ ചെലവഴിക്കുന്നത് കാണുമ്പോൾ, ഒരുകാശുപോലും ചെലവില്ലാതെ നാടിൻപുറത്തുകാർ സ്വച്ഛന്ദവും സുന്ദരവുമായ ഇത്തരം രീതികൾ സ്വയം സൃഷ്ടിച്ചെടുത്തിരുന്നു. ആ നിഷ്കളങ്കതയോടു അളവറ്റ ബഹുമാനം തോന്നുന്ന നിമിഷ ങ്ങളാണവ.

അങ്ങനെയിരിക്കുമ്പോഴാണ് എനിക്ക് തീപൊള്ളലേറ്റത്. ഇന്നും എന്നും മനസ്സിൽ നിന്നും മായാത്ത സംഭവം.

അന്നൊരു ശിവരാത്രിയായിരുന്നു. ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുന്നു. പൊതുവെ എന്റെ കാര്യങ്ങളിൽ അങ്ങേയറ്റം ശ്രദ്ധ പതിപ്പിച്ചിരുന്ന എന്റെ അമ്മയ്ക്ക് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു അത്.രാവിലെ എഴുന്നേറ്റ ഞാൻ, ഏതോ ഒരുൾപ്രേരണയാൽ മുൻവശത്ത് കൂടെ മുറ്റത്തു വരുന്നതിനുപകരം അടുക്കള വശത്തെ വലിയ അടുപ്പിൻകല്ലുകളിൽ ചവുടി മുറ്റത്തിറങ്ങി. എന്റെ ഭാഗ്യദോഷം എന്നു വേണം കരുതാൻ, എന്റെ ചുവട് പിഴച്ച് ആഴമുള്ള ആ അടുപ്പിലേക്ക് ഞാൻ വഴുതി വീണു. തലേന്ന് നെല്ല് വെച്ചിട്ട അടുപ്പായിരുന്നു അത്. വെണ്ണീർ മൂടിയ കനൽക്കട്ടകൾ അപ്പോഴും ജ്വലിക്കുന്നുണ്ടായിരുന്നു. കൊച്ചുകുട്ടിയായ എന്നെ നീറിയെരിയുന്ന ആ കനൽക്കട്ടകൾ അരയോളം പൊതിഞ്ഞു. ഫെബ്രുവരിയിലെ നേരിയ തണുപ്പുള്ള ഒരു പ്രഭാതമായിരുന്നു അത്. എന്റെ അരക്കു താഴെ തീക്കട്ടകൾ ഒട്ടിച്ചേർന്നത് ആദ്യമൊന്നും ഞാൻ അറിഞ്ഞില്ല. മൃദുലമായ തൊലിയും കടന്നു ചൂടു മാംസത്തിലേക്ക് കടന്നപ്പോഴാണ് ഞാൻ പൊള്ളുന്ന സത്യം അറിഞ്ഞത്. കൈകുത്തി വീണത് മൂലം, കൈപ്പടത്തിലും, കൈവെള്ളയിലും കനൽക്കട്ടകൾ പറ്റിപ്പിടിച്ചിരുന്നു.

ഞാൻ വീഴുന്നത് കണ്ടവരാരോ എന്നെ പുറത്തേക്ക് വലിച്ചിട്ട്, തണുത്തവെള്ളം ധാരധാരയായി എന്റെ മേൽ ഒഴിച്ചുകൊണ്ടിരുന്നു. ദേഹമാസകലം പൊള്ളങ്ങൾ പൊന്തി. നീറിപ്പുകയുന്ന വേദന. ഡോക്ടറുടെ പക്കലേക്ക് ആരോ എന്നെ എടുത്തോടി. വയലറ്റ് നിറമുള്ള, മഷിപോലത്തെ മരുന്ന് ദേഹം മുഴുവൻ ചാർത്തി മൂന്നുമാസം ഞാൻ ഒരേ കിടപ്പു കിടന്നു. അന്ന് അമ്മയും, അമ്മമ്മയും രാവും പകലുമില്ലാതെ എന്നെ ശുശ്രൂഷിച്ചു. ദേഹത്തിലെ പൊള്ളലിന്റെ കലകൾ മാറാൻ വർഷങ്ങൾകൊണ്ട് മാറിയെങ്കിലും, അത് മനസ്സിലേൽപ്പിച്ച കലകൾ ഇന്നും മായാതെ കിടക്കുന്നു. എന്റെ ഈ പൊള്ളൽ സംഭവം അമ്മയുടെ മനസ്സിൽ ആഴത്തിൽ മുറി വുണ്ടാക്കി. തന്റെ നോട്ടക്കുറവാണെന്നു

പോലും അവർ സംശയിച്ചിരിക്കണം. ഓരോ ശിവരാത്രിയും  എനിക്ക് ഓരോ പുനർജന്മ ത്തിന്റെ ഓർമകളാണ്.

അഞ്ചാം ക്ലാസ്സുവരെ നാട്ടിലുള്ള സ്ക്കൂളി ൽ പഠനം തുടർന്നു. ഓരോക്ലാസ്സിലും മിടുക്കി യായി മുന്നേറി.എന്റെ പഠിത്തത്തിൽ അതീവ നിഷ്ക്കർഷ പാലിച്ചിരുന്ന അമ്മ എന്നെ ഒരൊറ്റ പ്രവൃത്തി ദിവസം പോലും ക്ലാസ് മുടങ്ങാൻ അനുവദിച്ചിരുന്നില്ല. ഒടുവിൽ വർ ഷാവ സാനം ആ വിദ്യാലയത്തിലെ മൂഴുവൻ വിദ്യാർത്ഥികളിലും വെച്ച് നൂറു ശതമാനം അറ്റൻഡൻസിനുള്ള പുരസ്കാരവും നേടിയാ ണ് ഞാനവിടന്ന് വിട പറഞ്ഞത്.

ഞാൻ അങ്ങേയറ്റം മിടുക്കിയാവണം എന്ന് കരുതി അമ്മ എന്നെ കേരളത്തിലെ തന്നെ പേരുകേട്ട ഒരു വിദ്യാലയത്തിൽ ചേർക്കാൻ തീരുമാനിച്ചു. ബോർഡിങ് സ്ക്കൂൾ ആയി രുന്നു അത്. നാട്ടിൽ നിന്നും ദുരെ ന ഗരത്തിൽ. അവിടെ ചേർന്നാൽ വീട്ടിൽ നിന്നും പോയിവരാനാവില്ല. ഹോസ്റ്റലിൽ താമസിക്കേണ്ടിവരും. അമ്മയെവിട്ട് ദൂരെ തനി യെ താമസിക്കുക, എനിക്കോർക്കാവുന്നതി ലും അപ്പുറത്തായിരുന്നു. എന്നും എന്നെ കു ളിപ്പിക്കാനും, പഠിപ്പിക്കാനും, ഭക്ഷണം കഴി പ്പിക്കാനും ഒക്കെ ഒപ്പം നിന്നിരുന്ന എന്റെ അമ്മയില്ലാതെ എനിക്കൊരു നിമിഷം പോ ലും ജീവിക്കാനാവില്ല.

അമ്മ സ്കൂളിൽ നിന്നും വരാൻ വൈകി യാൽ പോലും വിഷമിക്കുന്ന എനിക്ക്, അമ്മയെ വിട്ട് എങ്ങും പോകാൻ മന സ്സ് വന്നില്ല.ആ ചിറകിന്നടിയിലായിരുന്നു എന്റെ സ്വർഗ്ഗം. കൂടാതെ, അച്ചച്ചനെയും അമ്മമ്മയെയും ഒക്കെ വിട്ടിട്ട് പോകണം എന്നോർത്തപ്പോൾ എന്റെ ഉള്ളു സങ്കടം കൊണ്ട് പിടഞ്ഞു.

അമ്മ സ്കൂളിൽ നിന്ന് വരുന്നത് വരെ പ ടിപ്പുര വാതിലിൽ ആ ഭാഗത്തേക്ക് നോക്കി നിൽക്കുമ്പോൾ, വഴിയിലൂടെ പോകുന്ന പരി ചയക്കാരായ നാട്ടുകാർ സഹതാപപൂർവം പ റയും, അമ്മ ഇപ്പോഴെത്തും , ട്ടോ, കുട്ടീ..'

ദൂരെ അമ്മയുടെ നിഴൽ കണ്ടാൽ മതി, മന സ്സിൽ സന്തോഷം അല തല്ലും. വീട്ടിലെത്തേണ്ട താമസം, അന്നത്തെ ദിവസത്തെ കഥകളും, കാര്യങ്ങളും പറഞ്ഞു കേൾപ്പിക്കലായി പി ന്നെ. ചിലപ്പോൾ അമ്മ എന്തെങ്കിലും പലഹാ രം എനിക്കായി കൈയ്യിൽ കരുതിയിട്ടുണ്ടാ വും. ഉണ്ടയോ, അപ്പമോ, വടയോ അങ്ങനെ എന്തെങ്കിലും. അമ്മയുടെ സ്ക്കൂളിന്റെ മുറ്റത്തു, പടികൾക്കടുത്തായി വലിയൊരു നെ ല്ലിമരമുണ്ടായിരുന്നു. നെല്ലിക്ക ഉണ്ടാകുന്ന കാലമായാൽ വലിയ, ഉരുണ്ട നെല്ലിക്കകൾ ചോറ്റുപാത്രം നിറയെ കൊണ്ടുവരും അമ്മ. മിനുസമുള്ള നെല്ലിക്കകൾ ഉപ്പു ചേർത്ത് ക ഴിക്കുന്നതോർക്കുപ്പോൾ  വായിൽ ഇപ്പോഴും വെള്ളമൂറും.

സ്ക്കൂളിൽ നിന്ന് അമ്മ പാടത്തിന്റെ ഓരം ചേർന്ന് വയൽക്കാറ്റേറ്റ് വരമ്പത്തു കൂടെ നടന്നാണ് വരാറ്. അമ്മയുടെ ആരോ ഗ്യം കാത്തു സൂക്ഷിക്കുന്നതിൽ ഏറെപങ്കു വഹിച്ച ഒരു അഭ്യാസമായിരുന്നു ഈ ന ടത്തം എന്ന് ഇന്നറിയുന്നു. ശുദ്ധവായുവിന്റെ തഴുകലേറ്റ്,  പരന്ന് കിടക്കുന്ന വയലേലകൾ താണ്ടി വരുന്ന അമ്മയെ കാത്ത് എപ്പോഴും വഴിയിൽ ചിലരുണ്ടാവും.

ആ വയലിന്റെ വക്കത്തായിരുന്നു അച്ഛന്റെ വീട. അച്ഛന്റെ ബന്ധുക്കളായ പെങ്ങന്മാർ, അമ്മ ആ വഴി പോകുന്നതും നോക്കി നി ത്യവും കാത്തുനിൽക്കാറുണ്ട്. അമ്മയോട് കുശലം പറയുകയാണ് അവരുടെ വിനോദം. സ്ഥാനം കൊണ്ട് ഏടത്തിയമ്മയാണെങ്കിലും അവരോടൊപ്പം സല്ലപിക്കാൻ അമ്മയ്ക്കും ഇഷ്ടമായിരുന്നു.അപ്പോൾ അമ്മ അവരിലൊ രാളാവും.

ചില സന്ദർഭങ്ങളിൽ അമ്മ എന്നെയും സ്കൂളിൽ കൊണ്ടുപോകാറുണ്ട്. സ്കൂൾ അവധിക്കാലത്താണ് അത് മിക്കവാറും പ തിവ്.അന്നേരങ്ങളിൽ ഞാനും ഇതിനൊക്കെ സാക്ഷിയാകും.പെങ്ങന്മാരെല്ലാം  കല്യാണം കഴിഞ്ഞു അവിടം വിട്ടു പോകുന്നതുവരെ ഈ ചര്യ തുടർന്നിരുന്നു. ഇന്നതോർക്കുമ്പോൾ ഇന്നലെ എന്നതുപോലെ തോന്നുന്നു.

മണ്ണിന്റെ ചുമരുകളുള്ള ആ വീട്ടിൽ എവി ടെയിരുന്നാലും, ഏത് വേനലിലും  തണുപ്പി ന്റെ സുഖമുള്ള വായു ശരീരത്തിൽ നിന്ന് ആത്മാവിലേക്കരിച്ചിറങ്ങും.

(തുടരും)

# ആരാണ് അമ്മ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

*തുടർച്ച*

**കുട്ടികളിൽ കാണുന്ന വൈകല്യങ്ങൾ**

**1. ഭക്ഷണ ക്രമക്കേട്**

ഒരു മനുഷ്യന്റെ ശാരീരികവും മാനസിക വുമായ ആരോഗ്യം കാത്തു സൂക്ഷിക്കേണ്ടത ത്യാവശ്യം തന്നെയാണ്. ഭക്ഷണകാര്യത്തിൽ ഉണ്ടാകുന്ന ചില ക്രമക്കേടുകളെയാണ് ഈ റ്റിംഗ് ഡിസോർഡർ എന്നു പറയുന്നത്. ചി ലർ ധാരാളം ഭക്ഷണം കഴിക്കും. ചിലർ വള രെ കുറച്ച്. ഈ രണ്ടിലും രക്ഷിതാക്കളുടെ ഇടപെടൽ ഉണ്ട്. ചിലപ്പോൾ ആവശ്യമായത് ചിലപ്പോൾ അനാവശ്യമായ ഇടപെടൽ. കുട്ടി ക്ക് തൃപ്തിയാകുമ്പോൾ അതു തീരുമാനിച്ചു മതിയാക്കാനുള്ള അവകാശം അവർക്ക് കൊ ടുക്കണ്ടേ. അമിതവണ്ണവും രക്ഷിതാക്കളുടെ സമ്മർദ്ദവും തമ്മിൽ ബന്ധമുണ്ട്. ഇവിടെ പാരമ്പര്യ ഘടകത്തേ മറക്കുന്നില്ല. കൗമാര പ്രായത്തിൽ സമപ്രായക്കാർ ഒരു പാടു സ്വാ ധീനം ഉണ്ടാക്കുന്നുണ്ട്. വിഷാദം, ആത്മാഭി മാനകുറവ് ഇവയൊക്കെ ഭക്ഷണക്രമക്കേടി നു വഴിതെളിക്കുന്നു. മാധ്യമങ്ങൾ, പരസ്യം, സാമ്പത്തികനില ഫേഷൻ രംഗത്തെ പ്രതിഛായ ഇവയൊക്കെ ഭക്ഷക്രമത്തെ സ്വാധീനിക്കുന്നു. ഇവ ആരോഗ്യ, മാന സിക പ്രശ്നങ്ങൾക്കും വഴി തെളിക്കുന്നു. ഇതിനെ വേണ്ട രീതിയിൽ ചികിത്സിച്ചേ മതിയാകൂ. അനോറെക്സിയാ നെർവോസാ എന്ന വൈകല്യത്തിൽ നിശ്ചിത കലോറിയി ലുള്ള ആഹാരം കഴിക്കുന്നു. ഭാരം കൂടുമൊ യെന്ന ചിന്തയും, ശരീരഭംഗിയേക്കുറിച്ചുള്ള ആകാംക്ഷയും കാരണം ബിൻജ് ഈറ്റിംഗ്, റെസ്ട്രിക്റ്റഡ് ടൈപ്പ് ഇങ്ങനെ വിവിധതരം വൈകല്യങ്ങൾ ഉണ്ടാവുന്നു. ബിൻജു വിഭാഗ ത്തിൽ വളരെ കുറച്ചാഹാരം കഴിക്കുന്നുവെ ങ്കിൽ, പർജിംഗിൽ കഴിച്ചാഹാരം ഛർദ്ദിച്ചു കളയുന്നു. ബുജൂമിയ നെർവോസാ എന്ന വൈകല്യത്തിൽ ധാരാളം ആഹാരം കഴിക്കും. റൂമിനേഷൻ ഡിസോർഡറിൽ ഉത്ക്കണ്ട, ആസിഡ് റിഫ്ലക്സ് തുടങ്ങി പല ശാരീരിക രോഗങ്ങളും കണ്ടുവരുന്നു. ആവശ്യത്തിനു ള്ള പോഷകം ലഭിക്കാത്തതു മൂലം അങ്ങനെ യും പല രോഗങ്ങൾ. പിക്കാ ഈനിംഗ് മാന സിക വ്യതിയാനം തന്നെയാണ്. കാരണം അവർ മണ്ണു, ചോക്കു തുടങ്ങിയവ കഴിക്കും. ഇത്തരം ക്രമക്കേടുകൾ പലപ്പോഴും നിസ്സാ രമായി കരുതും. അങ്ങനെയല്ല, ഇവ ആരം ഭത്തിൽ തന്നെ ചികിത്സിച്ചു ഭേദമാക്കണം. ഇവിടെ രക്ഷകർത്താക്കളുടെ സ്വാധീനം പ്രാധാന്യമർഹിക്കുന്നു.

ഇത്തരം വൈകല്യങ്ങളുടെ കാരണം വ്യ ക്തമായി പറയാൻ സാധിക്കില്ല. ഇവിടെ സ് നേഹമസൃണമായ തടയിടൽ പ്രധാനമാണ്. ഇത്തരം ഭക്ഷണക്രമക്കേടുകൾ ആദ്യമേ തന്നെ ചികിത്സിച്ചില്ലെങ്കിൽ വലിയ പ്രത്യാ ഘാതം ഉണ്ടാകും. ഫാമിലിതെറാപ്പി, മരുന്നു വേണ്ടവർക്ക് മരുന്ന് കൊഗ്നിറ്റീവ് തെറാപ്പി ഇങ്ങനെയുള്ള ചികിത്സാപദ്ധതികൾ സമന്വ യിപ്പിച്ചു ചികിത്സിക്കുന്ന കുട്ടികളുടെ വളർ ച്ചയിൽ പലതരത്തിലുള്ള വൈകല്യങ്ങൾ കാണാനുള്ള സാധ്യതയുണ്ട്. സ്വഭാവവൈ കല്യങ്ങൾ പലതരത്തിലാണ്. പലരിലും പ ല വൈകല്യങ്ങൾ, അവയുടെ പ്രതികരണ ങ്ങൾ ഇവയെല്ലാം വ്യത്യസ്ത രീതിയിലാ ണ്. ആഹാരം കഴിക്കുന്ന രീതിയിൽ വരുന്ന വൈകല്യങ്ങൾ, ഉറക്കം, സംസാരം, പെരു മാറ്റം, സ്വഭാവം, പഠനരീതി വൈകാരിക പ്രശ് നങ്ങൾ, മറ്റുള്ളവരുമായി ചേർന്നു പോകാൻ സാധിക്കുന്നില്ല. ഇങ്ങനെ വൈകല്യങ്ങൾ ധാരാളം.

മറ്റുള്ളവരുടെ അധികാരപരിധിയിൽ അവ കാശങ്ങളിൽ ഇടപെടുക, ഇതു തുടർച്ചയായി ചെയ്യുക, നിയമങ്ങൾ ലംഘിക്കുക, മറ്റുള്ളവ രോടു ക്രൂരമായി പെരുമാറുക, വളർത്തുമൃ

ഗങ്ങളെ ക്രൂരമായി ഉപദ്രവിക്കുക, അന്യരുടെ സാധാനങ്ങൾ എടുത്ത് നശിപ്പിക്കുക, വീട്ടിലും, സ്കൂളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ സ്വഭാവ നിശേഷങ്ങൾ കുട്ടികളിൽ കാണുമ്പോൾ അതവരുടെ കുറുമ്പാണെന്നു പറയുന്നു. അച്ഛനും ചെറുപ്പത്തിൽ ഇങ്ങനെയായിരുന്നുവെന്നു പറഞ്ഞു സമാധാനിക്കുകയാണ് സാധാരണ പതിവ്. ഇതൊന്നും മാനസിക വ്യതിയാനമായി മാറാതിരിക്കുവാനുള്ള മുൻകരുതൽ ഉണ്ടാക്കിയേ പറ്റൂ. ചിലരിൽ അഞ്ചാറു വയസ്സു മുതൽ ഇത്തരം സ്വഭാവ വിശേഷങ്ങൾ കാണും. കൗമാരപ്രായാരംഭം മുതൽ അതായത് 10 വയസു മുതൽ, ചിലരിൽ തെളിഞ്ഞു കാണാം. മറ്റുള്ളവർക്ക് അരോചകമായി തോന്നുന്ന ചില പെരുമാറ്റം, അനുസരണയില്ലായ്മ, കൂടെക്കൂടെ വീടു വിട്ടുപോകുക, മോശം വാക്കുകൾ പറയുക, പഠനകാര്യങ്ങളിൽ പിന്നോക്കം പോകുക തുടങ്ങിയവ കാണുമ്പോൾ തന്നെ മനശാസ്ത്രവിദഗ്ദധരെ കാണുകയെന്നതാണഭികാമ്യം. ഒരിക്കൽ ഒരു കുട്ടിയുമായി അച്ഛൻ വന്നു. മകന്റെ ഇഷ്ടപ്പെട്ട പൂച്ചക്കുട്ടി എപ്പോൾ പാൽ കുടിക്കുമ്പോഴും കരയുന്നു. അദ്ദേഹം മൃഗഡോക്ടരെ കാണാൻ പോയി. അവസാനം അദ്ദേഹത്തിന്റെ സംശയം ശരിയായി പൂച്ചക്ക് പാൽ കൊടുക്കുന്ന പാത്രത്തിൽ കുട്ടി ചെറിയ കൂർത്ത കമ്പി ഇടും. ഫാമിലി തെറാപ്പിയിലൂടെ ഇതു മാറ്റാൻ കഴിഞ്ഞു. കുട്ടികളോടുള്ള മാതാപിതാക്കളുടെ അവഗണന , കൂടാതെ കുട്ടികളെ സഹാനുഭൂതിയും, അനുകമ്പയുമൊന്നും ശീലിപ്പിക്കുന്നുമില്ല. ഒരു പരിധിവരെ കുറ്റബോധവും വേണം. ഇപ്പോൾ പല കുട്ടികളിലും ചെയ്തകുറ്റം ഏൽക്കാനോ, തെറ്റായിയെന്നു പറയാനോ മടിയാണ്. ജൈവശാസ്ത്രപരമായ പലഘടകങ്ങളും, ചുറ്റുപാടും, കുടുംബപരമായ പലഘടകങ്ങളും, സമപ്രായക്കാരുടെ ഇടപെടലും ഇവക്കൊക്കെ കാരണമായേക്കാം. ഇത്തരം ചില കുട്ടികളിൽ പഠനവൈകല്യങ്ങൾ കണ്ടേക്കാം. പരിധിയില്ലാത്ത അച്ചടക്കം കുട്ടികളിൽ പല പ്രശ്നങ്ങളുമുണ്ടാക്കുന്നു. പെരുമാറ്റവൈകല്യങ്ങളുടെ കൂട്ടത്തിൽ നഖം കടിക്കൽ, വിക്ക്, കിടക്കയിൽ മൂത്രമൊഴിക്കുക, തലയിട്ടടിക്കുക തുടങ്ങിയ വ്യതിയാനങ്ങൾ ധാരാളമായി കണ്ടുവരുന്നു. ചിലർ ഇതിലൊക്കെ സമാധാനം കാണുന്നു. കൈകടിച്ചുകൊണ്ടുറങ്ങുന്ന 5 വയസുള്ള കുട്ടികളെ കണ്ടിട്ടില്ലേ. സ്കൂളിലെത്തുമ്പോൾ അവർക്കു കിട്ടുന്നകളിയാക്കലുകൾ പല പ്രശ്നങ്ങളുമുണ്ടാക്കുന്നു. ആറുവയസുകഴിയുമ്പോൾ പല്ലുപോകാൻ തുടങ്ങുമ്പോൾ കൈകടിക്കുന്ന കുട്ടികൾക്കു പല്ലിന്റെ സ്ഥാനമാനത്തിനും കാരണമാകുന്നു. ടെൻഷൻ ഉള്ളപോഴും പഠിക്കുന്നതിന്റെ വേഗത കൂടുമ്പോഴും തലമുടി വലിക്കുന്ന കുട്ടികളുണ്ട്. ഇവിടെ വന്ന ഒരു കുട്ടിയുടെ പുരികത്തിൽ മുടിയില്ല. കഴുത്തിനു പുറകിലും മുൻവശത്തും മുടി കൊഴിഞ്ഞു പോകുന്നതുപോലെ വട്ടത്തിൽ മുടി ഇല്ല. അവർ ഡോക്ടന്മാരെ മാറികണ്ടിട്ടും പ്രയോജനമില്ല. കുട്ടിക്കു ടെൻഷൻ വരുമ്പോൾ മുടി വലിച്ചു പിഴുതെടുക്കുന്ന സ്വഭാവമായിരുന്നു. ഫാമിലിതെറാപ്പിയിലൂടെ കുട്ടിയുടേയും, മാതാപിതാക്കളുടേയും പ്രശ്നം മനസിലാക്കിയപ്പോൾ പെരുമാറ്റം മാറി. കുട്ടികളോടുള്ള അവഗണന, സ്കൂളിൽ ഉള്ള പ്രശ്നം ഇവയൊക്കെ നിയന്ത്രണവിധേയമായപ്പോൾ പ്രശ്നം പരിഹാരം ഉണ്ടായി. ചിലകുട്ടികൾ തലയിലടിക്കുകയോ, തലമുട്ടിക്കുകയോ ചെയ്യും. ഇത് ഒരു തരം ശ്രദ്ധ ക്ഷണിക്കലാണെന്നു മനസിലാക്കണം. പല്ലുകൂട്ടി പിടിച്ചു ശബ്ദം ഉണ്ടാക്കുമ്പോൾ വിരശല്യമെന്നൊക്കെ പറയാതെ എന്താണവന്റെ ആവശ്യം എന്നു മനസിലാക്കണം. അതുപോലെ നഖം കടിക്കലിനു ആകാംക്ഷ ഒരു കാരണമാണ്. പക്ഷേ ചിലർക്ക് ബോറടിക്കുമ്പോൾ ശ്രദ്ധമുഴുവൻ നഖം കടിക്കലിൽ. അവർക്കു സാധാരണ ബോൾ കൊടുക്കുന്നതും നഖം വെട്ടിക്കളിയിപ്പിക്കുന്നതും കണ്ടിട്ടില്ലേ. ഇത് ബോധപൂർവ്വം ചെയ്യുന്നതല്ല. അവർ പല പ്രശ്നങ്ങളേയും നേരിടാതെ ഒരു രക്ഷപെടൽ നടത്തുന്നതാണ്. ഇത്തരം സ്വഭാവവൈകല്യങ്ങളും പെരുമാറ്റവൈകല്യങ്ങളും നേരത്തേ തന്നെ കണ്ടു തിരിച്ചറിഞ്ഞു വേണ്ട മുൻകരുതലും ചികിത്സയും നടത്തേണ്ടതാണ്.

***** (തുടരും)

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

☎ Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ॐ

## 1200 കന്നിമാസ ഫലം.

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) വി



ദ്യാർത്ഥികൾക്ക് മാസം അനുകൂലമായിരിക്കും. വിദേശത്ത് പോയി പഠിക്കുവാൻ ശ്രമിക്കുന്നവർക്ക് പ്രതീക്ഷക്ക് വകയുണ്ട്. വിവാഹിതരാകാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹ സഫലീകരണം ഉണ്ടാകും. വ്യവഹാരങ്ങൾ നടത്തുന്നവർക്ക് പ്രശ്ന പരിഹാരം ലഭിക്കും. ഒക്ടോബർ 7, 8 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ഭഗവതി ,വിഘ്നേശ്വര പ്രീതികരമായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.

(ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി



മകയിരം ആദ്യപകുതി) മംഗള കാര്യങ്ങൾക്ക് വേണ്ടി ധനം ചിലവഴിക്കും. സ്വദേശം വിട്ട് പോകാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂസാഹചര്യം ഉണ്ടാകും. വിവാഹ കാര്യത്തിൽ തീരുമാനം ആകും. ഒക്ടോബർ 9, 10 തിയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതണ് ദുർഗ്ഗാ പ്രീതികരമായ പ്രാർത്ഥനയും ദുർഗ്ഗാ ക്ഷേത്ര ദർശനവും നടത്തുക.

(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). പൊതുവേ അനു



കൂലമായഫലങ്ങൾ പ്രതീക്ഷിക്കാം. വീട് മോടി പിടിപ്പിക്കുവാൻ ധനം ചിലവഴിക്കും. നിയമ വിദ്യാർത്ഥികൾക്ക് ഗുണഫലങ്ങൾ പ്രതീക്ഷിക്കാം. ദമ്പതികൾ തമ്മിലുള്ള കലഹവും അഭിപ്രായ വ്യത്യാസങ്ങളും ഗുരുതരമാകാതെ ശ്രദ്ധിക്കണം. 11, 12, ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ദേവീക്ഷേത്ര ദർശനവും,മന്ത്രജപവും നടത്തുക

(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയി ല്യം)



സർക്കാരിൽ നിന്നും, വസ്തുവകകളിൽ നി ന്നും, മേലധികാരികൾ മുഖനയും ധനലാഭം പ്രതീക്ഷിക്കാം. പൊതുവെ ലൗകീക സുഖങ്ങളോട് ആസക്തി വർദ്ധിക്കും. തൊണ്ട, തോൾ മുതലായ ഭാഗങ്ങളിൽ രോഗസാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. ഒക്ടോബർ 14, 15 ദിവസങ്ങൾ ഗുണഫല സാധ്യത കുറവായതിനാൽ. ആദ്യമായി തുടങ്ങുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഒഴിവാക്കുക. ശാക്തേയ പ്രീതികരമായ വഴിപാടുകൾ നടത്തുന്നത് നല്ലതാണ്.

(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) വസ്തു



വകകളിൽ നിന്നും റിയൽ എസ്റ്റേറ്റിൽ നിന്നും ധന ലാഭം പ്രതീക്ഷിക്കാം. വാക്ക് സമർത്ഥ്യം കൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യും. സഹോദര സ്ഥാനീയർ അനുകൂലമായി പ്രവർത്തിക്കും. സെപ്തംബർ 18, 19 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാ ൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പക്ഷേത്ര ദർശനം നടത്തി സർപ്പപ്രീതികരമായ വഴിപാടുകൾ നടത്തുക.

(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ



പകുതി) വ്യവഹാരങ്ങളിൽ നിന്നും വ്യാപാരത്തിൽ നിന്നും കലാരംഗത്തു നിന്നും ധനലാഭം ഉണ്ടാകും. കുടുംബപരമായും ദാമ്പത്യപരമായും ചില ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. കർമ്മരംഗത്ത് അഭിപ്രായ വ്യത്യാസങ്ങളും കലഹങ്ങളും വർദ്ധിക്കാമെങ്കിലും ഈശ്വരാനുഗ്രഹം കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടും . സെപ്തംബർ 20 , 21 ദിവസങ്ങൾ അഷ്ടമ രാശി നക്ഷത്രങ്ങൾ ആയതിനാൽ ശ്രദ്ധിക്കണം. സർപ്പ പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുക:

തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം



ആദ്യ മൂന്ന് പാദം.) ധനപരമായും കുടുംബ പരമായും ഗുണകരമാകും. ജീവിത പങ്കാളികളിൽ നിന്നും ബിസിനസ്സ് പങ്കാളികളിൽ നിന്നും ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ഉദരസംബന്ധമായ ചില പ്രശ്നങ്ങൾ ഉണ്ടായേക്കാം പാദത്തിന് പുകച്ചിലും വിണ്ടു കീറലും മൂലം അസ്വസ്ഥത തോന്നും. സെപ്തംബർ 23, 24,ദിവസങ്ങൾ പ്രാ യേണ ഗുണം കുറഞ്ഞതായിരിക്കും. . വൈഷ്ണവ ക്ഷേത്ര ദർശനവും മന്ത്രജപവും നടത്തുക.

(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട)



വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഒത്തുവരും. ജിവിത പങ്കാളിക്ക് വേണ്ടി പണം ചിലവഴിക്കും. പൊതുവെ ഗുണദോഷ സമ്മിശ്ര ഫലങ്ങൾ അനുഭവപ്പെടും. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടാകാം. സെപ്തംബർ 25, 26 തിയതികൾ ശുഭകരമല്ല. സർപ്പപ്രീതികരമായ കർമ്മങ്ങളും ലക്ഷ്മി പൂജയും നടത്തുന്നത് അഭിഷ്ടഫലസിദ്ധിക്ക് കാരണമാകും.

(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) സാഹിത്യരംഗത്ത് പ്ര



വർത്തിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും അനുകുല ഫലങ്ങൾ ലഭിക്കും. വ്യവഹാരത്തിൽ നിന്നും വ്യാപാരത്തിൽ നിന്നും ഗുണങ്ങൾ പ്രതീക്ഷിക്കാം. . സെപതംബർ 27, 28 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങൾ ആയതിനാൽ പുതുതായി ആരംഭിക്കുന്ന കാര്യങ്ങൾ ഒഴിവാക്കുന്നത് നല്ലതാണ്.. ഭദ്രകാളി ക്ഷേത്ര ദർശനം നടത്തി യഥാശക്തി വഴിപാടുകൾ നടത്തണം.

(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവി ട്ടം



ആദ്യ. പകുതി) വീട് വാങ്ങുവാനോ, നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സഫലമാകും.കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സ്വസ്ഥത കുറയും. വാഹന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഗുണകരമായിരിക്കും. സെപ്തംബർ 29 , 30 ദിവസങ്ങൾ അനു കൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരമായ ജപവും ദേവീക്ഷേത്ര ദർശനവും നടത്തുന്നത് വിദ്യാ ലാഭത്തിനും സാമ്പത്തിക പ്രശ്നങ്ങൾക്കും ഒരു പരിധി വരെ നല്ലതാണ്.

(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ



മൂന്ന് പാദം) ധനപരമായും വാക്ക് സംബന്ധമായും പ്രതിസന്ധി അനുഭവപ്പെടാൻ സാധ്യത ഉള്ളതിനാൽ ശ്രദ്ധയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യണം. ദൃശ്യ കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. വീട് നവീകരിക്കാൻ സാധിക്കും. ഒക്ടോബർ 2, 3 തിയതികൾ പ്രായേണ ഗുണം കുറയും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും ദേവീപ്രീതരങ്ങളായ വഴിപാടുകളും നടത്തുക.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) വിവാഹത്തിന് വേണ്ടി ശ്രമിക്കുന്നവർക്ക് ആഗ്രഹങ്ങൾ നടക്കും. ധനപരമായി ഗുണപ്രദമാകും. വസ്തു സംബന്ധമായി അഭിപ്രായ വ്യത്യാസം ഉണ്ടാകും. ശിരോരോഗവും വാതസംബന്ധവുമായ പ്രശ്നങ്ങളും അലോസരപെടുത്തും. കാലിന് മരവിപ്പ് അനുഭവപ്പെടാം ഒക്ടോബർ 5, 6 , തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു പ്രീതിയും സർപ്പപ്രീതിയും വരുത്തുക.

*ശുഭമസ്തു ശംഭോമഹാദേവ!*
*എറണാകുളത്തപ്പൻ തുണ!*



# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/175cm, Avittom 1/2 (Makaram), Diploma in Mechanical Engineering, Studying Part-time B.Tech, Govt.Service, Awaiting Divorce, Mob:8078482520, 9446849520

Email:arunachu61@gmail.com
Date of Birth:8-12-1994(3.40AM)
Sishta Dasa: 4-4-19

| | | | | | |
|---|---|---|---|---|---|
| | സ | | കു | മാ | |
| | | ശി | | | |
| | മ | ഗ്രഹനില & അംശകം | | | |
| ര ശു ല മ | ച | | | കു | ഗു |
| ബു | | ര ബു ഗു | ശു സ മാ ല | | ച ശി |

Contact Address:
HARIKUMAR
ANUGRAHA
PUTHENCRUZ.
ERNAKULAM

Nair Boy, 56yrs/185cm, Anizham, M.Tech, General Manager,Awaiting Divorce,Mob:8547521448

Email: jsreevarma@gmail.com
Date of Birth:9-6-1968(7.35pm)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | മ | | ഗു | ല | |
| | മ സ | | ര ശു കു | ബു | മാ |
| | | ഗ്രഹനില & അംശകം | | | ശു ശി |
| സ | മാ | | | ഗു | ച ര |
| ബു | ല | ച | | ശി | കു |

Contact Address:
SMT.JAYSREE VARMA
KERALAPURAM
PUZHAVATHU
CHANGANASSERRY
PIN - 686101

## വരനെ ആവശ്യമുണ്ട്

Nair Girl, 26/ 152cm, Chithira 1/2 (Thulam), BCA, MBA, HR Professional, Pref: Graduate / Diploma, Post Graduate, Professional Mob:8714076830

Email:gopakumarmenon2002@gmail.com
Date of Birth:3-10-1997(10.55am)
Sishta Dasa:Mars 1-11-8

| | | | | | |
|---|---|---|---|---|---|
| | ബു ഗു | | ര ശി | | |
| | മ | | | | |
| മ | ശി | ഗ്രഹനില & അംശകം | | | ശു |
| ല | ഗു | | | സ | |
| | | ശു ല കു | ച മാ | ര ബു | കു |
| | | സ | ച മാ | | |

Contact Address:
MR. GOPAKUMAR MENON
ELAMAKKARA
COCHIN -682026


**www.karayogammangalyam.com**

**എന്ന വെബ്സൈറ്റ് വഴി**
**എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,**
**ഉത്തമ പങ്കാളിയെ കണ്ടെത്തൂ.**

**www.karayogammangalyam.com**
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),

**THOTTEKKATT DIWAN'S MEMORIAL a/c HALLS**

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com




മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (വയനാട്)എറണാകുളം കരയോഗത്തിൽ നിന്ന് 222222/- രൂപ
കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ബഹു: ജില്ലാ കളക്ടർ N. S. K. ഉമേഷ് IAS ന് കൈമാറി.
ദേശീയസേവാഭാരതിക്ക് (വയനാട് ദുരിതാശ്വാസത്തിന്) എറണാകുളം കരയോഗത്തിൽ നിന്നും 55555/- രൂപ
എറണാകുളം യൂണിറ്റ് സെക്രട്ടറി പ്രേംനാഥിന് കൈമാറുന്നു




ഐഎസ്ആർഒ ചെയർമാൻ ഡോ. എസ്. സോമനാഥ് എറണാകുളംകരയോഗത്തിൽ നടത്തിയ സന്ദർശനവേളയിൽ
അദ്ദേഹത്തെ കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) പൊന്നാട അണിയിച്ച് സ്വീകരിക്കുന്നു.



2024 ലെ നവരാത്രി മത്സരങ്ങൾ ജനറൽ സെക്രട്ടറി
പി. രാമചന്ദ്രൻ (വേണു) ഭദ്രദീപം തെളിയിച്ച്
ഉത്ഘാടനം ചെയ്തു.



എറണാകുളം കരയോഗത്തിലെ ജീവകാരുണ്യപ്രവർത്ത
നത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സഹായം നൽകുന്നു.



കർക്കിടകമാസത്തിൽ എറണാകുളം കരയോഗത്തിൽ നടന്ന
മഹാഗണപതിഹോമവും ഭഗവതിസേവ പുജയിൽ നിന്നും..



2024 ആഗസ്റ്റ് 15ന് എറണാകുളം കരയോഗത്തിലും ശ്രീ രുദ്രവിലാസം
യുപി സ്കൂളിലും പതാക ഉയർത്തി.

**DATE OF PUBLICATION: 10-09-2024**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2022-24**
**LICENSE NO. KL/CR/EKM/WPP-7/2022-24**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 16 SEPTEMBER 2024 Issue No.9

## TDM GANGA HALL







**എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്**

ചേന്ദമംഗലം കൈത്തറിയുടെ പുനർജീവനം
എന്ന വിഷയത്തെ കുറിച്ച്
**സംസാരിക്കുന്നത് ശ്രീജിത്ത് ജീവൻ**
**എറണാകുളം ടിഡിഎം ഹാളിൽ 2024 സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച വൈകീട്ട് 5 മണിക്ക്.**

**ഏവർക്കും സ്വാഗതം.**

**ബീം സെപ്റ്റംബർ മാസ പരിപാടി**

**ശ്രീ. ഇ.പി. ശ്രീകുമാറിന്റെ**

# സ്വരം

**നോവലിനെ ആധാരമാക്കിയ സംഗീതശില്പം**
**27-09-2024 വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ**

**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**